لا اله الا الله محمد رسول الله

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**



نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

പുസ്തകം 79
ലക്കം 7
ജൂലായ് 2007
വഫാ 1386
ജ. ആഖിർ - റജബ് 1428



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**



4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

6 **പ്രാർത്ഥനയുടെ തത്ത്വവും സഫലതയും**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ഖുത്വ്ബ**

7 **വീണ്ടും റുശ്ദി**
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് - V

**ലേഖനം**

10 **യുക്തിയും വെളിപാടും**
എം. ആലിക്കോയ

15 **പിതാവിന്റെ മരണവും കുടുംബപ്രശ്നങ്ങളും**
എ. ക്യു. മഹ്ദി

18 **കന്യാമറിയവും കത്തോലിക്കാസമൂഹവും**
മാലിക്ക്, പഴയങ്ങാടി

21 **മരിച്ചവരുടെ ആത്മാക്കളുമായി സമ്പർക്കം സാധ്യമാണോ?**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

25 **യേശു കുരിശിൽ മരിച്ചിട്ടില്ല: ബൈബിളിലെ തെളിവുകൾ**
മൗലവി മുഹമ്മദ് യൂസുഫ്, കരുളായി

30 **ഡോ. മുഫ്തി മുഹമ്മദ് സാദിഖ് (റ)**
അത്താഉൽ മുജീബ് റാശിദ്

33 **സനാഉല്ല മുബാഹലക്ക് തയ്യാറായിട്ടില്ല: മുജാഹിദുകൾ ഒരു സത്യം കൂടി അംഗീകരിക്കുന്നു.**
യാസർ അറഫാത്ത് ആർ.എം

**കുറിപ്പ്**

40 **ലജ്ജാകരം ഈ ഭിന്നത!**

**വാർത്തകൾ.**



Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

Regd. No: 3337/75, Postal Regn. No: KL/CT/108/2006-08. Estd. 1925.
Licensed to Post without Pre-payment. License No: CT/WPP/25/2006-08
**THE SATHYADOOTHAN MONTHLY**

**200 7 July**

**Vol. L XXIX No . 7**
**Price Rs. 12/-**

## ഖുർആനിൽ നിന്ന്

'അല്ലയോ മനുഷ്യരേ, നിങ്ങളെ നാം ആണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിച്ചു, പരസ്പരം ഇടപെടുന്നതിനുള്ള സൗകര്യക്കൂടുതലിന്നുവേണ്ടി. നിങ്ങളെ ഗോത്രങ്ങളും ഉപഗോത്രങ്ങളുമായി തിരിക്കുകയും ചെയ്തു. ദൈവദൃഷ്ടിയിൽ നിങ്ങളിൽ ഏറ്റവും ബഹുമാന്യൻ നിങ്ങളിൽ ഏറ്റവും സാത്വികനാരോ അവനത്രെ. അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനും ആകുന്നു. (49:15)

## നബിവചനം


അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. തിരുനബി (സ) ഇങ്ങനെ അരുൾ ചെയ്തു: 'ഏതൊരാൾ മനുഷ്യരോടു നന്ദി കാണിക്കുന്നില്ലയോ അയാൾ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല.'

(തിർമിദി)

### യുഗശബ്ദം

# സർവൈകദാതാവായ ദൈവം

## വാഗ്ദത്ത മസീഹ് (അ)



ദൈവം തന്റെ അനുഗ്രഹം യാതൊരു ജാതിക്കാർക്കും നല്കാതിരുന്നിട്ടില്ല. ആ സർവൈകദാതാവ് ആര്യാവർത്തത്തിലെ പുരാതനജാതിക്കാർക്ക് ഏതെല്ലാം ശക്തികളും ബോധനങ്ങളും നൽകിയോ ആ വക ശക്തികളെല്ലാം അവൻ അറബികൾക്കും പാർസികൾക്കും സിറിയക്കാർക്കും ചൈനക്കാർക്കും ജപ്പാൻകാർക്കും യൂറോപ്യന്മാർക്കും അമേരിക്കക്കാർക്കും നൽകിയിട്ടുണ്ട്. ദൈവത്തിന്റെ ഭൂമി ഒരു വിരിപ്പെന്നപോലെ ഇവർക്കെല്ലാവർക്കും ഉപകരിക്കുന്നു. ദൈവത്തിന്റെ സർവ്വവ്യാപകമായ ഈ പരിപാലന സമ്പ്രദായങ്ങൾ നമ്മെ ഉൽബോധിപ്പിക്കുന്നത്, നാമും മനുഷ്യർക്ക് പൊതുവെ നന്മ ചെയ്യുകയും കടുപ്പമായ മനോഭാവം കാണിക്കാതെ നമ്മുടെ അനുകമ്പയെ വിസ്തൃതമാക്കുകയും വേണമെന്നാണ്.

***(പൈഗാമെ സുൽഹ്)***

മുഖക്കുറിപ്പ്

# മാനവസമത

മാനവ സമത എക്കാലത്തും ഒരു ആദർശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ആദർശവും യാഥാർത്ഥ്യവും തമ്മിലുള്ള വൈരുദ്ധ്യത്തെപ്പറ്റിയാണ് ചരിത്രം നമ്മോട് പറയുന്നത്. മർദ്ദകരും മർദ്ദിതരും, വെളുത്തവരും കറുത്തവരും, ജന്മിമാരും കുടിയാന്മാരും, ധനവാന്മാരും ദരിദ്രരും ആയി അസമത്വത്തിന്റേയും വൈരുദ്ധ്യങ്ങളുടേയും നിരവധി ശൃംഗങ്ങളും ഗർത്തങ്ങളും ചരിത്രത്തിൽ കാണാം. മാനവസമത മനുഷ്യന് സാക്ഷാത്കരിക്കാൻ കഴിയാത്ത ഒരു വ്യാമോഹം മാത്രമാണോ?

അസമത്വങ്ങളെ സാമൂഹിക തത്ത്വങ്ങളുടെ ബലത്തിൽ അധികാരമുപയോഗിച്ചു സമീകരിക്കാൻ ശ്രമിച്ചവർ ചരിത്രത്തിൽ പരാജയപ്പെട്ടതായാണ് കാണുന്നത്. ബലപ്രയോഗമായിരുന്നു അവർ സ്വീകരിച്ച രീതി. മനുഷ്യസമത്വത്തെപ്പറ്റിയുള്ള ആദർശസൂക്തങ്ങളുടെ മാസ്മരികതയിൽ വികാരവിജ്രംഭിതരായ അവർ മാനവസമതക്ക് വേണ്ടി രക്തപ്പുഴകളൊഴുക്കി. എന്നാൽ, മനുഷ്യനെ അസമത്വത്തിന്റെ മരുഭൂമിയിൽ നിർത്തി 'മാനവസമത' എന്ന സങ്കല്പം മരീചിക പോലെ അകലുകയായിരുന്നു. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റേയും ഫ്രഞ്ച് വിപ്ലവത്തിന്റേയും, കമ്യൂണിസ്റ്റ് വിപ്ലവങ്ങളുടേയും ബാക്കിപത്രം ഇത് വ്യക്തമാക്കുന്നു.

'അദ്ധ്യാത്മികമായി ഉന്നതി പ്രാപിച്ച ഒരു സമൂഹത്തിനേ മാനവസമത ഫലപ്രദമായി സാക്ഷാത്കരിക്കാനാവൂ. മുനയും കോണും ചെത്തിമിനുക്കുന്ന സ്ഥൂലവും കേവലവുമായ ഒരു അധികാര രാഷ്ട്രീയ പ്രക്രിയയല്ല മാനവസമത. ധാർമ്മികവും അദ്ധ്യാത്മികവുമായ ചില ബോധ്യങ്ങളുടെ പ്രഭാവത്താൽ സംജാതമാകുന്ന സാംസ്കാരികഭാവമാണത്. റസൂൽ തിരുമേനി(സ)യാണ് ലോകത്തിന് മാനവസമതയുടെ യഥാർത്ഥ രൂപം അഭ്യസിപ്പിച്ചതും സാക്ഷാത്കരിച്ചതും. മനുഷ്യസമുദായത്തെ ***'ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധികൾ'*** എന്ന് വിശേഷിപ്പിച്ച വിശുദ്ധ ഖുർആന്റെ ഒരു പ്രഖ്യാപനം നോക്കുക: ***'അല്ലയോ മനുഷ്യരെ, നിങ്ങളെ നാം ആണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിച്ചു. പരസ്പരം ഇടപെടുന്നതിനുള്ള സൗകര്യക്കൂടുതലിന്നുവേണ്ടി. നിങ്ങളെ ഗോത്രങ്ങളും ഉപഗോത്രങ്ങളുമായി തിരിക്കുകയും ചെയ്തു. ദൈവദൃഷ്ടിയിൽ നിങ്ങളിൽ ഏറ്റവും ബഹുമാന്യൻ നിങ്ങളിൽ ഏറ്റവും സാത്വികനാരോ അവനത്രെ. അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനും ആകുന്നു.*** (49:15)

റസൂൽ തിരുമേനി അവസാനമായി നിർവ്വഹിച്ച വിടവാങ്ങൽ പ്രസംഗത്തിൽ പറഞ്ഞു: ***'നിങ്ങളെല്ലാവരും ആദമിന്റെ മക്കളാണ്. ആദമാകട്ടെ, മണ്ണിൽ നിന്നുള്ളവനും. അതിനാൽ അറബിക്ക് അനറബിയേക്കാൾ ഒരു ശ്രേഷ്ഠതയുമില്ല. അറബിയല്ലാത്തവർക്ക് അറബിയുടെ മേലും ശ്രേഷ്ഠതയില്ല."*** റസൂൽ തിരുമേനി (സ)യുടെ മാതൃകാസമൂഹം ഇത്തരത്തിലുള്ള മാനവസമതയുടെ ഒരു പ്രയുക്തസമൂഹമായിരുന്നു. കറുത്തിരുണ്ട ചുക്കിച്ചുളിഞ്ഞ തൊലിയുള്ള ആഫ്രിക്കൻ നീഗ്രോയായ ഒരടിമയായിരുന്നു ബിലാൽ (റ). ആ ബിലാലിനെ ***സയ്യിദുനാ ബിലാൽ*** (ഞങ്ങളുടെ യജമാനനായ ബിലാൽ) എന്ന് മുസ്ലിം സമുദായത്തെക്കൊണ്ട് വിളിപ്പിക്കാൻ പഠിപ്പിച്ച തിരുമേനി (സ)യുടെ മാനവസമതക്ക് ബദലായി മറ്റൊന്നില്ല.

സക്കാത്ത് എന്ന നിർബന്ധദാനത്തിലൂടെ മൂലധനത്തെ തടിച്ചുകൊഴുക്കാനനുവദിക്കാതെയും ഐഹികദാനങ്ങളെ പരമാവധി പ്രോത്സാഹിപ്പിച്ചും അനന്തരാവകാശ സ്വത്തിനെ ഭാഗം വെച്ചു അംശീകരിച്ച് വിതരണം ചെയ്തും സാമ്പത്തിക സമീകരണത്തിന്റെ ഉജ്ജ്വലമാതൃകകൾ സൃഷ്ടിച്ച റസൂൽ തിരുമേനിയുടെ മാനവസമത, പ്രയോഗിച്ചു വിജയിച്ച ഒരു ചരിത്രയാഥാർത്ഥ്യമാണ്. ലോകം മാനവസമത പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നുവെങ്കിൽ റസൂൽ തിരുമേനി (സ)യിൽ നിന്നും അവിടത്തെ പ്രതിപുരുഷനായ വാഗ്ദത്ത മഹ്ദിയിൽ നിന്നും പഠിക്കാൻ ശ്രമിക്കട്ടെ.

# പ്രാർത്ഥനയുടെ തത്ത്വവും സഫലതയും

## ഹദ്റത്ത് അഹ്മദ് (അ)

ഒരു കാര്യം നാമോർക്കണം. ഭൗതികകാരണങ്ങളുടെ വ്യവസ്ഥക്കുള്ളിൽ വിശുദ്ധ ഖുർആൻ എല്ലാം തന്നെ അടക്കം ചെയ്തിട്ടില്ല. ദൈവത്തിന്റെ സ്വച്ഛമായ ഏകത്വത്തിൽ വിശ്വസിക്കാനാണ് ഖുർആൻ മനുഷ്യരാശിയോടു ആവശ്യപ്പെടുന്നത്. മിക്ക ആളുകളും പ്രാർഥനയുടെ യാഥാർഥ്യം ഗ്രഹിക്കുന്നില്ല. പ്രാർത്ഥനയും ദൈവികവിധിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി അവർക്ക് യാതൊരു ധാരണയുമില്ല. പ്രാർത്ഥനയിൽ ശരണം തേടുന്നവർക്ക് അല്ലാഹു വഴികൾ തുറക്കുന്നു. പ്രാർത്ഥനയും ദൈവികവിധിയും പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്നു. രണ്ടിനും ദൈവം അതാതിന്റെ സമയം നിർണ്ണയിച്ചിട്ടുണ്ട്. അവന്റെ കരുണാകടാക്ഷം നമ്മോടു ആവശ്യപ്പെടുന്നത്: ***'നിങ്ങൾ എന്നെ വിളിച്ചു പ്രാർത്ഥിക്കുക ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും'*** (40:61) അതുകൊണ്ടാണ് ഞാൻ എപ്പോഴും പറഞ്ഞുവരുന്നത്. മുസ്ലിംകളുടെ ദൈവം എല്ലായ്പ്പോഴും അവരുടെ അർത്ഥനകൾക്ക് ഉത്തരം നൽകിക്കൊണ്ടിരിക്കും. ഒരു കണിക പോലും സൃഷ്ടിക്കാത്തവനും, ജൂതരുടെ പീഡനമേറ്റ് മൃത്യുവരിച്ചവനുമായ ഒരു ദൈവം എങ്ങനെ പ്രാർത്ഥനക്ക് ഉത്തരം നൽകും?

പ്രാർത്ഥനക്കും ദൈവികവിധിക്കും തമ്മിൽ അടുത്ത ബന്ധമുണ്ട്. ആസന്നമായ വിധിയെ പ്രാർത്ഥനകൾ തട്ടിമാറ്റുന്നു. തീർച്ചയായും പ്രയാസങ്ങൾക്ക് മുമ്പിൽ പ്രാർത്ഥന ഏറ്റവും ഫലപ്രദമായ ഒരായുധമാണ്. പ്രാർത്ഥനയുടെ ശക്തി അംഗീകരിക്കാത്തയാൾ ഒരു തെറ്റിദ്ധാരണയിൽ അകപ്പെട്ടിരിക്കുകയാണ്. വിശുദ്ധ ഖുർആൻ പ്രാർത്ഥനയുടെ രണ്ട് വശങ്ങളെപ്പറ്റി പറയുന്നു. ഒരു ഭാഗത്ത് ദൈവം തന്റെ ഇച്ഛ നടപ്പാക്കുന്നു. മറ്റൊരു വശത്ത് തന്റെ ദാസന്റെ പ്രാർത്ഥനകളോടു പ്രതികരിക്കുന്നു. ഒരു ഖുർആനിക വചനത്തിൽ ***'അല്പമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം, എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്.*** (2:156)' എന്ന് കാണാം. വിധിയോട് കീഴ് വണക്കം കാണിക്കാൻ ദൈവം മനുഷ്യനോടു ആവശ്യപ്പെടുന്നു. അതിനർത്ഥം. ദൈവവിധിയോട് മനുഷ്യന്റെ പ്രതികരണം ***'ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരും അല്ലാഹുവിലേക്ക് തന്നെ മടങ്ങുന്നവരുമാകുന്നു'*** (2:156) എന്നതാണ്. ദൈവത്തിന്റെ ഔദാര്യത്തിന്റേയും കാരുണ്യത്തിന്റേയും തിരമാലകളുടെ വേലിയേറ്റ സമയത്തെപ്പറ്റി ഇപ്രകാരം സൂചിപ്പിച്ചിരിക്കുന്നു: 'നിങ്ങൾ എന്നെ വിളിച്ചു പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. (40:61). ഒരു വിശ്വാസിക്ക് ഈ രണ്ട് സംഗതികളെക്കുറിച്ചും ബോധമുണ്ടായിരിക്കണം. പ്രാർത്ഥന നടത്തേണ്ട യഥാർത്ഥ സമയത്തേയും സന്ദർഭത്തേയും പറ്റി തിരിച്ചറിയാത്ത ഒരു വിശ്വാസിയുടെ ദൈവ സമർപ്പണം പരിപൂർണ്ണമാവില്ല എന്ന് സൂഫികൾ പറയുന്നു. തങ്ങൾക്ക് പ്രാർത്ഥനയുടെ സമയം തിരിച്ചറിയുന്നത് വരെ സൂഫികൾ അത് സംബന്ധിച്ച് പ്രാർത്ഥനകൾ നടത്താറില്ല.

സയ്യിദ് അബ്ദുൽ ഖാദിർ ജീലാനി (റ) പറയുന്നു: 'നിർഭാഗ്യവാൻ പ്രാർത്ഥനയിലൂടെ സൗഭാഗ്യവാനായി ത്തീരുന്നു. കേവലമായ ദൈവികവിധിക്ക് സമാനമായ അതിനിഗൂഢമായ കാര്യങ്ങൾ പോലും പ്രാർത്ഥനയിലൂടെ സ്വാധീനിക്കപ്പെടുമെന്ന് വരെ അദ്ദേഹത്തിന്ന് ബോധ്യം വരികയുണ്ടായി.

ചുരുക്കത്തിൽ പ്രാർത്ഥനയുമായി ബന്ധപ്പെട്ട് നാം എപ്പോഴും ഓർമ്മിക്കേണ്ട ഒരു കാര്യം, സർവ്വശക്തനായ ദൈവം തന്റെ ഇച്ഛകൾക്ക് മനുഷ്യൻ വഴങ്ങണമെന്ന് ആവശ്യപ്പെടുന്നു എന്നതാണ്. ചിലപ്പോൾ അവൻ തന്റെ ദാസന്റെ പ്രാർത്ഥനകൾ അനുവദിക്കുകയും ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ ദൈവം അവന്റെ ദാസനെ ഒരു സ്നേഹിതനെപ്പോലെ കണക്കാക്കുന്നു. റസൂൽ തിരുമേനി (സ)യുടെ പ്രാർത്ഥനകൾ ദൈവം വിപുലമായ തോതിൽ സ്വീകരിക്കുകയുണ്ടായി. ഇതിന്ന് സമാന്തരമായി ദൈവത്തിന്റെ ഇച്ഛക്ക് അനുസൃതമായി റസൂൽ തിരുമേനി നിലകൊള്ളുകയും ദൈവേച്ഛ വളരെ സംതൃപ്ത

*(ശേഷം 9-ാം പേജിൽ)*

ഖുത്ബ

# വീണ്ടും റുശ്ദി

മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ്)

## സൽമാൻ റുശ്ദിക്ക് 'നൈറ്റ്' പദവി ലഭിച്ചതിനെ തുടർന്നുണ്ടായ സാഹചര്യങ്ങളോട് അഹ്മദിയ്യാ ഖലീഫ പ്രതികരിക്കുന്നു

ഇപ്പോൾ റുശ്ദിയെസ്സംബന്ധിച്ച് വലിയ കോലാഹലം നടക്കുകയാണ്. ഇത്തരം നിർമതവാദികൾക്കും ആരെങ്കിലുമൊക്കെ ആരാധ്യരായിട്ടുണ്ടാകും. ലോകത്തുള്ള ഏതെങ്കിലും സംഘടനയേയോ, ഉന്നതരായ വ്യക്തികളേയോ, ഏതെങ്കിലും ഭരണകൂടത്തേയോ അവർ ആരാധ്യരാക്കി വെച്ചിട്ടുണ്ടാകും. അല്ലാഹു അവർക്കായി ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്. നമ്മൾ അടിച്ചുതകർക്കാനും ചാവേർ ആക്രമണം അനുവദനീയമാണെന്നു പറയാനും ഇന്ന രീതിയിൽ പ്രതികരിക്കണമെന്ന് പ്രഖ്യാപിക്കാനും മുതിരുമ്പോൾ ഇസ്‌ലാമിന്റെ ഉൽക്കൃഷ്ടമായ ധാർമ്മികത തെറ്റായി ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തെറ്റായ ചിത്രം അവതരിപ്പിക്കുന്നുവെന്നതല്ലാതെ ഒന്നും നമുക്ക് ലഭിക്കുകയില്ല. അല്ലെങ്കിൽ അടിച്ചുതകർക്കുമ്പോൾ സ്വന്തം നഷ്ടം വരുത്തിവയ്ക്കുകയായിരിക്കും. അയാൾ ഇസ്‌ലാമിന്നെതിരിൽ പറഞ്ഞിട്ടുള്ള വിടുവായത്തം നബി(സ)ക്കെതിരിൽ എന്നല്ല, മലക്കുകൾക്കും അല്ലാഹുവിന്നുമെതിരിൽ പറഞ്ഞിട്ടുള്ള വിടുവായത്തം, അത് വർഷങ്ങൾക്കുമുമ്പേ ഉണ്ടായിരുന്നതാണ്. ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ അയാളുടെ ഈ പ്രവർത്തനം കൊണ്ടോ മറ്റെന്തെങ്കിലും കാരണത്താലോ ഏതെങ്കിലും ഭരണകൂടം മുസ്‌ലിംകളുടെ വികാരത്തെ മാനിക്കാതെ അയാൾക്ക് എന്തെങ്കിലും അവാർഡ് കൊടുക്കുകയോ, ബഹുമതി നല്കുകയോ ചെയ്യുന്നുവെങ്കിൽ, ആ എല്ലാ കാര്യങ്ങളും അല്ലാഹുവമായി ബന്ധപ്പെട്ടതാണ്. താൻ അവനെ ഒതുക്കിക്കൊള്ളുമെന്ന് അല്ലാഹു പറയുന്നു. ഇതിന്റെ അർത്ഥം യൂറോപ്പിൽ, മാന്യത തികച്ചും നഷ്ടപ്പെട്ടിരിക്കുന്നു എന്നല്ല. മാന്യന്മാരാരും യൂറോപ്പിൽ ഇല്ലെന്നുമല്ല. ഒരുപാടാളുകൾ ഇവിടെയും ഇംഗ്ലണ്ടിലും ഇതിനെ വിമർശിച്ചിട്ടുണ്ട്. പാർലമെൻറംഗങ്ങളും വിമർശിച്ചിട്ടുണ്ട്. ഇയാൾക്ക് നല്കിയിരിക്കുന്ന 'നൈറ്റ്' ബഹുമതി ലോകത്തിലെ സമാധാനവും ശാന്തിയും നശിപ്പിക്കുമെന്നല്ലാതെ ഒരു നേട്ടവും ഉണ്ടാക്കുകയില്ല. ഒരുദ്ദേശ്യവും ഇതുകൊണ്ട് പൂർത്തിയാകുകയുമില്ല. ഇപ്രകാരം തന്നെ ഇയാൾ ഈ ഗ്രന്ഥം കുറേ നാൾ മുമ്പേ എഴുതിയപ്പോൾ – അവളെക്കൊണ്ട് ഈ ഗ്രന്ഥം എഴുതിച്ചതാണെന്ന് ഇപ്പോൾ തെളിഞ്ഞുകൊണ്ടിരിക്കുകയാണ് – ഇവിടുത്തെ നിരൂപകന്മാർ അതിനെ നിരൂപണം ചെയ്തിരുന്നു. ഇതിനു പിന്നിൽ ആരുടേയോ കൈയുണ്ടെന്ന് അവർ പറഞ്ഞിരുന്നു. ഇയാൾ തനിച്ചല്ല, ഇസ്‌ലാമിന്നെതിരിലുള്ള ഒരു വലിയ പദ്ധതിയാണിത്; ഇങ്ങനെയൊക്കെ മുസ്‌ലിംകളെ പ്രകോപിപ്പിക്കുകയെന്നും, എന്നിട്ടതിൽ നിന്ന് നേട്ടമുണ്ടാക്കുക എന്നതുമാണ് ഇവരുടെ തന്ത്രം. അതിനുള്ള അവസരം മുസ്‌ലിംകൾ ഉണ്ടാക്കിക്കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. രണ്ടോ നാലോ ജാഥ നടത്തുന്നതുകൊണ്ടോ പിന്നീട് മൗനം പാലിച്ചിരിക്കുന്നുകൊണ്ടോ ഒരു നേട്ടവും ഉണ്ടാകുകയില്ല. കൊടി കത്തിക്കുന്നതുകൊണ്ടോ, ചിത്രം കത്തിക്കുന്നതുകൊണ്ടോ, കോലം കത്തിക്കുന്നതുകൊണ്ടോ, ജാഥ നടത്തുന്നതുകൊണ്ടോ ഈ പദ്ധതി അവസാനിക്കുകയില്ല. ഇതിൽ നിന്ന് മുസ്‌ലിംകളുദ്ദേശിക്കുന്ന ഫലം നേടുന്നത് അവരായിരിക്കും. അവരുടെ നിലപാടിനെ പിന്തുണയ്ക്കുന്നതായിത്തീരും ഇവരുടെ പ്രവൃത്തി. ഇസ്‌ലാം അങ്ങനെത്തന്നെയുള്ള മതമാണെന്ന് സ്ഥാപിക്കുകയാണ് അവരുടെ ലക്ഷ്യം.

എന്തായാലും, ഇത്തരം പ്രവൃത്തികളോട് യഥാർത്ഥ പ്രതികരണം എന്താണെന്നുവെച്ചാൽ, അതാണ് മുസ്‌ലിംകളിൽ നിന്നുണ്ടാകേണ്ടത്. അത് ലോകത്തിന്റെ വായ സ്വയം അടയുന്നതിനുവേണ്ടി ഇസ്‌ലാമികമായ അധ്യാപനങ്ങൾ ആദ്യത്തേക്കാൾ കൂടുതൽ തങ്ങളിൽ നടപ്പിൽ വരുത്തുക എന്നതാണ്. നബി(സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുക. ഇതു മുഖേന നബി (സ) തിരുമേനിയുടെ സമുദായം ആത്മീയതയിലും

അഭിവൃദ്ധിപ്പെടുന്നവരായിത്തീരും. നബി(സ)യുടെ മാതൃക ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുക. പക്ഷേ, ഇന്ന് ഈ ജോലി ആർക്കെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ അഹ്മദികൾക്കു മാത്രമേ അതിനു സാധിക്കുകയുള്ളൂ. അവർ നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ വിശ്വസിച്ചവരാണ്. ഇന്ന് ആക്ഷേപകർക്ക് മറുപടി പറയാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ, അഹ് മദികൾക്കു മാത്രമേ അതിനു കഴിയുകയുള്ളൂ. ഇന്ന് ഇസ് ലാമിന്റെ മനോഹരമായ അധ്യാപനം ലോകത്തിന് കാണിച്ചുകൊടുക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അത് അഹ് മദികൾക്കു മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇന്ന് അഹ്മദികൾ ആദ്യത്തേക്കാൾ കൂടുതൽ ഇതിനായി പരിശ്രമിക്കുകയെന്നത് അവരുടെ നിർബന്ധകടമയാണ്. ആദ്യത്തേക്കാൾ കൂടുതൽ നബി(സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക.

റുശ്ദി ഈ ഗ്രന്ഥം എഴുതിയ കാലഘട്ടത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) നമ്മുടെ ഹർശദ് അഹ്മദ് സാഹിബിനെക്കൊണ്ട് ഇതിനു മറുപടി എഴുതിച്ചിരുന്നു. ഇതിന്റെ പേര് റുശ്ദി ഹോൺന്റഡ് ബൈ ഹിസ് അൺഹോളി വേഴ്സസ് (Rushdi haunted by his unholy verses) എന്നായിരുന്നു. ഇത് സ്റ്റോക്കുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽതന്നെ വളരെ കുറവേ ഉണ്ടായിരുന്നുള്ളൂ. കുറച്ചു മാറ്റങ്ങളും വരുത്തേണ്ടതുണ്ടായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ചില കാര്യങ്ങൾ അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുത്തിരുന്നു. ആ അധ്യായവും കൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ഞാൻ വീണ്ടും അദ്ദേഹത്തോടു പറഞ്ഞിട്ടുണ്ട്. ഒരു പബ്ലിഷിംഗ് കമ്പനിയാണ് അത് പ്രസിദ്ധീകരിച്ചിരുന്നത്. അവർതന്നെയാണ് അതിന്റെ മാർക്കറ്റിംഗ് നടത്തിയിരുന്നതും. ഇപ്പോൾ ജമാഅത്ത് അത് പ്രസിദ്ധീകരിക്കുകയാണ്. ഇത് എത്രയും വേഗം പ്രസിദ്ധീകരിക്കും. ഇൻശാഅല്ലാഹ്. ഇതിന്റെ ഉർദു തർജമയും കഴിഞ്ഞിരിക്കുന്നു.

ലോകജനത സത്യം മനസ്സിലാക്കുന്നതിനു വേണ്ടി ഇത് വിദ്യാസമ്പന്നർക്ക് പ്രത്യേകം നല്കേണ്ടതാണ്. ഇസ്‌ലാമിന്റെ ഉന്നതമായ സ്വഭാവവൈശിഷ്ട്യത്തെക്കുറിച്ച് മറ്റുള്ളവർക്ക് അറിയിച്ചുകൊടുക്കാൻ കഴിയുന്ന സേവനവും ഇതുതന്നെയാണ്. ലോകത്തിലെ കുഴപ്പങ്ങൾ അവസാനിപ്പിക്കാനുള്ള യഥാർത്ഥ മാർഗ്ഗമേതാണെന്നും അവർക്കറിയാൻ കഴിയും.

ലോകസമാധാനത്തിന്റെ അടിത്തറ നിലകൊള്ളുന്നത് നീതിയിലാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ നിങ്ങളുടെ നീതിയുടെ നിലയെക്കുറിച്ച് പറയുന്നു:

അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന് നിങ്ങളോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ് (5:9)

ഇതിന് വിശദീകരണം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: “ശത്രുജനതയുടെ ശത്രുത, അവരോട് നീതി പാലിക്കുന്നതിൽ നിന്ന് നിങ്ങളെ തടയരുത്. നീതിയിൽ നിലകൊള്ളുക. അതിലാണ് ദൈവഭക്തി. മക്കയിലെ നിഷേധികൾ ചെയ്തതുപോലെ അന്യായമായി നിങ്ങളെ വിഷമിപ്പിക്കുകയും ശല്യം ചെയ്യുകയും രക്തമൊഴുക്കുകയും പിന്നാലെ കൂടുകയും കുട്ടികളേയും സ്ത്രീകളേയും കൊല്ലുകയും യുദ്ധത്തിൽ നിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്ന ജനതയോട് കൊടുക്കൽ വാങ്ങലിൽ നീതിയോടുകൂടി പെരുമാറുക എന്നത് എത്രമാത്രം ദുഷ്ക്കരമായിരിക്കുമെന്ന് ഇപ്പോൾ നിങ്ങൾ അറിഞ്ഞിട്ടുണ്ടാകും. വിശുദ്ധ ഖുർആൻ അത്തരം ജീവശത്രുവിനേയും അവഗണിച്ചുകളഞ്ഞില്ല. അവരോട് നീതിയോടും ന്യായത്തോടുംകൂടി പെരുമാറാൻ വസിയ്യത്ത് ചെയ്തു. ഞാൻ സത്യമായും പറയുന്നു. ശത്രുവിന് വിരുന്നൊരുക്കുക എളുപ്പമാണ്. പക്ഷേ, ശത്രുവിന്റെ അവകാശങ്ങൾ കാത്തുസൂക്ഷിക്കുകയും കേസുകളിൽ നീതിയും ന്യായവും കൈവിടാതിരിക്കുകയും ചെയ്യുക എന്നത് വളരെ ബുദ്ധിമുട്ടുള്ളതും പൗരുഷശാലിയുടെ മാത്രം പ്രവൃത്തിയുമാണ്.”

ശത്രുവിനോടൊപ്പമിരുന്ന് നല്ല നിലയിൽ സംസാരിക്കുക എന്നത് എളുപ്പമാണ്. എന്നാൽ, ശത്രുത തികച്ചും മറക്കുക എന്നത്, അവനോട് നീതിപൂർവ്വം പെരുമാറുക എന്നത് വളരെ ദുഷ്ക്കരമായ കാര്യമാണ്. അത് വളരെ ധൈര്യം വേണ്ട പ്രവൃത്തിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു: “അല്ലാഹു ഈ വചനത്തിൽ സ്നേഹത്തെക്കുറിച്ച് പറഞ്ഞില്ല. മറിച്ച്, സ്നേഹത്തിന്റെ നിലയെക്കുറിച്ചാണ് പറഞ്ഞത്. കാരണം, ആരാണോ തന്റെ ശത്രുജനതയോട് നീതി കാണിക്കുന്നത്, സത്യസന്ധതയോടും ന്യായത്തോടുംകൂടി വിട്ടുവീഴ്ച ചെയ്യുന്നത് അവനു മാത്രമേ സത്യമായ നിലയിൽ സ്നേഹിക്കാൻ കഴിയൂ.”

അതായത്, സ്നേഹിക്കുക എന്ന് അല്ലാഹു പറഞ്ഞില്ല. മറിച്ച് പറഞ്ഞത് നിങ്ങളുടെ സ്നേഹത്തിന്റെ നില ഇതായിരിക്കണമെന്നാണ്. അതായത് കൊടിയ ശത്രുത മക്കയിലെ ജനങ്ങൾ മുസ്‌ലിംകളോടും നബി(സ) തിരുമേനിയോടും കാണിച്ചിട്ടും അവരെ കൊല്ലുകയും അവരോട് അക്രമം ചെയ്യുകും ചെയ്തിട്ടും അത്തരക്കാരോടും നീതിയോടുകൂടി പെരുമാറി. അതുമുഖേന സ്നേഹം വർദ്ധിക്കും. ഈ രീതിയിലാണ് ലോകത്തിന് യഥാർത്ഥത്തിൽ സമാധാനം പകരുന്ന ആ സമാധാന സന്ദേശം എത്തിക്കാൻ കഴിയുന്നത്. ഇതുതന്നെയാണ് ഇസ്‌ലാമിന്റെ സത്യമായ അധ്യാപനം.

സത്യമായ സ്നേഹവും നീതിയിലധിഷ്ഠിതമായ പ്രവർത്തനവും ഉണ്ടാകുമ്പോൾ സമാധാനത്തിന്റെ സന്ദേ

നായ പ്രേമിയുടേയും കാലത്തിന്റെ ഇമാമിന്റേയും പരിചയുടെ പിന്നിൽ വന്ന് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം ലോകത്ത് നടപ്പിൽ വരുത്തുന്നതിന് സഹായിക്കുവന്നവരും തഖ്‌വയിൽ പദമൂന്നുന്നവരുമായ ഭരണകർത്താക്കളും ഉണ്ടാകുമാറാകട്ടെ. ഈ കാര്യം നേടുന്നതിന് ഇന്ന് അഹ്‌മദികളുടെ ജോലി പ്രാർത്ഥനയിൽ മുഴുകുക എന്നതാണ്. അല്ലാഹു നമ്മുടെ പ്രാർത്ഥനകൾ സ്വീകരിക്കുമാറാകട്ടെ. ഈ ലോകത്തെ, സ്നേഹത്തിന്റെയും സന്തോഷത്തിന്റേയും സമാധാനത്തിന്റേയും കളിത്തൊട്ടിലാക്കുമാറാകട്ടെ. എല്ലാ ഓരോരുത്തർക്കും ഏകനും പങ്കുകാരനില്ലാത്തവനുമായ ആ ഒരേയൊരു ആരാധ്യൻ മാത്രമായിത്തീരട്ടെ. അല്ലാഹു അങ്ങനെത്തന്നെ ആക്കിത്തീർക്കട്ടെ. ●

(ഖുത്‌ബ 22-6-07)

ശവും എല്ലായിടത്തും എത്തുന്നതാണ്. നബി(സ) തിരുമേനിയുടെ മാതൃകാപരമായ ജീവിതം ഇതുതന്നെയായിരുന്നു. അത് മക്കാവിജയത്തിന്റെ അവസരത്തിൽ, സത്യനിഷേധികളുടെ വലിയ വലിയ നേതാക്കന്മാരെ ഇസ്‌ലാമിന്റെ മടിത്തട്ടിൽ കൊണ്ടുവന്നിട്ടു. നബി(സ)യുടെ ഈ മാതൃകാപരമായ ജീവിതം ശത്രുക്കൾക്ക് സമാധാനത്തിന്റെ അഭയകേന്ദ്രമായി ത്തീർന്നിരുന്നു. 'ലാ തഥ് രീബ അലയ്ക്കുമുൽ യൗം' എന്ന സന്ദേശം ആ അവസരത്തിൽ സമാധാനത്തിന്റെ സൗന്ദര്യം വിതറിക്കൊണ്ടേപോയി.

ഇതാണ് ആ ചവിട്ടുപടി. ഇതുമായിട്ടാണ് ലോകസമാധാനം ബന്ധപ്പെട്ടിരിക്കുന്നത്. ഇല്ലെങ്കിൽ ലോകത്തിലെ എത്ര വലിയ നീതി ഇഷ്ടപ്പെടുന്ന ഭരണകൂടമായാലും അവർ രാഷ്ട്രീയക്കാരുടെ കൈകളിൽ കളിപ്പാട്ടങ്ങളായിക്കൊണ്ടിരിക്കും. ലോകത്തിന്റെ താക്കോൽ കൈയടക്കിവെച്ചിട്ടുള്ളവരുടെ സംഘടന പറയുന്നതനുസരിച്ച് അവർ ചലിച്ചുകൊണ്ടിരിക്കും. അവർ പ്രത്യക്ഷത്തിൽ ലോകസമാധാനത്തിന്റെ വാദക്കാരാണ്. പക്ഷേ, പ്രവർത്തനപരമായി നോക്കുമ്പോൾ കടലിലും കരയിലും കുഴപ്പങ്ങൾ പടച്ചുവിട്ടിരിക്കുകയാണ്.

ഇതുസംബന്ധമായുള്ള വിശുദ്ധ ഖുർആന്റെ ചില കല്പനകളാണ് ഞാൻ വിവരിച്ചത്. ഇവയിൽ നിന്ന് ആ മനോഹരമായ അധ്യാപനങ്ങളുടെ ചിത്രം നമുക്ക് ലഭിക്കുന്നു. ലോകത്ത് ഇസ്‌ലാമിന്റെ യഥാർത്ഥ ചിത്രം കാണിക്കുന്ന ഭരണകൂടങ്ങൾ സ്ഥാപിതമാകുന്ന ആ ദിനം പെട്ടെന്ന് വരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നബി(സ) തിരുമേനിയുടെ സത്യസന്ധ

---

*(6-ാം പേജിൽ നിന്ന് തുടർച്ച)*

നായി കൈനീട്ടി സ്വീകരിക്കുകയുമുണ്ടായി. റസൂൽ തിരുമേനിക്ക് (സ) പതിനൊന്ന് സന്താനങ്ങൾ നഷ്ടപ്പെട്ടു. പക്ഷേ, ഇതൊന്നും തന്നെ അവിടത്തെ തിരുഹൃദയത്തെ അസ്വസ്ഥമാക്കിയില്ല. (മൽഫൂസാത്ത്)

മനുഷ്യനിൽ നിന്നുണ്ടാകുന്ന കർമ്മങ്ങൾക്കനുസരിച്ച് അതിന്റെ പ്രതികരണങ്ങൾ നൽകുക എന്നത് അല്ലാഹുവിന്റെ ഒരു രീതിയാണ്. ഉദാഹരണത്തിന് നാം എല്ലാ വാതായനങ്ങളും അടച്ചിടുകയാണെങ്കിൽ അതിന്റെ ഫലമായി നമ്മുടെ മുറി ഇരുട്ടാവുന്നു. നമ്മുടെ കർമ്മത്തിന് സർവ്വശക്തനായ ദൈവത്തിൽ നിന്നും പ്രകടമായ ഒരു ഫലമാണിത്. ഇത് ദൈവത്തിന്റെ സനാതന നിയമമാകുന്നു. അപ്രകാരം നാം വിഷം അപകടകരമായ തോതിൽ കഴിക്കുകയാണെങ്കിൽ തീർച്ചയായും അത് നമ്മുടെ ഭാഗത്തുനിന്നുണ്ടാവുന്ന പ്രവൃത്തിയാവുന്നു. അതിനെത്തുടർന്ന് നമ്മുടെ മരണമുണ്ടാവുന്നു. ഇത് അവന്റെ സനാതന നിയമനുസരിച്ച് തുടർന്ന് സംഭവിക്കുന്നതാണ്. അതായത് നമ്മുടെ ഏതൊരു പ്രവൃത്തിക്കും ദൈവത്തിന്റെ പക്കൽ നിന്നൊരു പ്രതിപ്രവർത്തനമുണ്ടാകുന്നു. അത് നമ്മുടെ പ്രവർത്തനത്തിന് ശേഷമുണ്ടാകുന്ന അനിവാര്യമായ ഫലമാണ്. ഈയൊരു പ്രവർത്തനം പ്രത്യക്ഷമായും പരോക്ഷമായും സംഭവിക്കുന്നു. നമ്മുടെ നല്ലതോ ചീത്തയോ ആയ ഏതൊരു പ്രവർത്തനത്തിനും അതിന്റെ നിർവ്വഹണത്തിനുശേഷം ഒരു ഫലം പ്രത്യക്ഷപ്പെടുന്നു. ഖുർആനിലെ ഒരു വചനത്തിന്റെ അർത്ഥം ***"അല്ലാഹു അവരുടെ ഹൃദയത്തിന് മുദ്രവെച്ചിരിക്കുന്നു"*** (2:8) ഒരു മനുഷ്യൻ തിന്മപ്രവർത്തിക്കുമ്പോൾ അതിന്റെ ഫലം അയാളുടെ ഹൃദയത്തിലും മുഖത്തും പ്രകടമാവുന്നു. ഇതേ അർത്ഥം തന്നെയാണ് ഈ ഖുർആനിക വചനത്തിന്നുമുള്ളത്. ***'അങ്ങനെ അവർ വക്രത കൈകൊണ്ടപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ വക്രമാക്കിക്കളഞ്ഞു'*** (61:6). അതായത് സത്യമാർഗ്ഗത്തിൽ നിന്നും അവർ വ്യതിചലിച്ചപ്പോൾ അതിന്റെ അനിവാര്യമായ ഫലം എന്ന നിലക്ക് ദൈവവും അവരുടെ ഹൃദയത്തെ മാറ്റിക്കളഞ്ഞു എന്ന് പറയാം. അവരുടെ ശത്രുത കാരണം ദൈവം അവരിൽ ഒരു പരിവർത്തനമുണ്ടാക്കി അവർ അങ്ങേയറ്റം മോശമായി. അവരുടെ ശത്രുതയുടെ വിഷം അവരുടെ പ്രകൃത്യായുള്ള പ്രകാശത്തെ കെടുത്തിക്കളയുകയാണുണ്ടായത് (കിത്താബുൽ ബരിയ്യ: പേ. 47). ●

## പ്രവാചകന്മാരും ജനങ്ങളും

അവരുടെ അടുക്കൽ അവർ ആഗ്രഹിച്ചിട്ടില്ലാത്തതുംകൊണ്ട് പ്രവാചകന്മാർ വന്നപ്പോഴെല്ലാം ചിലരെ അവർ കപടവാദികളെന്നു വെച്ചു നിരസിച്ചു. ചിലരെ അവർ കൊല്ലുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. (5:70)

ലേഖനം

# യുക്തിയും വെളിപാടും

എം. ആലിക്കോയ

**മനുഷ്യൻ സ്ഥൂലപ്രപഞ്ചത്തെ മനസ്സിലാക്കാനുപയോഗിക്കുന്ന രണ്ട് ഉപകരണങ്ങൾ യുക്തിചിന്തയും ശാസ്ത്രവും. അതിന്റെ രീതിയും മാനദണ്ഡങ്ങളും മനുഷ്യൻ തന്നെ ആവിഷ്കരിച്ചതാണ്. യുക്തിചിന്തയും ശാസ്ത്രവും കൊണ്ട് പൂർണമായി വിശദീകരിക്കാനും വിശകലനം ചെയ്യാനും കഴിയാത്ത ഏതൊന്നിനെയും മനുഷ്യൻ അസംഭാവ്യമെന്നും അന്ധവിശ്വാസമെന്നും മുദ്രയടിക്കുന്നു.**

**ഫോ**സിൽ പഠന വിദഗ്ധർ ദിനോസറുകളുടെ ഫോസിലുകൾ കണ്ടെത്താത്തിടത്തോളം കാലം ഒരു ഭൗതികവാദിയും അങ്ങനെയൊരു ജീവി ഉണ്ടായിരുന്നതായി സമ്മതിച്ചു തരില്ല. ഇലക്ട്രോണുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് മുമ്പ് ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിവര വിനിമയ സാധ്യതകളെപ്പറ്റി ആർക്കെങ്കിലും ഊഹിക്കുവാൻ സാധിക്കുമായിരുന്നോ? വാസ്തവത്തിൽ ശാസ്ത്ര വും യുക്തിചിന്തയും മുൻകൂട്ടി സത്യാപനം ചെയ്യപ്പെട്ട ഒരു വ്യവസ്ഥയും മുന്നോട്ടുവെക്കുന്നില്ല. അവയ്ക്ക് അവയുടേതായ അതിരുകളുണ്ട്. പ്രകൃതിയിൽ അനന്തമായി പ്രാവർത്തികമാകുന്ന വിഭിന്ന നിയമങ്ങൾ ഉൾക്കൊള്ളാൻ ശക്തിയില്ലാത്ത ജ്ഞാനോപകരണങ്ങളാണ് മനുഷ്യൻ ആവിഷ്കരിച്ചിട്ടുള്ള യുക്തിയും ശാസ്ത്രവും. ഒരു ശാസ്ത്രീയ സത്യത്തെ യുക്തിഭദ്രമാക്കാൻ പരിശ്രമിക്കുന്ന നിമിഷത്തിൽ തന്നെ അതിന്റെ സാധുതയെക്കുറിച്ചുള്ള സംശയവും നമ്മിൽ അത് ജനിപ്പിക്കുന്നു. പ്രകൃതിയുടെയും ആത്യന്തിക നിയമങ്ങൾ നിർവ്വചിക്കുന്നതിൽ ശാസ്ത്രത്തിന് അതിന്റേതായ പരിമിതികളുണ്ട്. ആയതിനാൽ സത്യം ശാസ്ത്രത്തിനും യുക്തിക്കുമപ്പുറത്താണെന്ന് പറയേണ്ടിയിരിക്കുന്നു.

മനുഷ്യന്റെ ജൈവ പ്രകൃതി വ്യത്യസ്തങ്ങളാണ്. അത്കൊണ്ട് തന്നെ ഒരേ വസ്തുവോ പ്രതിഭാസമോ സംവേദകന്റെ ബോധമണ്ഡലത്തിൽ വിഭിന്ന ജ്ഞാനങ്ങളാണ് അത് സംബന്ധിച്ച് ഉത്പാദിപ്പിക്കുന്നത് എന്ന് സന്ദേഹവാഹികൾ പറയുന്നു. ഇന്ദ്രിയാനുഭവങ്ങളും അതുവഴി സംജാതമാകുന്ന ചിന്തയും സ്വയം തന്നെ ആത്മനിഷ്ഠാപരവും, ഏതനീയത്വമുള്ളതുമല്ലെങ്കിൽ പിന്നെ തർക്കശാസ്ത്രത്തിൽ അവയുടെ പ്രസക്തി സംശയ ഗ്രസ്തമാണെന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു.

ചരിത്രത്തിൽ നിലനിന്നുവരുന്ന ദൈവത്തെപ്പറ്റിയുള്ള സങ്കൽപങ്ങൾ വളരെ സങ്കീർണവും വൈവിധ്യമുള്ളതുമത്രെ. അതുകൊണ്ട് തന്നെ മതത്തിന്റെ ഉത്ഭവം തേടിപ്പോയ നരവംശശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങളും വ്യത്യസ്തങ്ങളാണ്. ചിലർ പറയുന്നത് മനുഷ്യനെ ഈശ്വരപദവിയിൽ അവരോധിച്ചുകൊണ്ടാണ് ദൈവമെന്ന ആശയം ആരംഭിച്ചതെന്നാണ്. മറ്റുചിലരുടെ അഭിപ്രായപ്രകാരം മതം മാന്ത്രിക വിദ്യയിൽ നിന്നു പ്രാദുർഭവിച്ചതാണെന്നാണ്. എല്ലാറ്റിനും ആത്മാവുണ്ടെന്ന സങ്കൽപത്തിൽ നിന്നും ഭയത്തിൽ നിന്നുമാണെന്നും ചിലർ വാദിക്കുന്നു.

ഭയത്തിൽ നിന്നുണ്ടാകുന്ന ഭ്രമാത്മകതയിൽ നിന്നും സംരക്ഷണം നേടാൻ മനുഷ്യ സമൂഹങ്ങൾ ഉണ്ടാക്കുന്ന മനഃശാസ്ത്രപരമായ നീക്കുപോക്കാണ് മതം എന്നാണ് സിഗ്മണ്ട് ഫ്രോയിഡ് പറയുന്നത്. എന്നാൽ പ്രവാചകന്മാരിലൂടെ മനുഷ്യന് ദൈവത്തിൽ നിന്നു വെളിപ്പെട്ട വെളിപാടുകളിലധിഷ്ഠിതമായ ഉദാത്തവും പരിശുദ്ധവുമായ ജ്ഞാനങ്ങളാണ് മതങ്ങൾ എന്നുള്ള വസ്തുത നരവംശശാസ്ത്രജ്ഞന്മാരുടേയും ഭൗതിക വിജ്ഞാനികളുടേയും നിരീക്ഷണത്തിന്റെ പരിധിക്കപ്പുറത്താണ്. കാലാനുക്രമം ദൈവികമായ സ്വച്ഛതയിൽ നിന്ന് ഉരുവംകൊണ്ട മതസരണി മനുഷ്യനിർമ്മിതമായ മലിന ജലവുമായി കൂടിക്കലർന്ന രണ്ടിന്റെയും മിശ്രിതമായിത്തീരുകയാണുണ്ടായത്.

തത്ത്വചിന്തകന്മാരുടെ പ്രതിജനഭിന്നങ്ങളായ അഭിപ്രായഭിന്നതകളും വൈവിധ്യങ്ങളും അവരും സംശയഗ്രസ്തരാണെന്നതിന്റെ തെളിവാകുന്നു. പ്രപഞ്ചത്തിന്റെ അതി

റ്റ രഹസ്യങ്ങൾ വെളിവാക്കാനുള്ള അവരുടെ വിചിത്ര യുക്തികൾ ഊഹങ്ങളല്ലാതെ മറ്റൊന്നല്ല. മനുഷ്യന്റെ ഗ്രാഹ്യത്തിനതീതമായതാണ് ആത്യന്തിക യാഥാർത്ഥ്യമെന്നാണ് കാന്റിന്റെ അഭിപ്രായം. പ്ലാറ്റോ ആത്യന്തികമായി തന്റെ ആദർശലോകം വിഭാവനം ചെയ്തു. ആ ആദർശലോകത്തെ പ്രത്യക്ഷലോകവുമായി ഫലപ്രദമായി ബന്ധിപ്പിക്കാൻ പ്ലാറ്റോയ്ക്കായില്ല. പ്ലാറ്റോയുടെ സ്വർഗ്ഗീയാശയങ്ങളെ പ്രത്യക്ഷലോകത്തേക്ക് ഇറക്കിക്കൊണ്ട് വരികയും വസ്തുനിഷ്ഠലോകവുമായി സമന്വയിപ്പിക്കുകയുമാണ് അരിസ്റ്റോട്ടൽ ചെയ്തത്. പ്രത്യക്ഷ പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തിലാണ് അദ്ദേഹം ഊന്നൽ നൽകിയത്. ദെക്കാർത്തെ ദൈവത്തെ മൗലിക സത്തയായും വസ്തുപ്രപഞ്ചത്തെ സൃഷ്ടസത്തകളായും കരുതി. വസ്തു പ്രപഞ്ചത്തിന്റെ രണ്ട് സമാന്തരസത്തകളെ ശാശ്വതമായി പ്രകടിത രൂപമാർജിക്കുന്ന ഏകസത്തയിലേക്ക് അസ്തിത്വത്തെ ചുരുക്കുകയാണ് സ്പിനോസ ചെയ്തത്. അങ്ങനെ അദ്ദേഹം സർവ്വം ബ്രഹ്മ വാദത്തിന് അടുത്തെത്തുകയും ചെയ്യുന്നു. ബർക്കിലിയെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യം ചിത്തവൃത്തിപരം മാത്രമത്രെ; യാഥാർത്ഥ്യം മനസ്സിലുണ്ടാകുന്ന ധാരണ മാത്രമാണ്.

കൺഫ്യൂഷ്യസും സൊറാസ്റ്ററും പൈത്തഗോറസും വമ്പിച്ച ദാർശനിക പ്രസ്ഥാനങ്ങൾക്ക് ജന്മം നൽകി. ഇന്ത്യയിലും അതുപോലെ മൗലിക യാഥാർത്ഥ്യങ്ങളിലേക്ക് ചൂണ്ടിക്കൊണ്ട് തത്വചിന്താപരമായ ദാർശനിക പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. ജീവിതത്തിന്റെയും ലോകത്തിന്റെയും അർത്ഥമെന്ത്? അദൃശ്യവാനായ ഒരു മഹാശക്തിയോട് വ്യക്തിക്കുള്ള ബന്ധമെന്ത്? എന്നിത്യാദി പ്രശ്നങ്ങൾക്ക് തത്ത്വശാസ്ത്രങ്ങളിലൂടെ അവർ ഉത്തരം കണ്ടെത്താൻ ശ്രമിച്ചു.

ലോജിക്കും ഗണിതശാസ്ത്രവുമുപയോഗിച്ചുള്ള ജ്ഞാനപദ്ധതിയാണ് ലോജിക്കൽ പോസിറ്റിവിസം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭ ദശകങ്ങളിലാണ് ഇത് രൂപം കൊണ്ടത്. ലോജിക്കും ഗണിതവുമുപയോഗിച്ച് ശാസ്ത്രീയ ഗവേഷണങ്ങളുടെ രൂപപരവും സാമാന്യവുമായ വശങ്ങളിൽ ശ്രദ്ധയൂന്നുകയും അതിന്റെ ഉള്ളടക്കം അവഗണിക്കുകയുമാണ് ലോജിക്കൽ പോസിറ്റിവിസ്റ്റുകൾ ചെയ്യുന്നത്. ആനുഭാവികമായി തെളിയിക്കത്തക്കതല്ലാത്ത പ്രസ്താവനകളെല്ലാം അതിഭൗതിക വാദപരമാണെന്നും ശാസ്ത്ര ദർശനമണ്ഡലത്തിൽ അത്തരം പ്രസ്താവനകൾക്ക് സ്ഥാനമുണ്ടാവരുതെന്നും അവർ സിദ്ധാന്തിക്കുകയുണ്ടായി.

## അദ്വൈതവാദം അഥവാ സർവ്വം ബ്രഹ്മവാദം

പ്രപഞ്ചത്തിന് വ്യതിരിക്തവും ഗോചരീയവുമായ അസ്തിത്വമുണ്ടായിട്ടു കൂടി ദൈവത്തിനോട് ഏകമാനമായിട്ടുള്ള ഒരു സത്തയായി പ്രപഞ്ചത്തെ കരുതുന്നതാണ് സർവ്വം ബ്രഹ്മവാദം. ഈ തത്ത്വശാസ്ത്രത്തിലേക്ക് മൂന്ന് മാർഗ്ഗത്തിലൂടെ പ്രവേശിക്കാം. ഭദ്രപ്രപഞ്ച വ്യാഖ്യാനപരമായി (Cosmologically), താർക്കികമായി (Logically) യോഗാത്മകതാവാദപരം (Mythically) മായി.

പ്രകൃതിയിൽ സർവ്വ വ്യാപിയായി പ്രപഞ്ച സത്ത കുടികൊള്ളുന്നുവെന്ന് ഭദ്രപ്രപഞ്ചാദ്വൈതവാദം കൽപ്പിക്കുന്നു. ഇല്ലായ്മയിൽ നിന്ന് (creation exhilo) സൃഷ്ടിച്ചു എന്ന വാദത്തെ അദ്വൈതവാദം നിരാകരിക്കുന്നു. പ്രപഞ്ചത്തോടുള്ള ഒരു യോഗാത്മകത സമീപനത്തിൽ നിന്നാണ് യോഗാത്മകതാ ദ്വൈതം ഉയർന്നുവന്നത്. ഹിന്ദുക്കളുടെ മതതത്ത്വശാസ്ത്രങ്ങൾക്ക് അനുയോജ്യമായിട്ടുള്ള ഒരു ചിന്താപദ്ധതിയാണ് യോഗാത്മക അദ്വൈതം. ശ്രീ ശങ്കരന്റെ പ്രസ്ഥാന ത്രയത്തിന്റെ വ്യാഖ്യാനങ്ങളിൽ യോഗാത്മകതാദ്വൈത ദർശനം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഇതിനെ ബ്രഹ്മവിവർത്തനം (ദ്വന്ദമില്ലായ്മ) എന്നു പറയുന്നു. ആത്യന്തികമായ യാഥാർത്ഥ്യത്തിന്റെ പ്രത്യക്ഷ പരിണാമ തത്ത്വമാണ് ലോകം എന്ന സിദ്ധാന്തം.

പ്രപഞ്ചം ദൈവമാണെന്നത് സർവ്വം ബ്രഹ്മവാദത്തിന്റെ വാക്കാണ്. ഒരു ബാഹ്യനിയന്താവിന്റേയും നിയാമകന്റേയും അസ്തിത്വത്തെ ഇത് നിഷേധിക്കുന്നു. പ്രപഞ്ചം സ്വയമേവ സ്വയം പര്യാപ്തവും പരാശ്രയമില്ലാത്തതും സ്വയംപ്രവർത്തകവുമത്രെ എന്നാണ് അവർ വാദിക്കുന്നത്.

ദൈവസൃഷ്ടമായ പ്രപഞ്ചത്തിൽ ദൈവത്തിന്റെ അഭികൽപനയിലും നിയാമകത്വത്തിനു കീഴിലുമാണ് ജീവൻ സ്പന്ദിക്കുന്നന്നത്. ഓരോ അണു ചലനവും ക്രമീകരിക്കപ്പെട്ടിട്ടുള്ള ദൈവത്തിന്റെ ഈ ധൈഷണിക നിയാമകത്വവും ആസൂത്രണവും പദാർത്ഥങ്ങൾക്ക് സ്വയംസിദ്ധമാണെന്ന് വാദിച്ച് ദൈവത്തെ സംബന്ധിച്ച പരമ്പരാഗത ആശയങ്ങളിൽ നിന്നു വിടുതി നേടാനുള്ള അദ്വൈതികളുടെ സൈദ്ധാന്തിക ഒത്തുതീർപ്പുശ്രമമാണ് അദ്വൈത ദർശനം. ദൈവത്തിന്റെ അസ്തിത്വത്തെ കഷ്ടിച്ചേ അവർ സമ്മതിക്കുകയുള്ളു. അതായത് യാതൊന്നിൽ നിന്നാണോ പ്രപഞ്ചം വികസിച്ചുവന്നിട്ടുള്ളത് അതാണ് ദൈവം എന്ന് വിളിക്കപ്പെടുന്ന ബ്രഹ്മം എന്ന് അവർ സങ്കൽപിക്കുന്നു. പ്രപഞ്ചത്തിൽ ഊർജ്ജം കണക്കേ അത് വർത്തിക്കുന്നു. പദാർത്ഥത്തിലും പദാർത്ഥത്തിന്റെ ഓരോ പരമാണുവിലും അത് വ്യാപരിച്ച് നിൽക്കുന്നു. ഇവിടെ പദാർത്ഥവും ദൈവവും അനന്യമായിരിക്കുന്നു. പദാർത്ഥത്തിന്റെ പൂർവ്വാസ്തിത്വ സാന്നിദ്ധ്യം, അല്ലെങ്കിൽ കുറഞ്ഞപക്ഷം പദാർത്ഥത്തിന്റെ ദൈവത്തോടൊപ്പമുള്ള സഹാസ്തിത്വം ഇത് അനിർവാര്യമാക്കുന്നു. പദാർത്ഥം എന്നത് ജഡാവസ്ഥയിൽ സ്ഥിതിചെയ്യുന്നു. ബലം പദാർത്ഥത്തിൽ സ്ഥിതിചെയ്യുന്നു. ബലം പദാർത്ഥത്തിൽ സഹസ്ഥിതമാകുന്നു. അതിന് പദാർത്ഥത്തിനുമേൽ പ്രവർത്തനം നടത്താൻ സ്വതസിദ്ധമായ കഴിവുണ്ട്. അപ്പോൾ പിന്നെ അവിടെ ദൈവത്തിന്റെ ആവശ്യമെന്ത്? പദാർത്ഥത്തിന്റെ പ്രവർത്തനങ്ങൾ ഏതെങ്കിലും ബാഹ്യപ്രേരകശക്തിയെക്കൂടാതെ തന്നെ സാദ്ധ്യമാണെന്നാണ് അവർ പറയുന്നത്. എന്നാൽ, രൂപകൽപന

അപ്രകാരം സാദ്ധ്യമല്ല.

ഇച്ഛാശക്തിയും ധിഷണയുമുള്ളതല്ലെന്നിരിക്കെ ബലങ്ങൾക്ക് രൂപകൽപനയുണ്ടാക്കുന്നതിനുള്ള ക്ഷമതയില്ലായ്മ ബലപദാർത്ഥങ്ങളുടെ മണ്ഡലത്തിലേക്ക് പുറത്തുനിന്നുവിടാനുള്ള ധിഷണാശക്തിയുള്ള ബോധവാനായ ഒരു സ്രഷ്ടാവ് രൂപകൽപനക്ക് ആവശ്യമാണ്. ബലപദാർത്ഥങ്ങൾക്ക് രാസപ്രതിപ്രവർത്തന ഗുണങ്ങൾ ഉണ്ട്. എന്നാൽ ധൈഷണിക ബന്ധവും ആസൂത്രിതവുമായ ഒരു സംഘാടനത്തിന് സ്രഷ്ടാവിന്റേയും നിയാമകന്റേയും ആവശ്യമുണ്ട്. പ്രപഞ്ചമാസകലം വ്യാപരിച്ചുനിൽക്കുന്ന സുഭദ്രമായ ക്രമം. അതിന്റെ ഗുണങ്ങളെക്കുറിച്ചും ശക്തികളെക്കുറിച്ചും തീർത്തും അറിവുള്ള ഒരു സ്രഷ്ടാവിനാൽ മാർഗ്ഗദർശനം ചെയ്യപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നുവെന്നതിലേക്ക് സൂചന നൽകുന്ന അനുഭവപരമായ അടയാളമാണിത്.

പ്രപഞ്ച സൃഷ്ടിപ്പിന്റേയും അതിസമ്പൂർണമായ അതിന്റെ മഹാത്ഭുതത്തേയും കണ്ടെത്തുന്നതിലെ തങ്ങളുടെ അക്ഷമയും വീക്ഷണ വൈകല്യങ്ങളും, ധാർമ്മിക സംഹിതയിലുള്ള അവിശ്വാസങ്ങളുമാണ് വാസ്തവത്തിൽ സർവ്വ ബ്രഹ്മവാദത്തിന് അടിസ്ഥാനം. ബുദ്ധി വൈഭവം കൊണ്ടും താർക്കിക യുക്തികൊണ്ടും ദൈവത്തെ അറിയാൻ കഴിയുമെന്ന വികല സങ്കൽപത്തിലാണ് അവർ എത്തിച്ചേർന്നത്.

യുക്തിചിന്തയാണ് മനുഷ്യന്റെ ഏറ്റവും വലിയ വരദാനം. ദൈവത്തിന്റെ വാത്സല്യപൂർവ്വമായ ഈ ഔദാര്യത്തെ മനുഷ്യൻവിവേകരഹിതമായി ഉപയോഗിക്കുന്നു. യുക്തിവിചാരത്തിന്റെ ഫലം കൊയ്യുന്നതിന് തിടുക്കപ്പെട്ടുള്ള തന്റെ ത്വരയിൽ ദൈവികശക്തി അതിന് കൽപിച്ചിട്ടുള്ള അതിര് ലംഘിച്ചിരിക്കയാണ്.

വായുവുണ്ടെങ്കിലേ ചെവിയുടെ ധർമം നടക്കൂ. അതുപോലെ വെളിച്ചമുണ്ടെങ്കിലേ കണ്ണ് പ്രവർത്തനക്ഷമമാകുകയുള്ളൂ. ഇപ്രകാരം മനുഷ്യന്റെ യുക്തിയെ പ്രാവർത്തികമാക്കാൻ ഒരു ബാഹ്യശക്തിയുടെ പിന്തുണ കുടിവേണം. എങ്കിലേ ജ്ഞാനാർജ്ജനവും നന്മതിന്മകളും വിവേചനവും ദൈവത്തെക്കുറിച്ചുള്ള ധാരണയും രൂപപ്പെടുകയുള്ളൂ. വെളിപാടുകളാണ് ദൈവഗ്രഹണത്തിനുള്ള ഏറ്റവും കുറ്റമറ്റ ഉപകരണം. വെളിപാട് മാർഗ്ഗത്തിലൂടെ തനിക്ക് വെളിപ്പെട്ടതെല്ലാം മനുഷ്യന്റെ യുക്തിക്ക് ബോധ്യപ്പെടുന്നതും സ്വാംശീകരിക്കാൻ പറ്റിയതുമാണ്. വെളിപാടുകളിലൂടെ ചെന്നെത്താവുന്ന സ്രോതസ്സുകളിലേക്ക് യുക്തിയെ ഉപകരണമാക്കിയാൽ യാതൊരുവിധ ഗ്രാഹ്യതയും സംവേദനവും നടക്കുന്നതല്ല.

ദൈവിക വെളിപാടുകളുടെ സ്വീകർത്താവും വാഗ്ദത്ത മതപരിഷ്കർത്താവുമായ ഹദ്റത്ത് അഹ്മദ് (അ) ഇത് സംബന്ധമായി പറഞ്ഞത് കാണുക.

"യുക്തിബോധം ദൈവം മനുഷ്യന് സമ്മാനിച്ച ഒരു ദീപമത്രെ. അതിന്റെ പ്രകാശം അവനെ സത്യത്തിലേക്ക് നയിക്കുകയും നാനാതരം ഊഹങ്ങളിൽ നിന്നും സംശയങ്ങളിൽ നിന്നും അവനെ മോചിപ്പിക്കുകയും വ്യത്യസ്തമായതും അടിസ്ഥാനരഹിതമായതുമായ ആശയങ്ങളെയും അനുമാനങ്ങളെയും ഇല്ലാതാക്കുകയും ചെയ്യുന്നു. വളരെ ഉപകാരപ്രദവും അനിവാര്യമായതുമായ ദൈവത്തിന്റെ ഒരു വലിയ ഔദാര്യമാണിത്. ഇത്രയേറെ ഗുണങ്ങൾ അതിനുണ്ടായിട്ടും കാര്യങ്ങളുടെ സത്യാവസ്ഥയെ മനസ്സിലാക്കിത്തരുന്നതിൽ യുക്തിബോധത്തിന് തനിച്ച് അവനെ സമ്പൂർണ്ണ ജ്ഞാനത്തിലേക്ക് ആനയിക്കാൻ സാധിക്കുകയില്ല എന്നൊരു ന്യൂനതയുണ്ട്. കാര്യങ്ങളുടെ വാസ്തവികതയെ അവ നിലനിൽക്കുംപോലെ തന്നെ മനുഷ്യർ വിശ്വസിക്കണമെന്നതാണ് പരമാർത്ഥ ജ്ഞാനത്തിന്റെ രംഗവേദി. സ്വന്തമായി ഇത്രയും ഉയർന്ന പദവിയിലുള്ള നിശ്ചയജ്ഞാനത്തിലേക്കു നയിക്കാൻ യുക്തിക്ക് സാദ്ധ്യമല്ല. എന്തോ ഒന്നിന്റെ അസ്തിത്വത്തിന്റെ ആവശ്യകത അതു പുറമേയ്ക്ക് തെളിയിക്കുന്നുവെങ്കിലും വാസ്തവത്തിൽ അതു നിലനിൽക്കുന്നുവെന്നു തെളിയിക്കുന്നില്ല. ഒരു വ്യക്തിയുടെ അറിവിൽ 'ആയിരിക്കണം' എന്ന ഘട്ടത്തിൽ നിന്ന് 'ആകുന്നു' എന്ന ഘട്ടത്തിലേക്ക് മുന്നേറുന്നതായ സുനിശ്ചിതനില ആർജ്ജിതമാകുന്നത് യുക്തി അതിന്റെ സഹായിയുമായി കൂടിച്ചേർന്ന് അതിന്റെ അനുമാനത്തെ സ്ഥിരീകരിച്ചുകൊണ്ട് അതിനെ സത്യത്തിലേക്കു പരിവർത്തനം ചെയ്യുമ്പോഴാണ്. അതായത് യുക്തി 'ആയിരിക്കണം' എന്ന് പറയുന്ന ഒരു കാര്യത്തെ സംബന്ധിച്ച് അതു 'ആകുന്നു' എന്ന അറിവു പകരുന്ന സ്ഥിതിയിൽ എത്തുമ്പോൾ മാത്രമാണ് ഒരു വസ്തുവിന്റെ ആവശ്യകത സ്ഥാപിക്കുക മാത്രമാണ് യുക്തി ചെയ്യുന്നത്. അതിന് അതിന്റെ അസ്തിത്വത്തെ സ്ഥാപിക്കാൻ സാധ്യമല്ല. ഇവ രണ്ടും വ്യതിരിക്തവും വേർതിരിഞ്ഞതുമായ സംഗതികളാണ്. ന്യൂനതയോടുകൂടിയ 'ആയിരിക്കണം' എന്നതിലെ യുക്തിയെ ഉറപ്പിച്ച് പ്രസ്താവിതമാക്കും 'ആകുന്നു' എന്ന അറിവ് എന്നതിനാൽ പൂർണമാക്കുന്നതും യഥാർത്ഥത്തിൽ നിലനിൽക്കുന്നതുപോലെത്തന്നെ വസ്തുതകളുടെ വിവരണം നൽകാവുന്നതുമായ ഒരു സഹായി യുക്തിക്ക് ആവശ്യമായി വരുന്നു.

അതുകൊണ്ട് ഏറ്റവും ദയാമയനും ഉദാരവാനും മനുഷ്യനെ അങ്ങേയറ്റത്തെ സുനിശ്ചിതത്വത്തിന്റെ ദശയിലേക്കെത്തിക്കാൻ അഭിലഷിക്കുന്നവനുമായ ദൈവം ആവശ്യകത സഫലീകരിക്കുകയും യുക്തിക്ക് വ്യത്യസ്തമായ കൂട്ടാളികളെ നിയോഗിക്കുകയും അതുവഴി സുനിശ്ചിത ജ്ഞാനത്തിനുള്ള വഴി അതിനു തുറക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ യുക്തി സഹായകനായിട്ടുള്ള വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രവർത്തനത്തിൽ വരുന്ന കൂട്ടാളികൾ മൂന്നിലധികമില്ല. അനുഭവിച്ചറിയുവാനും നിരീക്ഷിക്കാനും കഴിയുന്ന – അതായത് കാണാനോ ശ്രമിക്കാനോ മണത്തറിയാനോ 'സ്പർശിച്ചറിയാനോ കഴിയുന്നവയു

ജ്ഞാനം കൊണ്ടുണ്ടാകുന്ന ആ അപക്വജ്ഞാനം ന്യൂനതാപൂർണവും അപകടകരവുമാണ്. എന്തെന്നാൽ അതിൽ സാരസംയുക്തമായ യാഥാർത്ഥ്യത്തെക്കാൾ ശബ്ദകോലാഹലമാണ് അധികം" (ഇസ്‌ലാമി ഉസൂൽ കി ഫിലോസഫി)

"എന്നാൽ ഈ മാർഗ്ഗം സ്വീകരിക്കുകയും ഈ ദിവ്യതേജസ്സ് കൈവരുത്തുകയും ചെയ്യുന്നതെങ്ങനെ? കാര്യകാരണബന്ധത്തോടുകൂടിയ ഈ ലോകത്തിൽ നാം കാണുന്ന എല്ലാ കാര്യത്തിനും ഓരോ കാരണവും എല്ലാ ക്രിയക്കും ഓരോ പ്രേരകവുമുണ്ട്. അതുപോലെത്തന്നെ ജ്ഞാനസമ്പാദനത്തിനും ഒരു പ്രത്യേകമാർഗമുണ്ട്. കാര്യസാദ്ധ്യത്തിലേക്ക് നയിക്കുന്ന ആ മാർഗത്തിന് അതിന്റേതായ നേർവഴി എന്നു പറയാം. ദൈവം പ്രകൃതിയിൽ നിശ്ചയിച്ചുവെച്ചിരിക്കുന്ന നിയമ വ്യവസ്ഥയെ അനുസരിക്കുന്നതുകൊണ്ടല്ലാതെ ഒരു കാര്യവും സാധിക്കാവുന്നതല്ല. ഓരോ കാര്യത്തിനും അതിന്റേതായ നേർവഴിയുണ്ടെന്നും കാര്യലബ്ധി ആ മാർഗാവലംബത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും പ്രകൃതിനിയമം മനസ്സിലാക്കിത്തരുന്നുണ്ട്. ദൃഷ്ടാന്തമായി, നാം ഇരുട്ടറയിൽ ഇരിക്കുകയും നമുക്ക് സൂര്യപ്രകാശം ആവശ്യമായി വരികയും ചെയ്യുന്ന പക്ഷം സൂര്യനഭിമുഖമായ വാതിലുകൾ തുറന്നുവെക്കുകയാണ് നാം കൈകൊള്ളുന്ന ശരിയായ മാർഗ്ഗം. അപ്രകാരം ചെയ്യുന്ന പക്ഷം തൽക്ഷണം വെളിച്ചം അകത്ത് പ്രവേശിച്ച് സ്ഥലമാകെ പ്രകാശവത്തായിത്തീരുന്നതാണ്. ഇതുപോലെ, ദൈവത്തിൽ നിന്ന് യഥാർത്ഥമായ അനുഗ്രഹവും പാരിതോഷികവും പ്രാപ്യമാകുന്നതിന് പ്രത്യേകമായ കവാടവും ആത്മീയത സിദ്ധിക്കുന്നതിന് പ്രത്യേകമായ മാർഗ്ഗവും ഉണ്ടായിരിക്കണം. എന്നാൽ ഐഹിക ജീവിതത്തിൽ നമുക്കാവശ്യമായ കാര്യങ്ങൾ സിദ്ധിക്കുന്നതിന് അവക്കുള്ള ശരിയായ വഴികൾ തേടിപ്പിടിച്ച് പരിശ്രമിക്കുന്ന രൂപേണ ആത്മീയാനുഭൂതികൾക്കുള്ള നേർമാർഗ്ഗം അന്വേഷിച്ചറിയേണ്ടതും നമ്മുടെ കർത്തവ്യമാണ്. ഈ ദൈവൈക്യപ്രാപ്തിക്കുള്ള പാവനമായ മാർഗം അപൂർണമായ ബുദ്ധിശക്തികൊണ്ട് കണ്ടെത്താനാവുന്നതാണോ? ദൈവത്തിന്റെ ശക്തമായ കൈകൊണ്ടല്ലാതെ തുറക്കാൻ കഴിയാത്ത വാതിലുകൽ മനുഷ്യകൃതമായ തർക്കശാസ്ത്രവും ദർശനവും ശാസ്ത്രവും മുഖേന തുറന്ന് കിട്ടുമോ? ഇല്ല ഒരിക്കലുമില്ല. നിത്യജീവിയായി സർവസന്ധാകരനായിരിക്കുന്ന ദൈവത്തെ മനുഷ്യന്റെ സൂത്രങ്ങളാലും കൗശലങ്ങളാലും പ്രാപിക്കാനാവുകയില്ല. അതിന്നായിക്കൊണ്ടുള്ള ഏകമാർഗ്ഗം നമ്മുടെ സർവ്വശക്തികളും ആദ്യമായി ദൈവത്തിന് കീഴ്പ്പെടുത്തിക്കൊണ്ട് ജീവിതം അവന്നായി അർപ്പിക്കുകയും ദൈവോപലബ്ധിക്കായി സർവ്വാത്മനാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയെന്നതാണ്. ഇപ്രകാരം ദൈവത്തെ ദൈവം മുഖേന അതായത് ദൈവത്തിന്റെ സഹായം കൊണ്ടുതന്നെ പ്രാപിക്കുകയാകുന്നു... ജീവിതസർവ്വസ്വവും ദൈവമാർഗത്തിൽ അർപ്പിക്കുകയും അവന് പൂർണമായി കീഴ്വണങ്ങുകയും അവന്റെ ഇഷ്ടാ

മായി ബന്ധപ്പെട്ടുള്ള യുക്തിയുടെ പ്രവർത്തനമെങ്കിൽ സുനിശ്ചിതത്വത്തിലേക്ക് നയിക്കാൻ കഴിയുന്ന അതിന്റെ കൂട്ടാളി അനുഭവമെന്ന് വിളിക്കപ്പെടുന്ന യഥാർത്ഥ നിരീക്ഷണമാണ്. വ്യത്യസ്തമായ സ്ഥലകാലങ്ങളിൽ ഉണ്ടാകുന്ന സംഭവങ്ങളോട് ബന്ധപ്പെട്ടതാണ് യുക്തിയുടെ പ്രവർത്തനമെങ്കിൽ അങ്ങനെയുള്ള കാര്യങ്ങളിൽ യുക്തിയുടെ കൂട്ടാളി ചരിത്രമോ വാർത്താ പത്രങ്ങളോ കത്തുകളോ വാർത്താ വിനിമയങ്ങളോ ആണ്. അനുഭവത്തെപ്പോലെ ഇവയും യുക്തിയുടെ മങ്ങിയ വെളിച്ചത്തെ അത്രയേറെ സുവ്യക്തമാക്കുന്നു-അങ്ങനെ സംശയിക്കുന്നത് വങ്കത്തവും മുഴുഭ്രാന്തുമാകും വിധം. അതിഭൗതികമായത് കണ്ണുകൊണ്ടു കാണാനോ കാതുകൾ കൊണ്ടു കേൾക്കാനോ കൈകൊണ്ടു സ്പർശിക്കാനോ കഴിയാത്തത് അല്ലെങ്കിൽ ചരിത്രത്തിലൂടെ അന്വേഷിച്ചെത്താനാവാത്തതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് യുക്തിയുടെ പ്രവർത്തനമെങ്കിൽ യുക്തിയെ സഹായിക്കുന്നത് ദൈവിക വെളിപാടാണ്. ആദ്യത്തെ രണ്ടു കാര്യങ്ങളുമായി ബന്ധപ്പെട്ടു അപൂർണതയിൽ നിൽക്കുന്ന യുക്തിക്ക് രണ്ടു കൂട്ടാളികൾ വേണ്ടത് ഒരുക്കിക്കൊടുക്കുന്നതുപോലെത്തന്നെ മൂന്നാമത്തെ ഗണത്തിൽപെട്ട കാര്യങ്ങളുമായി ബന്ധപ്പെട്ട ഒരു കൂട്ടാളി അതിന് വേണ്ടതൊരുക്കി കൊടുക്കേണ്ടതുണ്ടെന്ന് പ്രകൃതിനിയമം ആവശ്യപ്പെടുന്നു. പ്രകൃതിയുടെ നിയമത്തിൽ വിവേചനമുണ്ടാക്കാനാവില്ല.

"സർവ്വാധികർത്താവായ ദൈവത്തെസ്സംബന്ധിച്ച നിശ്ചയ ജ്ഞാനത്തിലേക്ക് നമ്മെ നയിക്കുന്നതിന് ഈ സ്ഥൂലപ്രപഞ്ചത്തിൽ കാണപ്പെടുന്ന വ്യവസ്ഥിതി മാത്രം പര്യാപ്തമാവുകയില്ല.

"പ്രപഞ്ചകർത്താവിനെക്കുറിച്ചുള്ള അന്വേഷണത്തിന് ഭൗതിക വിജ്ഞാനീയരുടെ അറിവ് വല്ല വിധത്തിലും സഹായകമായിട്ടുണ്ടെങ്കിൽ അതു പരിപൂർണവും അന്യൂനവുമായ പ്രകൃതി സംവിധാനം വീക്ഷിച്ചപ്പോൾ ഈ സുവ്യവസ്ഥിതമായ പ്രപഞ്ച ക്രമത്തിന് തീർച്ചയായും ഒരു കർത്താവും നിയാമകനുമുണ്ടായിരിക്കണമെന്നുള്ള അനുമാനത്തിൽ അവർ എത്തിച്ചേർന്നു എന്നതുമാത്രമാണ്. വാസ്തവത്തിൽ ഈ ബോധം ഈശ്വര സത്തയെ സംബന്ധിച്ചിടത്തോളം അപൂർണവും അപക്വവുമായ അറിവത്രെ. എന്തുകൊണ്ടെന്നാൽ, വിസ്മയാവഹമായ വ്യവസ്ഥിതിയോടുകൂടിയ ഈ പ്രപഞ്ചത്തിന് ഒരു കർത്താവുണ്ടായിരിക്കണമെന്നുള്ള അനുമാനത്തിനും യഥാർത്ഥത്തിൽ അവൻ ഉണ്ടെന്നുള്ള നിശ്ചയജ്ഞാനത്തിനും തമ്മിൽ വളരെ അന്തരമുണ്ട്. സങ്കൽപ ജ്ഞാനമാകട്ടെ മനസ്സിന് ശരിയായ സമാധാനവും സംതൃപ്തിയും നൽകുകയോ സന്ദേഹങ്ങളെ നിശ്ശേഷം ദൂരീകരിക്കുകയോ ചെയ്യുന്നതിന് പര്യാപ്തമല്ല. ദൈവത്തെസ്സംബന്ധിച്ച് പരിപൂർണവും പരമാർത്ഥവുമായ ജ്ഞാനലബ്ധിക്കായി മനുഷ്യന് സ്വഭാവേനയുള്ള ആർത്തി ശമിപ്പിക്കുന്നതിനോ തദ്വിഷയകമായി അവനുണ്ടാകുന്ന സംശയങ്ങൾ അകറ്റുന്നതിനോ പര്യാപ്തമായ രസായന പാനീയമല്ല അത്. പ്രകൃതി

നുസരണത്തിൽ ലയിക്കുകയും ചെയ്തുകൊണ്ട് അഭികാമ്യമായ ആത്മീയാനുഭൂതിയും ദൈവത്തിന്റെ സാമീപ്യവും ഐക്യവും ഭാഷണാമൃതം ലഭിക്കുന്നതിനു പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരിലാണ് ദൈവത്തിന്റെ പാരിതോഷികങ്ങൾ അതായത് അനുഗ്രഹങ്ങൾ വർഷിക്കുന്നത്." (ഇസ്‌ലാമി ഉസൂൽ കി ഫിലോസഫി)

യുക്തിയുടേയും അറിവിന്റേയും ഉപാധികൾ വഴി ദൈവത്തെ മനുഷ്യന് മനസ്സിലാക്കുവാൻ സാധിക്കുമെന്ന ആശയത്തെ പരിശുദ്ധ ഖുർആൻ ശക്തിപൂർവ്വം തള്ളിക്കളയുന്നു. അതു പ്രസ്താവിക്കുന്നു: "ദൃഷ്ടികൾ അവനിലേക്ക് എത്തുന്നില്ല; പക്ഷേ, അവൻ ദൃഷ്ടികളിലേക്കെത്തുന്നു. അവൻ തീർത്തും അതിസൂക്ഷ്മനും (അഗോചരനും) സർവ്വജ്ഞനുമത്രെ." (6:104)

ദൈവസഹായം കിട്ടാത്ത മനുഷ്യയുക്തിയുടെ ഭാവന ദൈവത്തെ അറിയുകയോ പ്രാപിക്കുകയോ ചെയ്യുന്നതിന് കഴിവില്ലാത്തതാണ്. ദൈവം അവൻ തന്നെയാണ് മനുഷ്യന്റെ ഹൃദയത്തിലേക്കും അവന്റെ ധാരണയിലേക്കും വന്നെത്തുന്നത്. മനുഷ്യന് വെളിപാട് ഇറക്കിക്കൊടുക്കുക വഴി ദൈവത്തെ തന്നെ മനുഷ്യന് അറിയാവുന്നവനാക്കുന്നു. അങ്ങനെ വെളിപാട് മനുഷ്യയുക്തിക്ക് തിരികൊളുത്തുകയും ചെയ്യുന്നു. അതിലൂടെ ദൈവത്തെ അറിയാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു.

മേൽപറഞ്ഞ ഖുർആനിക വചനത്തിൽ രണ്ട് അവകാശവാദങ്ങൾക്കുള്ള യുക്തി ദൈവത്തിന്റെ രണ്ടു വരിഷ്ട ഗുണങ്ങൾ, അതായത് അതിസൂക്ഷ്മനും (അഗോചരനും) സർവ്വജ്ഞനുമെന്നത് മുന്നോട്ടുവെക്കുന്നു. ആദ്യത്തേത് ദൃഷ്ടികൾക്ക് അവനിലേക്ക് എത്താൻ കഴികയില്ലെന്നുള്ളത് അനുക്രമികമായി പ്രസ്താവിതമായിരിക്കുന്ന യുക്തി. അവൻ അതിസൂക്ഷ്മനും അഗോചരനും ആയിരിക്കെ മനുഷ്യയുക്തിക്ക് അവനെ ഉൾക്കൊള്ളാൻ കഴികയില്ലെന്നുള്ളതാണ്. രണ്ടാമതായി അവൻ മനുഷ്യദൃഷ്ടിയിലേക്കെത്തുന്നു എന്നതിന് അവൻ സർവ്വജ്ഞനും – അതായത് എല്ലാം അറിയുന്നവനുമായിരിക്കെ മനുഷ്യവംശം അവനെ അറിയേണ്ടതിന്റെ ആവശ്യകതയിൽ നിലകൊള്ളുന്നു. അപ്രകാരം രണ്ടു അവകാശവാദങ്ങളും പൂർണമായ ഒരു സ്വാഭാവിക രീതിയിൽ രണ്ട് അനുക്രമണ യുക്തിയാൽ അനുധാവനം ചെയ്യപ്പെട്ടിരിക്കുന്നു. ഖുർആനിക വചനങ്ങളുടെ ചിട്ടപ്പെടുത്തലുകളെ ബുദ്ധിവൈഭവത്തോടു കൂടിയ ഒരു ക്രമം മഹത്തായ ഒരു ഉദ്ദേശ്യം നിറവേറ്റുന്നതിനായി നിർവ്വഹിക്കുന്നു.

തുടർന്നു കൊടുത്തിരിക്കുന്ന ഖുർആനിക വാക്യങ്ങളിൽ ഇസ് ലാമിക ദൈവസങ്കൽപം സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ പ്രവാചകനായ മുഹമ്മദ് നബി (സ.അ) യോട് പ്രഖ്യാപിക്കുവാൻ അല്ലാഹു കൽപ്പിച്ചിരിക്കുകയാണ്.

"പറയുക അല്ലയോ മനുഷ്യവംശമേ, അവൻ അല്ലാഹുവാകുന്നു, ഏകൻ. സ്വയം സ്ഥിതൻ; അവൻ ജനകനുമല്ല. ജാതനുമല്ല. അവനു സമാനമായി ആരും തന്നെയില്ല" (112).

ഭൗതികലോകത്ത് സർവ്വതും ദ്വന്ദമോ ഇണകളോ ആയിരിക്കും അഥവാ ജോഡികളാണ്. സ്വയം സ്ഥിതമായത് യാതൊന്നുമില്ല. കാരണം അവ പരസ്പരം ആശ്രയിക്കുന്നു. പിന്തുടരുകയും പിന്തുടരപ്പെടുകയും ചെയ്യുന്നു. പരാശ്രയമില്ലാത്തവൻ, സ്വയം സ്ഥിതൻ അല്ലാഹു മാത്രം. സ്വയംഭൂവും. അവൻ ഒന്നിൽ നിന്നും ഉത്ഭൂതമല്ല; എന്തുകൊണ്ടെന്നാൽ അവൻ തന്റെ വരിഷ്ഠതകളിൽ ഏകനത്രെ. പൂർണനത്രെ കേവലനത്രെ, അനന്യനത്രേ.

അതേപോലെ തന്നെ സ്രഷ്ടാവ് എന്ന ദൈവത്തിന്റെ പദവി സമഗ്രതയോടെ തെളിയിച്ചിരിക്കുന്നു ഖുർആൻ അതു പ്രസ്താവിക്കുന്നു.

അല്ലാഹു സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവാണ് കാരണം അവൻ തന്റെ സത്തയിലും വരിഷ്ഠതയിലും അദ്വിതീയനും ഏകനുമത്രെ. അതുകൊണ്ടു സർവ്വതിനേയും അവന്റെ നിയന്ത്രണത്തിൽ സംയോജിപ്പിക്കുന്നവനുമാകുന്നു.(13:17)

അതുപ്രകാരം ദൈവത്തിന്റെ ഏകത്വവും സ്രഷ്ടാവ് എന്ന പദവിയും വരിഷ്ഠതകളിൽ അതുല്യനും സത്തയിൽ സമ്പൂർണ്ണനും എന്ന ഗുണവും ബഹുദൈവ വിശ്വാസപരവും അദ്വൈതവാദപരവും നാസ്തികവാദപരവും ദേവതാത്മകപരവുമായ വിശ്വാസങ്ങളുടെ വേരറുക്കുകയും ആത്മാവും ദ്രവ്യവും ശാശ്വതവും ദൈവത്തെപ്പോലെ സഹസ്ഥിതവും സ്വയം ഭൂവുമെന്നുമുള്ള തത്വത്തെ നിരാകരിക്കുകയും ചെയ്യുന്നു. ഖുർആനിലെ പരമോന്നത സ്ഥിതന്റെ ഉദാത്തമായ ഈ നിർവ്വചനം എത്രയും യുക്തിഭദ്രവും ആത്മജ്ഞാനപരവുമാണ്! ●

## ആത്മഹത്യ

**അബൂഹുറയ്റ(റ)യിൽ നിന്നു നിവേദനം: തിരുമേനി അരുളി: ഒരാൾ മലയുടെ മുകളിൽ നിന്നു ചാടി ആത്മഹത്യ ചെയ്തു എങ്കിൽ അവന്റെ വാസസ്ഥലം നരകമായിരിക്കും. ശാശ്വതമായി അവനതിൽ ചാടി വീണുകൊണ്ടിരിക്കും. വല്ലവനും വിഷം കഴിച്ച് ആത്മഹത്യ ചെയ്തു എങ്കിൽ കാലാകാലവും നരകത്തിൽ വെച്ച് വിഷം കയ്യിൽ പിടിച്ച് അത് കഴിച്ചുകൊണ്ടേയിരിക്കും. ഒരായുധം പ്രയോഗിച്ച് ഒരാൾ ആത്മഹത്യ ചെയ് താൽ കാലാകാലവും നരകത്തിൽ വെച്ച് കത്തി കയ്യിൽ പിടിച്ച് അവൻ തന്റെ വയറ് കുത്തിക്കീറിക്കൊണ്ടിരിക്കും**

***(ബുഖാരി)***

# പിതാവിന്റെ മരണവും കുടുംബപ്രശ്നങ്ങളും

ഏ.ക്യു. മഹ്ദി

## ഹദ്റത്ത് അഹ്മദിന് (അ) ആദ്യകാലത്ത് ലഭിച്ച ദൈവിക സാന്ത്വനങ്ങളെപ്പറ്റി

**1876**–ലാണ് സംഭവം. അന്ന് ഹദ്റത്ത് അഹ്മദ് (അ) ലാഹോറിലായിരുന്നു. അദ്ദേഹം ഒരു സ്വപ്നം കണ്ടു. സ്വപിതാവിന്റെ മരണം ആസന്നമായിരിക്കുന്നുവെന്നായിരുന്നു ആ ദർശനം. അദ്ദേഹത്തിന്റെ മനസ്സിൽ അത് വല്ലാത്ത ആഘാതം ഏൽപ്പിച്ചു. ഹദ്റത്ത് അഹ്മദ്, പെട്ടെന്നു ഖാദിയാനിലേയ്ക്ക് മടങ്ങി. അന്നദ്ദേഹത്തിനു 41 വയസ്സു പ്രായമുണ്ടായിരുന്നു.

പെട്ടെന്ന് മരണം സംഭവിക്കത്തക്ക യാതൊരു രോഗാവസ്ഥയും പിതാവിന് അപ്പോഴുണ്ടായിരുന്നില്ല. ചെറിയ ഒരു അതിസാരം, അത്ര മാത്രം.

പിതാവിന്റെ മരണത്തെ സൂചിപ്പിക്കുന്ന മറ്റൊരു വെളിപാടുകൂടി പിന്നെയും അദ്ദേഹത്തിനുണ്ടായി. ഈ അവസ്ഥയെക്കുറിച്ചുള്ള ദുഃഖവും ഉൽക്കണ്ഠയും അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ മഥിച്ചു. പിതാവിനു ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ തുകയിൽ നിന്നാണ് കുടുംബച്ചെലവുകൾ നിർവ്വഹിച്ചു പോന്നിരുന്നത്. ഇനി കുടുംബത്തിന്റെ ഭാവി എന്തായിത്തീരുമെന്ന ആശങ്ക, ഈ മഹാത്മാവിന്റെ മനസ്സിൽ നിറഞ്ഞുനിന്നു.

പിതാവിനുവേണ്ടി അദ്ദേഹം ദൈവത്തോടു പ്രാർത്ഥിച്ചു. പെട്ടെന്ന് ഒരശരീരി തന്റെ കാതുകളിൽ വന്നലച്ചതായി അദ്ദേഹത്തിനു തോന്നി. ശ്രദ്ധയോടെ അദ്ദേഹം ചെവിയോർത്തു. അതൊരാശ്വാസ വചനമായിരുന്നു; സർവശക്തനിൽ നിന്നുള്ള ആശ്വാസസന്ദേശം. കേവലം ഒരു വാചകത്തിലൊതുങ്ങുന്ന അറിയിപ്പായിരുന്നു അത്. അല്ലാഹു അവന്റെ ദാസന് മതിയായവനല്ലേ....? 'അലൈസല്ലാഹു ബി കാഫിൻ അബ്ദുഹൂ'. നേർത്ത ചോദ്യരൂപത്തിലുള്ള ഈ വചനം ഹദ്റത്ത് അഹ്മദിനെ തെല്ലൊന്നുമല്ല ആശ്വസിപ്പിച്ചത്.

ഈ മഹൽസന്ദേശം ആ മഹാത്മാവിന്റെ ആശങ്കകളെ അകറ്റുകയും ഒരു പരിതഃസ്ഥിതിയിലും ദൈവം തന്നെ കൈവിടുകയില്ല എന്ന ദൃഢ വിശ്വാസം മനസ്സിലങ്കുരിപ്പിക്കുകയും ചെയ്തു. ഈ മഹത്തായ ദൃഷ്ടാന്തത്തെ സാക്ഷീകരിക്കുന്നതിന് പ്രസ്തുത വെളിപാടുവാക്യം അദ്ദേഹം ഒരു മോതിരത്തിൽ കൊത്തി, ആ മുദ്രമോതിരം ഒരു സ്മാരകമായി സൂക്ഷിക്കുകയും ചെയ്തു. ദൈവിക സ്മരണയുണർത്തുന്ന ഒരു ഓർമ്മച്ചെപ്പുപോലെ ഈ സന്ദേശമോതിരം ബഹുമാനപൂർവ്വം അഹ്മദികളിൽ അധികപേരും ഇന്നു ധരിക്കുന്നുണ്ട്.

ദൈവനിശ്ചയത്തിനു മാറ്റം വരില്ലല്ലൊ. വെളിപാടനുസരിച്ച് അന്നു രാത്രി തന്നെ ഹദ്റത്ത് അഹ്മദിന്റെ വന്ദ്യപിതാവ് മിർസാ ഗുലാം മുർതസാ സാഹിബ് പരലോകപ്രാപ്തനായി.

പിതാവിന്റെ മരണാനന്തരം ജ്യേഷ്ഠസഹോദരനായ ഗുലാം ഖാദിർ സാഹിബ് ആണ് കുടുംബത്തലവനായത്. പിതാവിന്റെ സ്വത്തുക്കളുടെയും മറ്റും ചുമതല ജ്യേഷ്ഠൻ ഏറ്റെടുത്തു.

ചരമം പ്രാപിക്കുമ്പോൾ പിതാവായ ഗുലാം മുർതസാ സാഹിബിന് 85 വയസ്സ് പ്രായമുണ്ടായിരുന്നു. സ്വജീവിതകാലത്ത് യാതൊരു പുണ്യവും താൻ ചെയ്തിട്ടില്ലല്ലോ എന്ന വ്യഥ അവസാനകാലത്ത് അദ്ദേഹത്തെ അല

ട്ടിയിരുന്നു. എന്നാൽ മരിക്കുന്നതിനു ആറു മാസം മുമ്പേ അദ്ദേഹം ഒരു പള്ളിയുടെ നിർമ്മാണം ആരംഭിക്കുകയും ആ പണിമിക്കവാറും പൂർത്തിയാവുകയും ചെയ്തപ്പോഴാണ് ദൈവം അദ്ദേഹത്തെ മടക്കിവിളിച്ചത്.

പിതാവായ ഗുലാം മുർതസാ ഖാദിയാന്റെയും അയൽഗ്രാമങ്ങളുടെയും മേൽ അധികാരാവകാശങ്ങൾ ഉണ്ടായിരുന്നുവല്ലൊ. അവ വീണ്ടെടുക്കാനും നിലനിർത്താനും സ്വജീവിത കാലത്ത് അദ്ദേഹം വളരെയധികം പരിശ്രമങ്ങൾ നടത്തുകയും കണക്കില്ലാത്ത ധനം ഇതിനായി ചെലവാക്കുകയും ചെ യ്തിരുന്നു. നിയമോപദേശകന്റെ ശ്രദ്ധക്കുറവുമൂലം ഹദ്റത്ത് അഹ്മദിന്റെ പിതാവിന്റെ കുടുംബസ്വത്തിന്മേലുള്ള അവകാശങ്ങളിൽ അദ്ദേഹത്തിന്റെ പിതൃസഹോദരന്മാരെക്കൂടി തെറ്റായി ചേർത്തുപോയിരുന്നു. അവരാകട്ടെ മുർതസാ സാഹിബിന് ഗവൺമെന്റ് നടപടിയിലൂടെ നഷ്ടപ്പെട്ട സ്വത്തുക്കൾ തിരികെ കിട്ടാനുള്ള വ്യവഹാരങ്ങളിൽ പങ്കുചേരുകയോ അതിനായി യാതൊന്നും പ്രവർത്തിക്കയോ ചെ യ്തില്ല. ചെലവിനത്തിൽ വന്ന ഭീമമായ തുകയിൽ ഒരു പൈസ പോലും മുടക്കാനും അവർക്കിട വന്നിട്ടുണ്ടായിരുന്നില്ല. ഗുലാം മുർതസി സാഹിബ് ജീവിച്ചിരുന്നപ്പോൾ ഈ പിതൃസഹോദരപുത്രന്മാർ സ്വത്തിന്മേൽ അവകാശം ഉന്നയിക്കാൻ ധൈര്യപ്പെട്ടില്ല.

ഹദ്റത്ത് അഹ്മദിന്റെ പിതാവിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ സ്വത്തുക്കളായ ഖാദിയാനിലെയും പരിസരങ്ങളിലെയും ഭൂമിയുടെയും, തൊട്ടയൽജില്ലകളായ ബട്ടാല, അമൃത്സർ, ഗുരുദാസ്പൂർ തുടങ്ങിയ സ്ഥലങ്ങളിലെ മറ്റു സ്വത്തുക്കളുടെയും നിയമപരമായ ഉടമസ്ഥാവകാശവും കൈവശാധികാരവും മക്കളായ മിർസാ ഗുലാം ഖാദിർ സാഹിബിനും ഹദ്റത്ത് അഹ്മദിനും കൂടി തുല്യമായി അവകാശപ്പെട്ടതായിരുന്നു. ഒരു സ്വത്തിന്റെ ഭാഗം മാത്രം മതിയായിരുന്നു ഹദ്റത്ത് അഹ്മദ് (അ)ന് ഭൗതികമായ തന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ. എന്നാൽ, സ്വത്തുക്കൾ വിഭജിച്ചുനൽകാൻ ആവശ്യപ്പെടാതെ അവയുടെ മേൽനോട്ടവും നടത്തിപ്പുമെല്ലാം ജ്യേഷ്ഠനെത്തന്നെ അദ്ദേഹം ഏൽപ്പിക്കുകയാണുണ്ടായത്. ജ്യേഷ്ഠൻ കൊടുക്കുന്നതെന്തോ, അതു മാത്രം സ്വീകരിച്ച് ആ മഹാത്മാവ് തൃപ്തിപ്പെടുകയും ചെയ്തുപോന്നു.

അധികകാലം കഴിയും മുമ്പേ സ്വത്തുക്കളിന്മേൽ അവകാശവാദം പുറപ്പെടുവിച്ചുകൊണ്ടു ഹദ്റത്ത് അഹ്മദിന്റെ പിതൃപരമ്പരയിൽപെട്ട ചിലർ ലാഹോറിലെ ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥനായ മിർസാ അഅ്സം ബേഗ് എന്നൊരാളുടെ സഹായത്തോടുകൂടി, കേസ് ഫയൽ ചെയ്തു. ഹദ്റത്ത് അഹ്മദ് (അ)ന്റെ പിതൃസഹോദരപുത്രൻ മിർസാ ഇമാമുദ്ദീൻ ആയിരുന്നു ഈ നീക്കങ്ങളുടെയൊക്കെ സൂത്രധാരൻ.

കേസ്സിൽ, കുടുംബത്തിന്റെ ജയത്തിനുവേണ്ടി ഹദ്റത്ത് അഹ്മദ് (അ) ദൈവത്തോടു പ്രാർത്ഥിച്ചു. കുടുംബത്തിലെ മറ്റംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതല്ലെന്നു അദ്ദേഹത്തിനു വെളിപാടുണ്ടായി.

ഹദ്റത്ത് അഹ്മദ് (അ) കുടുംബാംഗങ്ങളെയൊക്കെ വിളിച്ചുകൂട്ടി. തനിക്കുണ്ടായ ദൈവിക വെളിപാടു വിവരിച്ചുകൊടുക്കുകയും കേസ്സിൽ തങ്ങൾക്കു ജയം ലഭിക്കുകയില്ല എന്നതിനാൽ വ്യവഹാരം നടത്തുന്നതിൽ നിന്നും പിൻവാങ്ങണമെന്നു ജ്യേഷ്ഠനെ ഉപദേശിക്കുകയും ചെയ്തു. എന്നാൽ, ഗുരുദാസ്പൂർ കമ്മീഷണർ ഓഫീസിൽ അന്നു ഒരുയർന്ന ഉദ്യോഗം വഹിക്കുകയായിരുന്ന ആ ജ്യേഷ്ഠസഹോദരന് കേസ്സ് ജയിക്കുമെന്നതിൽ സംശയമേ ഉണ്ടായിരുന്നില്ല. അദ്ദേഹം അനുജന്റെ വാക്കുകളോ മുന്നറിയിപ്പോ ചെവിക്കൊള്ളാൻ തയ്യാറാകാതെ കോടതി നടപടികളുമായി മുന്നോട്ടുപോയി. 'ഏതായാലും കുറേയധികം പണം വ്യവഹാരത്തിനു വേണ്ടി ഇതിനകം ചെലവഴിച്ചിട്ടുണ്ടല്ലോ, ഇനി കുറച്ച് ഇങ്ങനെയും പൊയ്ക്കൊള്ളട്ടെ' എന്ന വിചിത്രമായ ഒരു പ്രതികരണമാണ് പരിഹാസരൂപേണ അദ്ദേഹം പ്രകടിപ്പിച്ചത്. അപ്പോഴും കേസ്സ് വിഷയത്തിൽ അദ്ദേഹത്തിനു വിജയപ്രതീക്ഷയാണുണ്ടായിരുന്നതെന്നു വ്യക്തം.

കേസ്സിൽ അദ്ദേഹം വിജയിക്കുകയുണ്ടായി. കീഴ്ക്കോടതി തീരുമാനം അന്തിമമല്ലല്ലോ; എതിർകക്ഷികൾ മേൽക്കോടതിയിൽ അപ്പീൽ സമർപ്പിച്ച് കീഴ്ക്കോടതിവിധിക്കെതിരേ വിധി സമ്പാദിക്കുകയും കോടതി ചെലവുൾപ്പെടെ കൊടുക്കുവാൻ ഉത്തരവുണ്ടാവുകയും ചെയ്തു. കേസ്സ് തോറ്റുവെങ്കിലും മിർസാ ഗുലാം ഖാദിർ സാഹിബ്, സ്വത്തുക്കളിന്മേലുള്ള അവകാശം പിതൃസഹോദരബന്ധുക്കൾക്കു വിട്ടുകൊടുക്കാൻ തയ്യാറായില്ല. ജ്യേഷ്ഠ ന്റെ മരണശേഷം ഹദ്റത്ത് അഹ്മദ് (അ) ആണ് പ്രസ്തുത സ്വത്തുക്കൾ കോടതിവിധി പ്രകാരം അവകാശികൾക്കു വിട്ടുകൊടുത്തത്.

ജ്യേഷ്ഠസഹോദരൻ സ്നേഹപൂർവ്വം തന്നെയാണ് ഹദ്റത്ത് അഹ്മദ് (അ) നോടു പെരുമാറിയിരുന്നതെങ്കിലും പിതാവിന്റെ കർക്കശസ്വഭാവം ഒരളവുവരെ അദ്ദേഹത്തിൽ സ്വാധീനം ചെലുത്തിയിരുന്നു. അങ്ങനെ പ്രായേണ ആ സ്വഭാവം അനുജന്റെ ആവശ്യങ്ങൾക്കു നേരെ അശ്രദ്ധ കാട്ടുന്ന അവസ്ഥവരെ വന്നെത്തി. എന്നാൽ, അനുജനാകട്ടെ, ആ അവസരങ്ങളിലൊക്കെ അങ്ങേയറ്റത്തെ ക്ഷമയും സഹനവും കൈക്കൊള്ളുകയായിരുന്നു. കിട്ടിയതുകൊണ്ടു സംതൃപ്തിപ്പെടാനല്ലാതെ നീരസപൂർവ്വം ചോദിച്ചുവാങ്ങാൻ ഒരിക്കലും ആ മഹാത്മാവ് തയ്യാറായിരുന്നില്ല. ഉദ്യോഗസംബന്ധമായി ജ്യേഷ്ഠൻ അധികസമയവും ഗുരുദാസ്പൂരിലായിരുന്നതിനാൽ ഗൃഹകാര്യ

ങ്ങൾ മുഴുവൻ നോക്കിയിരുന്നത് ജ്യേഷ്ഠസഹോദരന്റെ ഭാര്യയും അവരുടെ ആൾക്കാരുമായിരുന്നു. ഇവരിൽ നിന്ന് അവഗണനാപരവും അവജ്ഞാപൂർവ്വവുമായ പെരുമാറ്റമാണ് അദ്ദേഹത്തിനു ലഭിച്ചത്. കടുത്ത പരീക്ഷണങ്ങളുടെയും കഠിനമായ കഷ്ടപ്പാടുകളുടെയും കാലമായിരുന്നു ഹദ്റത്ത് അഹ്മദി(അ)ന് ഇത്. ജ്യേഷ്ഠന്റെ ചരമം വരെ ഈ ജീവിതക്ലേശങ്ങൾ ആ മഹാത്മാവിനു സഹിക്കേണ്ടിവന്നിട്ടുണ്ട്. അനൽപ്പമായ അനുഗ്രഹം വർഷിക്കപ്പെടാൻ നിശ്ചയിക്കപ്പെട്ട അവന്റെ വരിഷ്ഠദാസർക്ക് യാതനകളുടേയും പരീക്ഷണങ്ങളുടേയും കടമ്പകൾ ദൈവം നിശ്ചയിച്ചുണ്ടാവും. ജീവിതത്തിന്റെ കൈപ്പുനീരും അവർ രുചിച്ചറിയേണ്ടി വന്നേക്കാം. അങ്ങനെ മാത്രമേ അല്ലാഹു അവരെ ദിവ്യാനുഗ്രഹങ്ങൾക്കു പാത്രീഭൂതരാക്കുകയുള്ളൂ.

ജ്യേഷ്ഠന്റെ ഭൗതികനേട്ടങ്ങൾക്കായുള്ള അമിതചിന്തയും, അത്യാർത്തിയും ഹദ്റത്ത് അഹ്മദിൽ മടുപ്പും അറപ്പും ഉളവാക്കി. ലൗകികവിരക്തനായ ആ മഹാത്മാവ്, തന്റെ മുഴുവൻ സ്വത്തുകളും ജ്യേഷ്ഠന്റെ ഇഷ്ടത്തിനു വിട്ടുകൊടുത്തിട്ട്, സ്വയം പരിമിതികൾക്കുള്ളിൽ ഒതുങ്ങി ജീവിക്കയാണ് ചെയ്തത്.

വിഭിന്ന ആശയവും ആഗ്രഹങ്ങളുമുള്ള രണ്ടു സഹോദരന്മാർ, ഒരാൾ ഭൗതിക സുഖാനുഗ്രഹങ്ങൾക്കു വേണ്ടി എന്തും സമ്പാദിക്കാൻ വെമ്പൽകൊള്ളുന്നു; അപരനാകട്ടെ അലൗകികാനുഭൂതികൾക്കും പ്രപഞ്ചനാഥന്റെ അനുഗ്രഹാശിസുകൾക്കുമായി സർവതും ത്യജിക്കുന്നു.

തീരെ പഴഞ്ചൻ മട്ടുകാരനും കുഴിമടിയനുമാണ് തന്റെ അനുജനെന്നു വരെ ചിത്രീകരിക്കാനും പരിഹസിക്കാനും ആ ജ്യേഷ്ഠൻ മടിച്ചില്ല. 'ജോലി'യൊന്നും ചെയ്യാതെ ധ്യാനവും ഗ്രന്ഥപാരായണവുമായിക്കഴിയുന്ന ഇത്തരം ഒരാളെ ആർക്കുവേണം എന്ന മട്ടിലായിരുന്നു ജ്യേഷ്ഠന്റെ പ്രതികരണം. എന്നാൽ ഒരു നവയുഗത്തിനു സുപ്രഭാതമരുളുവാൻ നിയോഗിക്കപ്പെട്ട ഈ പുണ്യാത്മാവിനെ സ്വീകരിക്കാൻ ആകാശത്തിന്റെ അനന്തതയിൽ നിന്നും മാലാഖമാർ വന്നു കാത്തുനിൽക്കുന്നുവെന്നത് ഈ അജ്ഞന്മാരുണ്ടോ അറിയുന്നു?

അസാമാന്യമായ ക്ഷമാശീലവും, സഹനശക്തിയും ഹദ്റത്ത് അഹ്മദിനുണ്ടായിരുന്നു. അതിനു പല ഉദാഹരണങ്ങളും ആ ജീവിതത്തിലുടനീളം നമുക്കു കാണാൻ കഴിയും.

വൃത്താന്തപത്രങ്ങൾക്കു ഇന്നത്തെപോലെ പ്രചാരം സിദ്ധിക്കാത്ത ഒരു കാലമായിരുന്നു അത്. അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന പല പത്രങ്ങളുടെയും വരിക്കാരനായിരുന്നു ഹദ്റത്ത് അഹ്മദ്. മതവിഷയങ്ങൾക്ക് ഗണ്യമായ പ്രാധാന്യവും സ്ഥാനവും അന്നത്തെ പത്രങ്ങൾ നൽകിയിരുന്നതിനാലാണ് അദ്ദേഹം അവയിൽ താൽപര്യം കാട്ടിയത്.

അമൃത്സറിലെ 'വക്കീൽ', ഒരു ബ്രഹ്മസമാജക്കാരനായ പണ്ഡിറ്റ് ശിവനാരായണന്റെ 'ഹിന്ദുബന്ധു' ബാംഗ്ലൂർ നിന്നും പ്രസിദ്ധീകരിക്കുന്ന 'മൻശൂറെ മുഹമ്മദ്' തുടങ്ങിയ പത്രങ്ങളുടെ സ്ഥിരം വരിക്കാരനായിരുന്നു അദ്ദേഹം. 'മൻശൂറെ മുഹമ്മദി'ൽ ആ മഹാത്മാവ് ലേഖനങ്ങളും എഴുതാറുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദ് പതിവായി വായിക്കാറുള്ള മറ്റൊരു വൃത്താന്ത പത്രമായിരുന്നു ലാഹോറിലെ 'അഖ്ബാറെ ആം.'

ഒരിക്കൽ പത്രത്തിനു വേണ്ടി കുറച്ചു വരിസംഖ്യ അടക്കാൻ പണമില്ലാതെ വിഷമിച്ചപ്പോൾ, അതിനായി അല്പം തുക, അദ്ദേഹം ജ്യേഷ്ഠനോടു ആവശ്യപ്പെട്ടു. ഇതൊക്കെ അനാവശ്യമായ അധികച്ചെലവുകളാണെന്നു പറഞ്ഞ് ജ്യേഷ്ഠൻ ആ അപേക്ഷ നിഷ്കരുണം തള്ളിക്കളഞ്ഞു. മാത്രമല്ല, 'പണിയെടുത്തു പത്തു കാശുണ്ടാക്കാൻ കഴിയില്ലെങ്കിൽ കടലാസ്സു വായിച്ചു സമയം കളയണ്ട' എന്ന മട്ടിൽ വേദനിപ്പിക്കുന്ന ഒരു പ്രതികരണവും അദ്ദേഹം പാസ്സാക്കി. തന്നെപ്പോലെത്തന്നെ, താനനുഭവിക്കുന്ന മുതലുകളുടെ തുല്യാവകാശിയായ സ്വന്തം അനുജന്റെ മുഴുവൻ സ്വത്തുകളും കൈയ്യടക്കി വച്ചുകൊണ്ടാണ് ഈ ക്രൂരമായ പരിഹാസവാക്കുകൾ ആ ജ്യേഷ്ഠൻ ഉരുവിട്ടത്. എന്നാൽ, ഹദ്റത്ത് അഹ്മദാകട്ടെ ഒരക്ഷരം പോലും എതിർത്തുപറയാതെ, ഒരു ഭാവഭേദവും കാട്ടാതെ, സഹനവും സംയമനവും കൈക്കൊള്ളുകയാണുണ്ടായത്. സ്വർഗ്ഗീയനായ ആ പുണ്യാത്മാവിൻ സമ്പത്തിനോടോ വെള്ളിത്തുട്ടുകളോടോ എന്തു താൽപര്യം?

രാജകീയ ഭാവത്തിൽ പ്രൗഢിയോടെ ജീവിക്കുവാനുള്ള സ്വത്തും സമ്പത്തും സൗകര്യങ്ങളും ഉണ്ടായിട്ടും, ഈ ലോകത്ത് നിസ്വനായി ഒരു ദരിദ്രനായി ജീവിക്കുവാനാത്രെ ആ മഹാത്മാവ് എന്നും ആഗ്രഹിച്ചത്. അപ്പോഴും പരലോകത്ത്, സ്വർഗ്ഗലോകത്തിന്റെ സുവർണ്ണകവാടങ്ങൾ ആ മഹാത്മാവിനുവേണ്ടി തുറന്നു കിടപ്പുണ്ടായിരുന്നു. (തുടരും)

●

## സുഗന്ധദ്രവ്യങ്ങൾ

ആയിശാ(റ)യിൽ നിന്നും നിവേദനം: നാട്ടിൽ കിട്ടാവുന്നതിൽ വെച്ച് ഏറ്റവും മേത്തരം സുഗന്ധദ്രവ്യം തിരുമേനിക്ക് ഞാൻ പൂശിക്കൊടുക്കാറുണ്ടായിരുന്നു. അവിടത്തെ തലയിലും താടിരോമങ്ങളിലും സുഗന്ധദ്രവ്യം തിളങ്ങി ക്കൊണ്ടിരിക്കുംവരേക്കും ഞാനത് പൂശിക്കൊണ്ടിരിക്കും

***(ബുഖാരി)***

ലേഖനം

# കന്യാമറിയവും കത്തോലിക്കാസഭയും

മാലിക്ക് പഴയങ്ങാടി

## യേശുവിന്റെ മാതാവ് മറിയമിന് സമ്മർദ്ദഫലമായാണ് ക്രിസ്തുസഭയിൽ ദിവ്യപദവി കൈവന്നത്

കന്യാമറിയത്തിന്റെ മനോഹരമായ മുഖചിത്രത്തിൽ, 'അവരുടെ പദവിയെച്ചൊല്ലി കത്തോലിക്കാസഭയിൽ വിവാദം പുകയുന്നു'വെന്ന പശ്ചാത്തലവുമായി ന്യൂസ് വീക്കിന്റെ ഒരു പഴയ ലക്കം.

കെന്നത്ത് എൽ. വുഡ്‌വാഡിന്റെ Hail, Mary (മറിയമിന് സ്വസ്തി) എന്ന കവർസ്റ്റോറി തുടങ്ങുന്നതിങ്ങനെ:

അമേരിക്കയിലെ കാലിഫോർണിയയിൽ നിന്ന് കപ്പൽമാർഗ്ഗം സാമാന്യം വലിയ ഒരു പെട്ടി ഈയാഴ്ച വത്തിക്കാനിലേക്ക് പുറപ്പെടുന്നു. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ മേൽവിലാസം പേറുന്ന ആ പാഴ്സലിൽ നാൽപതിനായിരത്തിലേറെ സഭാവിശ്വാസികൾ വെവ്വേറെ തയ്യാറാക്കി കൈയൊപ്പിട്ട നിവേദനങ്ങളാണ്. കഴിഞ്ഞ നാലുവർഷങ്ങളിലായി 44 ലക്ഷത്തോളം നിവേദനങ്ങൾ ഇതേ ആവശ്യവുമായി വത്തിക്കാനിൽ എത്തുകയുണ്ടായി.

160ൽ അധികം രാഷ്ട്രങ്ങളിൽ നിന്നുള്ള, പ്രതിമാസം ഏതാണ്ട് ഒരു ലക്ഷത്തോളം വരുന്ന ഈ നിവദനങ്ങളിലെ ഏകവും സമാനവുമായ ആവശ്യം മാർപ്പാപ്പ തന്നിലർപ്പിതമായ അപ്രമാദസഭാധികാരം (Infallible Papal Power) ഉപയോഗിച്ച് കന്യാമറിയത്തിന്റെ പദവിയെ പുനർനിർവ്വചിക്കുന്ന ഒരു പുതിയ വിശ്വാസപ്രമാണം (Dogma) പ്രഖ്യാപിക്കണം എന്നതാണ്.

നാൽപത്തിരണ്ടു കർദ്ദിനാൾമാരും, അഞ്ഞൂറോളം ബിഷപ്പുമാരും ഉൾപ്പെടുന്ന നിവേദകരിൽ സമാധാനത്തിനുള്ള നൊബേൽ പുരസ്കാര ജേത്രിയും, മിഷനറീസ് ഓഫ് ചാരിറ്റീസിന്റെ അധിപയും ആയ മദർ തെരേസയും ഉണ്ട്. കർദ്ദിനാൾമാരിൽ ആറുപേർ വത്തിക്കാനിൽ നിന്നു തന്നെ ഉള്ളവരാണ്. പുറമെ ന്യൂയോർക്കിലേയും, പോളണ്ടിലേയും ഓരോ കർദ്ദിനാൾമാരും.

വിശ്വാസികൾ സംഘടിച്ച് ഒരു പുതിയ വിശ്വാസ നിർബന്ധം അനുവദിച്ചു കിട്ടുന്നതിനുവേണ്ടി നേതൃത്വത്തോട് ആവശ്യപ്പെടുന്നത് സഭാചരിത്രത്തിൽ ഇതാദ്യമാണ്.

അവരുടെ ആവശ്യം അംഗീകരിച്ചുകിട്ടുകയാണെങ്കിൽ പുനർനിർണ്ണയിക്കപ്പെടുന്ന മറിയമിന്റെ പദവി മാറ്റത്തിന്റെ സൂചിക ഇങ്ങനെ:

(1) ജന്മപാപത്തിൽ നിന്നുള്ള മനുഷ്യരുടെ വീണ്ടെടുപ്പിൽ യേശുവിനോടൊപ്പം അമ്മയ്ക്കും പങ്കാളിത്തം (Co-Redeemer)

(2) യേശുവിന്റെ പീഢാനുഭവങ്ങളിലും, ക്രൂശിലെ ജീവത്യാഗത്തിലും വിശ്വസിക്കുന്നതു മുഖേന ലഭിക്കുന്ന സകല അനുഗ്രഹങ്ങൾക്കും മറിയമിന്റെ മകനിലുള്ള ഇടപെടലും (Intercession) മധ്യസ്ഥതയും കൂടി വേണമെന്ന തിരുത്ത്.

(3) ഭൂമിയിലുള്ള വിശ്വാസികളുടെ ആവലാതികളും പ്രാർത്ഥനകളും മറിയമിൽക്കൂടി അല്ലാതെ ദൈവസന്നിധിയിൽ എത്തുകയോ സ്വീകരിക്കപ്പെടുകയോ ഇല്ലെന്ന പുതിയ പാഠഭേദം.

ദൈവശാസ്ത്രപണ്ഡിതന്മാർ കടുത്ത മറിയവത്ക്കരണ (High Mariology) മെന്ന് കുറ്റപ്പെടുത്തുന്ന ഈ നീക്കം വിജയിച്ചാൽ "യേശു അല്ലാതെ വേറെ ദൈവമോ, ദൈവത്തിനം മനുഷ്യനും ഇടയിൽ വേറെ മധ്യസ്ഥനോ ഇല്ലെന്ന

(1 തിമോത്തി 2:5) ബൈബിൾ പറഞ്ഞതിന്റെ നിരാകരണവും, വിശുദ്ധ ത്രിത്വ (Holy Trinity)ത്തിന് പകരം വിശുദ്ധ ചതുഷ്ക്ക (Holy Quartet) മെന്ന വിശ്വാസവ്യതിയാനവും ആയിരിക്കും ഫലമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

ന്യൂസ് വീക്ക് ലേഖനം വിശേഷിപ്പിക്കുന്നതുപോലെ ഒരേസമയം പിതാവായ ദൈവത്തിന്റെ പുത്രിയും, പുത്രനായ ദൈവത്തിന്റെ മാതാവും, പരിശുദ്ധാത്മാവായ ദൈവത്തിന്റെ പത്നിയുമെന്ന അഭൗമമായ സ്ഥാനപ്പൊലിമയിൽ പ്രശോഭിക്കുന്ന മറിയമിനെ ത്രിത്വത്തിന്റെ ചുറ്റുമതിലിന് പുറത്ത് ഇനിയും നിർത്താനാവില്ലെന്ന് ഒരുവേള പറയാതെ പറയുകയാവും ഈ നിവേദനപ്രവാഹം. ഒന്ന് മൂന്നാവുമെങ്കിൽ നാലെന്തുകൊണ്ടായിക്കൂടായെന്നും, മൂന്നിന് ഒന്നാവാമെങ്കിൽ നാലിന് അങ്ങനെയാവാൻ ആവില്ലേയെന്നും ഒരുപക്ഷേ, വിശ്വാസത്തിന്റെ കാതിൽ ഈ നീക്കത്തിലൂടെ കാലം മറുചോദ്യം ചോദിക്കുന്നതാവാം.

മറിയംവാദി (Mariologist) കളുടെ ഈ നീക്കത്തിന് ചുക്കാൻ പിടിക്കുന്ന സ്റ്റ്യൂബൻവില്ലയിലെ (ഓഹിയോ, അമേരിക്ക) ഫ്രാൻസിസ്ക യൂനിവേഴ്സിറ്റി പ്രഫസർ അങ്ങേയറ്റത്തെ ശുഭാപ്തിവിശ്വാസത്തിലാണ്. തങ്ങളുടെ ഈ ഉദ്യമം ഫലപ്രാപ്തിയിലെത്താതിരിക്കാൻ അദ്ദേഹം ഒരു കാരണവും കാണുന്നില്ല. ഈ ആവശ്യാർത്ഥം അദ്ദേഹം ഇതിനകം പലതവണ വത്തിക്കാനിൽ ചെന്ന് പോപ്പിനെ കാണുകയും, സംസാരിക്കുകയും ഉണ്ടായി. വിശ്വാസികളെ ബോധവത്കരിക്കുന്നതിന്റെ ഭാഗമായി 1993ൽ വിപുലമായ ഒരു കൺവൻഷൻ വിളിച്ചുകൂട്ടിയ അദ്ദേഹം ഈ വിഷയകമായി മൂന്നു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മഹാദുരന്തങ്ങളിൽ നിന്ന് ഈ ഭൂമിയെ രക്ഷിക്കാനും, ആകാശത്ത് നിന്നുള്ള അനുഗ്രഹവർഷം ഈ ഭൂമിയിലേക്ക് പെയ്തിറങ്ങാനും കന്യാമറിയത്തിലുള്ള ഈ പുത്തൻ വിശ്വാസം കൊണ്ടല്ലാതെ പറ്റില്ലെന്ന് ഈകൂട്ടർ കല്ലിൽകൊത്തിയ വിശ്വാസദൃഢതയോടെ ആണയിടുന്നുണ്ട്.

ഈ നീക്കം മണത്തറിഞ്ഞ സഭയ്ക്കകത്തും പുറത്തുമുള്ള എതിർപ്പുകാരും ശക്തമായി തിരിച്ചടിക്കാൻ തുടങ്ങി. മനുഷ്യരുടെ വീണ്ടെടുപ്പിൽ യേശുവിനോടൊപ്പം മറിയമിന് പങ്കാളിത്തം കൽപിക്കുകയെന്നത് (Co-redeemer) ഒറ്റവാക്കിൽ പറഞ്ഞാൽ ക്രിസ്തുമതവിരുദ്ധത (Hersey)യെന്നാണ് ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ രൂപതാധ്യക്ഷൻ റവറന്റ് ജോർജ് ജി. പാസ്സിയസ്സ് പ്രതികരിച്ചത്.

റോമൻ കത്തോലിക്കാ സഭയുടേയും, ആംഗ്ലിക്കൻ ചർച്ചിന്റേയും ഏകീകരണത്തിനുവേണ്ടി ഏറെ വിയർപ്പൊഴുക്കിയ ദൈവശാസ്ത്രപണ്ഡിതനായ ആർ. വില്യം ഫ്രാങ്ക്ളിൻ സഭകളുടെ ഏകീകരണശ്രമങ്ങളുടെ മരണമണിമുഴക്കം എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്. മറിയമിനെ യേശുവിന്റെ ചുമലോളം ഉയർത്തുന്ന ഈ പുതിയ ഡോഗ്മ, പോപ്പിന്റെ അപ്രമാദിത്ത്വത്തോടും ഏല്പിതാധികാരത്തോടും കലഹിച്ച് പടിയിറങ്ങിയ പ്രൊട്ടസ്റ്റന്റുകാർ ഒരു കാരണവശാലും അംഗീകരിക്കില്ലെന്ന് താക്കീതു ചെയ്ത അദ്ദേഹം മറിയം ഭക്തനായ പോപ്പ് ജോൺ പോൾ രണ്ടാമന്റെ ഭ്രമാത്മകഭക്തിയുടെ കടുംപിടിത്തമായിക്കണ്ട് ഈ നീക്കത്തെ സഭ തന്നെ തള്ളിക്കളഞ്ഞുകൊളളുമെന്ന് നിസ്സാരമാക്കുകയും ചെയ്തു.

1960-കളിൽ നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൽ ബിഷപ്പുമാർ ചേരിതിരിഞ്ഞ് ഏറ്റുമുട്ടിയത് മറിയമിന്റെ പൊരുളിനെച്ചൊല്ലിയും, വിശ്വാസികളുടെ മുമ്പിൽ അവരുടെ ചിത്രം എങ്ങനെ വരച്ചുകാട്ടണം എന്നതിനെച്ചൊല്ലിയും ആയിരുന്നു.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അറിയപ്പെടുന്ന ഒരു മറിയം ഭക്തനായിരുന്നു. 1981ൽ മരണവക്ത്രത്തോളം എത്തിച്ച ഘാതകന്റെ വെടിയുണ്ടകളിൽ നിന്ന് തന്നെ രക്ഷിച്ചത് കന്യാമാതാവിന്റെ കാരുണ്യം ഒന്നു മാത്രമാണെന്ന് നന്ദിയോടെ സ്മരിക്കുന്നതിലും നാലാളെ അറിയിക്കുന്നതിലും അദ്ദേഹം ഒരിക്കലും ലോപം വരുത്തിയിരുന്നില്ല. മാത്രമല്ല സ്വകാര്യമോ, സാമൂഹികമോ ആയ ചാർട്ടുകളിലെ തന്റെ സ്നേഹശുശ്രൂഷാവചനങ്ങൾ കന്യാമാതാവിന് സ്തുതി ചൊല്ലിക്കൊണ്ടു മാത്രമേ അദ്ദേഹം തുടങ്ങിയിരുന്നുള്ളൂ, അപൂർവ്വം ചില സന്ദർഭങ്ങൾ ഒഴിച്ച്.

ഒരുപക്ഷേ, ഇതെല്ലാംകൊണ്ടായിരിക്കാം പ്രസ്തുത നീക്കത്തിന് ചുക്കാൻ പിടിച്ചവർ ഈ പോപ്പിന്റെ കാലം തന്നെ ഇതിനായി തിരഞ്ഞെടുത്തത്. അവരെ നിരാശപ്പെടുത്തരുതെന്ന് പോപ്പിനും തോന്നിയിരിക്കാം. അദ്ദേഹം ഈ വിഷയം, പഠിച്ച് വേണ്ട റിപ്പോർട്ട് നൽകുന്നതിന് ഒരു ഇരുപത്തിമൂന്നംഗ സമിതിയെ നിയോഗിച്ചു. സമിതിയിലെ അംഗങ്ങൾ മുഴുവൻ മറിയം ചായ്‌വുള്ളവർ (Mariologist) ആയിരുന്നിട്ടും അവരുടെ ഏകകണ്ഠമായ ശുപാർശ ഈ ആവശ്യം തള്ളിക്കളയണം എന്നായിരുന്നു. നിവേദകർ ആവശ്യപ്പെടുന്ന പുതിയ വിശ്വാസപ്രമാണം സഭയുടെ അന്തഃഛിദ്രത്തിന് കാരണമാവുമെന്നും വേദിയ്ക്കു ദോഷമില്ലാതെ മറ്റൊന്നും അതുകൊണ്ട് ഉണ്ടാവില്ലെന്നും സമിതി റിപ്പോർട്ട് ചെയ്തു.

ക്രിസ്തുമതചരിത്രത്തിന്റെ നാൾവഴികളിൽ സവിശേഷ സാന്നിധ്യമായി ആരംഭകാലത്ത് ഒരിക്കലും മറിയം ഉണ്ടായിരുന്നില്ല എന്നതാണ് നേര്. ബൈബിളിൽ അങ്ങിങ്ങായി ചില ചില്ലറ പരാമർശങ്ങളിൽ അവർ ഒരുങ്ങിയത് ഈ നിഗമനത്തെ ശരിവെക്കുന്നു.

പിന്നെ അവരെപ്പോഴാണ് ഇന്നത്തെ അവരായത്?

വെറും സാധാരണക്കാരിയായ ഒരു ജൂത സ്ത്രീയിൽ നിന്ന് എത്ര പെട്ടെന്നാണ് അവർ ശക്തിസ്വരൂപിണിയായ ദേവി (Papangodess) യായി മാറിയത്. അമ്പരപ്പിക്കുന്ന വേഗത്തിലായിരുന്നു ഈ മാറ്റം. ഈ മാറ്റത്തിന് തുടക്കം കുറിച്ചതോ എ.ഡി. 431-ലെ എക്യൂമനിക്കൽ കൗൺസി

ലും. അന്നാണ് അവർക്ക് ഔദ്യോഗികമായി 'ദൈവമാതാവ്' എന്ന സ്ഥാനപ്പേർ നൽകപ്പെട്ടതും, വിശ്വാസികൾ തങ്ങളുടെ പ്രാർത്ഥനകളിൽ അവരെ ഈ നിലയിൽ ഉൾപ്പെടുത്തണമെന്ന് ഔദ്യോഗികമായി നിർദ്ദേശിക്കപ്പെട്ടതും. പിന്നെ ഈ ദൈവമാതാവ് ദൈവം തന്നെയാകുന്നതും അതോടൊപ്പം ലോകമെമ്പാടും (വിശിഷ്യാ യൂറോപ്പിൽ) അവരുടെ പേരിൽ നൂറുകണക്കിന് അതിമനോഹരങ്ങളായ ദേവാലയങ്ങൾ ഉയരുന്നതും ലോകം കണ്ടു. അങ്ങ് ഫ്രാൻസിലെ ലൂർദ്ദ് തൊട്ടു ഇങ്ങ് തമിഴ്നാട്ടിലെ കായലോര ഗ്രാമമായ വേളാങ്കണ്ണി വരെ ധാരാളം തീർത്ഥാടന കേന്ദ്രങ്ങൾ ഉണ്ടായി. അവിടങ്ങളിലേയ്ക്ക് പ്രവഹിച്ച തീർത്ഥാടകർ തങ്ങളുടെ ദുഃഖങ്ങളും പരിദേവനങ്ങളും പ്രാർത്ഥനകളായി കാണിക്കയോടൊപ്പം നേർച്ചപ്പെട്ടിയിലിട്ടു. എന്നിട്ടു വീണുകിട്ടുന്ന സൗഭാഗ്യങ്ങളെ നേർച്ചപ്പെട്ടിയിലിട്ട തങ്ങളുടെ പ്രാർത്ഥനകളുടെ ഉത്തരങ്ങളായി കണ്ട് അവർ മാതാവിന് സ്തോത്രം ചൊല്ലി.

ഇത് ആരാധനയല്ലെങ്കിൽ പിന്നെന്താണ് ആരാധന? ഇങ്ങനെ ആരാധിക്കപ്പെടുന്നത് ദൈവമല്ലെങ്കിൽ പിന്നെ ഏതാണ് ദൈവം!

ദൈവമാതാവെന്ന ഔദ്യോഗിക സ്ഥാനാരോഹണത്തിന് ശേഷവും രണ്ടുതവണ സഭാചരിത്രത്തിൽ മറിയമിനുവേണ്ടി പിന്നെയും പുതിയ വിശ്വാസപ്രമാണങ്ങൾ (Dogmas) ഉണ്ടായി. അതിലൊന്ന് പീയൂസ് ഒമ്പതാമൻ (Pius IX) മാർപ്പാപ്പ 1854ൽ അവരെ ജന്മപാപത്തിന്റെ 'തടവറ' യിൽ നിന്ന് മോചിപ്പിച്ചതായിരുന്നു. ഉത്തരം അനിവാര്യമാക്കിയ ഒരു വാക്യത്തെ ഈ ഡോഗ്മയിലൂടെ സഭ പ്രതിരോധിക്കുകയായിരുന്നു എന്നതാണ് വാസ്തവം. സ്ത്രീയുടെ ഉദരത്തിൽ ജനിച്ചവൻ പാപരഹിതനായിരിക്കുന്നത് എങ്ങനെ" എന്ന ഇയ്യോബിന്റെ വചനം മറിയമിന്റെ ഉദരത്തിൽ ജനിച്ച യേശുവിനും ബാധകമാവില്ലേ എന്നതാണ് ഉത്തരം അനിവാര്യമാക്കുന്ന ഈ ചോദ്യം. അതിനുള്ള ഉത്തരമാണ് യേശുവിന്റെ ജനനത്തിന് മുമ്പേ മറിയം ജന്മപാപക്കറ ഇല്ലാത്തവളായിരുന്നു എന്ന വിശ്വാസത്തീർപ്പ്. 1950ൽ പോപ്പ് പീയൂസ് പന്ത്രണ്ടാമൻ (Pius XII) പ്രഖ്യാപിച്ച കത്തോലിക്കാസഭയുടെ മറിയമിനെസ്സംബന്ധിച്ച വിശ്വാസപ്രമാണമാണ് (അതിനുശേഷം പുതിയ ഒരു ഡോഗ്മയും ഉണ്ടായിട്ടില്ല) മറ്റൊന്ന് മറിയം. ശരീരത്തോടും, ആത്മാവോടും ഒപ്പം ആകാശത്തേക്ക് കരേറിപ്പോയി (Ascension to Heaven) എന്നതാണത്.

ക്രൂശ്സംഭവം വരെയുള്ള, അതും തീരെ ശുഷ്കമായ അറിവ് മാത്രമേ മറിയമിന്റെ ജീവിതത്തെസ്സംബന്ധിച്ച് ചരിത്രത്തിന്റെ ഓർമ്മകളിലുള്ളൂ; ബൈബിളിൽ ആയാലും, ബൈബിളിന്റെ പുറത്തായാലും. ഇങ്ങനെ തീരെ ചുരുക്കിച്ചെറുതാക്കി പറയപ്പെട്ട അവരുടെ ജീവിതത്തിലെ ഒരു പുറം പൊലിപ്പിച്ചും, മറുപുറം ഒളിപ്പിച്ചും ക്രൈസ്തവത വശ്വാസത്തിന്റെ കൈയൂക്കോടെ ചരിത്രത്തിൽ ഇടപെട്ടു.

ഗബ്രിയേൽ മാലാഖയുടെ അവിശ്വസനീയമായ വാക്കുകൾ കേട്ട് പരിഭ്രമിക്കുകയും ഭയക്കുകയും ചെയ്ത കന്യകയായ ഒരു പാവം പെൺകുട്ടിയിൽ തുടങ്ങി, പവിത്രയായിരുന്നിട്ടും അവിവാഹിതയായ ഗർഭിണിയെന്ന പേരുദോഷത്തിന്റെ തീച്ചൂടേൽക്കാൻ വിധിക്കപ്പെട്ട ഒരു മാതൃത്വത്തിൽ അവസാനിക്കുന്നു അവരുടെ ജീവിതത്തിലെ പൊലിപ്പിക്കപ്പെട്ട ആദ്യഘട്ടം. ഭർത്താവായ ജോസഫിന് വെച്ചുവിളമ്പിയും, ജോസഫിന് പായ വിരിച്ചും, ജോസഫിന്റെ കുഞ്ഞുങ്ങളെ പെറ്റുപോറ്റിയും ജീവിച്ച രണ്ടാംഘട്ടത്തെയാണ് ക്രൈസ്തവത ഒളിപ്പിച്ചതും തമസ്കരിപ്പിച്ചതും.

അത് മറ്റൊന്നും കൊണ്ടല്ല. ദൈവപുത്രന്റെ ജനനത്തിന് നിമിത്തമായ ആ ഗർഭപാത്രം തന്നെ ജോസഫിന്റെ (മനുഷ്യ) മക്കൾക്കും അവകാശപ്പെട്ടതാണെന്ന നേരിനെ നേരിടാനുള്ള വിശ്വാസപരമായ സത്യസന്ധതയില്ലായ്മ. "ദൈവത്തിന്റെ" രക്തബന്ധുക്കളെ വിശ്വാസത്തിന്റെ ഏത് കണ്ണികളിൽ എഴുതിച്ചേർക്കുമെന്ന ഒരുതരം വിശ്വാസവിമ്മിഷ്ടം.

മുകളിൽ സൂചിപ്പിച്ച ശരിതെറ്റുകളുടെ തരംതിരിവിനു അപ്പുറം സാന്ദ്രമായ ഒരു സത്യമുണ്ട്. നൂറ്റാണ്ടുകളായി കോടിക്കണക്കിന് വിശ്വാസികൾക്ക് മറിയം ദൈവമാണെന്ന സത്യം; സഭ ഔദ്യോഗികമായി അതംഗീകരിച്ചിട്ടില്ലെങ്കിലും. അതുപോലെ മറിയമിന്റെ ഈ പുതിയ പദവിക്കും സഭയുടെ ഔദ്യോഗികമായ അംഗീകാരം ഇല്ല. എന്നിരുന്നാലും നിവേദകരും നിവേദകരോടു ചായ്വുള്ളവരും ആയ അനേകരുടെ നെഞ്ചകങ്ങളിൽ മറിയമിന് ഈ പുതിയ പദവി ഇല്ലാതിരിക്കില്ല തീർച്ച.

വിശ്വാസം എന്നത് മനുഷ്യമനസ്സിന്റെ വിചാരവികാരങ്ങളുടെ കൂട്ടിക്കിഴിക്കലുകളാണ്. പാരമ്പര്യങ്ങളായ അറിവുകളും വിശ്വാസങ്ങളും വിചാരങ്ങളും പരിശോധിക്കുകയും പരിശോധിക്കാതിരിക്കുകയും ചെയ്യുന്നതിലൂടെ ലഭിക്കുന്ന മറുപടികളെ മനസ്സിലെ വിചാരവികാരങ്ങളുമായി പൊരുത്തപ്പെടുത്തിയും, കലഹിച്ചും, നിസ്സംഗത പാലിച്ചുമാണ് ഈ കൂട്ടിക്കിഴിക്കലുകൾ നടക്കുന്നത്. അതേസമയം സഭയുടെ ഔദ്യോഗികമായ അംഗീകാരം എന്നത് സാങ്കേതികത്വവും. വിശ്വാസത്തിന് വഴി നടക്കാൻ സാങ്കേതികത്വത്തിന്റെ ഊന്നുവടി ആവശ്യമില്ല. അതുകൊണ്ടാണ് സഭയുടെ (ഔദ്യോഗിക) വിശ്വാസം അല്ലാത്തവ സഭാവിശ്വാസികളുടെ വിശ്വാസമാവുന്നത്.

എന്താണ് ഇത്തരം വിശ്വാസങ്ങൾക്ക് ഔദ്യോഗികമായ കൈയൊപ്പ് നൽകുന്നതിൽ നിന്ന് സഭാധികാരത്തെ തടയുന്നത്? മറ്റൊന്നുമല്ല; ത്രിത്വം! ത്രിത്വം ഏകദൈവത്വമാണെന്ന വിശ്വാസത്തെറ്റ്. അതാണ് തടയുന്നത്. യേശു ഇസ്രായീലികളെ പരിചയപ്പെടുത്തിയ പഴുതടച്ച ഏകദൈവത്വമല്ല പൗലോസിന്റെ ത്രിത്വദർശനത്തിലുള്ളതെന്ന തിരിച്ചറിയായ്മ. അതാണ് തടയുന്നത്.

വാസ്തവത്തിൽ ത്രിത്വം ഉടുപ്പിട്ട ബഹുദൈവത്വമാ

*(ശേഷം 24-ാം പേജിൽ)*

ചോദ്യോത്തരം

# മരിച്ചവരുടെ ആത്മാക്കളുമായി സമ്പർക്കം സാദ്ധ്യമാണോ?

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

ചോദ്യം : മരിച്ചവരുടെ ആത്മാക്കൾ തിരിച്ചു വരുമോ? അവരോടു സംസാരിക്കാൻ കഴിയുമോ? അവരോട് ചോദ്യങ്ങൾ ചോദിക്കാനും ഉത്തരം ലഭിക്കുവാനും സാധ്യതയുണ്ടോ?

ഉത്തരം : വിശുദ്ധ ഖുർആന്റെയും, ഹദീസുകളുടെയും വാഗ്ദത്ത മസീഹിന്റെ വിവരണങ്ങളുടെയും അദ്ദേഹത്തിന്റെ സ്വന്തം അനുഭവങ്ങളുടെയും എന്റെ മുൻഗാമികളായ ഖലീഫമാരുടെ അഭിപ്രായങ്ങളുടെയും വെളിച്ചത്തിൽ ഈ വിഷയം പഠിക്കുകയാണെങ്കിൽ നിങ്ങൾക്ക് വളരെ വ്യക്തമായി ഒരു തീരുമാനത്തിലെത്താൻ സാധിക്കും. മരിച്ച ഒരാളുടെ ആത്മാവുമായി ബന്ധം സ്ഥാപിക്കാൻ സാധ്യമല്ല എന്ന് ഒരാൾക്കും പറയാൻ സാധ്യമല്ല. എന്നാൽ അതു സാധ്യമാവുന്നുവെങ്കിൽ ആത്മീയ ദർശനത്തിലൂടെ മാത്രമാണ്. നേരിട്ട് സാധ്യമാവില്ല. ഈ വിഷയത്തിൽ എന്താണ് അസാധ്യത; എന്താണ് തെറ്റ്, എവിടെയാണ് പിഴവ് എന്നീ കാര്യങ്ങൾ വിശുദ്ധഖുർആൻ, ഹദീസ്, മേൽ വിവരിച്ച വിജ്ഞാന സ്റോതസ്സുകൾ മുതലായവയിൽ നിന്ന് നമുക്ക് ലഭ്യമാണ്.

ആദ്യമായി, വേർപിരിയുന്ന ആത്മാവിനെപ്പറ്റി വിശുദ്ധഖുർആൻ പറഞ്ഞ ഒരു കാര്യം നിങ്ങളെ ഉണർത്താൻ ഞാനാഗ്രഹിക്കുന്നു.

"അങ്ങനെ അവരിലൊരാൾക്ക് മരണം വന്നെത്തിയാൽ അയാൾ ആവർത്തിച്ചു പറയും. 'എന്റെ നാഥാ, എന്നെ നീ പിന്നോട്ട് മടക്കിത്തരേണമേ. ഞാൻ വിട്ടുപോന്ന ലോകത്ത് വെച്ച് സൽക്കർമ്മങ്ങൾ ചെയ്യാൻ വേണ്ടി, (അല്ലാഹു പറയും) ഒരിക്കലുമില്ല ഇത് അവൻ പറയുന്ന ഒരു വീൺവാക്കാണ്. അവർ പുനരുത്ഥാനം ചെയ്യപ്പെടുന്നത് വരെ അവരുടെ പിന്നിൽ ഒരു മറയുണ്ട്."(23:100-101)

വേർപിരിഞ്ഞ ആത്മാക്കൾക്ക് ഈ ലോകത്ത് തിരിച്ചുവരാനുള്ള സാധ്യതയെപ്പറ്റി നമുക്ക് സന്ദേഹമുണ്ടായേക്കാം. അതായത് മരിച്ച ആത്മാക്കൾ ഈ ലോകം സന്ദർശിക്കാൻ എന്തെങ്കിലും തരത്തിലുള്ള സാധ്യതയുണ്ടോ എന്നതാണ് ആ സന്ദേഹം. ശരീരമില്ലാതെ ആത്മാവിന് മാത്രം ഈ ലോകത്തേക്ക് മടങ്ങിവരാൻ സാധിക്കുമെന്നും മറ്റു വിധത്തിലും ഇത് സാധ്യമാകാം എന്നും ചിലർ വാദിക്കുന്നു. ഈ 'സാധ്യതാവാദം' മരിച്ചയാളുടെ ആത്മാവ് ഈ ലോകത്ത് വീണ്ടും വരാം എന്നതിലേക്ക് അനുകൂലമായി ഉയർത്തപ്പെടുന്ന ഒരു വാദമുഖമാണ്. എന്നാൽ റസൂൽ തിരുമേനി(സ) യുടെ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ വാദം തള്ളികളയാവുന്നതാണ്.

തിരുനബി(സ) ഒരു ദർശനത്തിൽ സ്വർഗ്ഗത്തിൽ ആത്മാക്കൾ വസിക്കുന്നതായി കണ്ടു. വ്യക്തമായി പറയുകയാണെങ്കിൽ ഉഹ്ദ് യുദ്ധത്തിൽ രക്തസാക്ഷിയാക്കപ്പെട്ട തിരുനബി(സ) യുടെ ഒരു സഹാബി (അനുചരൻ) യായിരുന്നു അദ്ദേഹം. മരണത്തിന് ശേഷം ദൈവവും ആ സഹാബിയും തമ്മിൽ നടന്ന സംഭാഷണം റസൂൽതിരുമേനിക്ക് (സ) ദർശനാവസ്ഥയിൽ കേൾപ്പിക്കപ്പെടുകയുണ്ടായി. രക്തസാക്ഷിയായ ആ സഹാബിയുടെ മകന്റെ ദുഃഖവും വ്യസനവും കണ്ടപ്പോൾ താങ്കളുടെ ദുഃഖം ലഘൂകരിക്കുന്ന വാർത്ത അറിയിക്കട്ടയോ എന്നു പറഞ്ഞു കൊണ്ട് തിരുമേനി (സ) അദ്ദേഹത്തിന്റെ പിതാവിനെ സ്വർഗ്ഗത്തിൽ കണ്ടതായും ദൈവവും അദ്ദേഹത്തിന്റെ രക്തസാക്ഷിയായ പിതാവും തമ്മിൽ നടന്ന സംഭാഷണം കേട്ടതായും പറഞ്ഞു. തന്റെ ജീവൻ ബലിദാനം നൽകി ക്കൊണ്ട് ദൈവത്തിന്റെ മുമ്പിൽ ഹാജരായപ്പോൾ അതീവ സന്തുഷ്ടനായ ദൈവം അദ്ദേഹത്തോട് പറഞ്ഞു: താങ്കൾക്ക് ഇഷ്ടമുള്ളത് ചോദിച്ചു കൊൾക. ഇതിനോട് ആ സഹാബി പ്രതികരിച്ചത് രക്തസാക്ഷിത്വം വരിക്കാൻ വേണ്ടി എന്നെ ഈ ലോകത്തേക്ക് തിരിച്ചയക്കണമെന്നായിരുന്നു. അങ്ങനെ ദൈവത്തിനരികിലെത്തിയാൽ വീണ്ടും ഈ ലോകത്തേക്ക് വന്ന് പിന്നെയും ദൈവമാർഗത്തിൽ രക്തസാക്ഷിയാവണമെന്നും ഇങ്ങനെ നൂറുതവണ രക്തസാക്ഷിയാവണമെന്നും അദ്ദേഹം പറഞ്ഞു. കാരണം, അതിലുള്ള വിസ്മയ

ത്തിനു, പകരം നിൽക്കാൻ മറ്റൊന്നിനുമാവില്ല. ഇതിന് മറുപടിയായി ദൈവം പറഞ്ഞത് ഇപ്രകാരമായിരുന്നു: "മരിച്ച ഒരാൾ ലോകത്ത് ഒരിക്കലും തിരിച്ചുപോകില്ല എന്ന നിയമം ഞാൻ അലംഘനീയമാക്കിവെച്ചിരിക്കുന്നു. " ഇത് തന്നെയാണ് വിശുദ്ധഖുർആൻ വളരെ വ്യക്തമായി പ്രഖ്യാപിച്ചത്. ഇവിടെ മരിച്ചയാളുടെ ശരീരത്തിന്നോ ആത്മാവിന്നോ ഈ ലോകത്തേക്ക് മടങ്ങിവരാൻ സാധ്യമല്ല എന്ന് വളരെ സ്പഷ്ടമായി പറഞ്ഞിരിക്കയാണ്. മരിച്ച (സച്ചരിതരുടെ) യാളുകളുടെ ആത്മാക്കൾ ദൈവ സവിധത്തിൽ ആനന്ദത്തിലും സന്തുഷ്ടിയിലും കഴിഞ്ഞുകൂടുമ്പോൾ അവരെ ഈ ലോകത്തേക്ക് തിരിച്ചയക്കേണ്ട ആവശ്യമില്ല. ദൈവം ഉദ്ദേശ്യരഹിതമായി യാതൊന്നും ചെയ്യുന്നില്ല. ആത്മാവ് ഈ ലോകത്തേക്ക് അയക്കപ്പെട്ടാൽ തന്നെ അതിന് ജീവവസ്തുക്കളിൽ ഇടപെടാൻ സാധ്യമല്ല. അതിന് നന്മയോ തിന്മയോ വരുത്താനും കഴിയില്ല. ഇത് വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്.

ഇത് സംബന്ധമായി മറ്റൊരു സംഭവം നാം ഹദീസുകളിൽ വായിക്കുന്നത് മക്കയിലെ തന്റെ മരിച്ചുപോയ ഒരു കഠിന ശത്രുവിന്റെ കുഴിമാടത്തിന്നരികിലൂടെ തിരുനബി(സ) നടന്നു പോകുമ്പോൾ മരിച്ച ശത്രുവിനെ അഭിസംബോധന ചെയ്ത് കൊണ്ട് തിരുനബി(സ) താക്കീത് ചെയ്യുന്ന മട്ടിൽ പറഞ്ഞു: "ദൈവം നമുക്ക് വാഗ്ദാനം ചെയ്തത് സത്യമാണെന്ന് ഞങ്ങൾ കണ്ടു. നിനക്ക് ദൈവം വാഗ്ദാനം നൽകിയത് സത്യമാണെന്ന് കണ്ടുവോ?" ഇത് കേട്ട് അരികിലുണ്ടായിരുന്ന ഹദ്റത്ത് ഉമർ (റ) നബിതിരുമേനി (സ) യോട് ചോദിച്ചു: "അല്ലയോ തിരുദൂതരേ, അങ്ങ് കേൾക്കാൻ കഴിയാത്ത മൃതിയടഞ്ഞുപോയ ഒരാളോടാണോ സംസാരിക്കുന്നത്" തിരുനബി (സ) പ്രതിവചിച്ചു : " ഒരു പക്ഷേ ഈ സന്ദേശം അറിയിക്കപ്പെട്ടാൽ ഭൂമിയിലുള്ള നിങ്ങളേക്കാൾ സ്പഷ്ടമായി അവർ ഇത് കേൾക്കും" മരിച്ച ആളുടെ ആത്മാവിന് ഭൂമിയിലേക്ക് വരാൻ സാധ്യമാണെന്നും ആത്മാവിനോട് സംസാരിക്കാൻ കഴിയുമെന്നുമുള്ള തെറ്റായ വിശ്വാസത്തിന് ഉപോൽബലകമായി ഈ ഹദീസ് ഉദ്ധരിക്കപ്പെടാറുണ്ട്. മേൽ വിവരിക്കപ്പെട്ട രണ്ട് സംഭവങ്ങളിൽ ആത്മാവ് തിരിച്ചു വരുന്നതിനെ പറ്റി എവിടെയും പ്രതിപാദിക്കുന്നില്ല. പറയപ്പെട്ട കാര്യം മരിച്ചവർക്ക് കേൾക്കാൻ കഴിയും എന്നാണ്. ഇത് തികച്ചും മറ്റൊരു വിഷയമാണ്.

റസൂൽ തിരുമേനി (സ) ഇപ്രകാരം കൂടി പറയുകയുണ്ടായി: ഒരു കബർസ്ഥാനിൽ പ്രവേശിക്കുന്ന ആൾ ''അസ്സലാമു അലൈക്കും യാ അഹ്‌ലിൽ ഖുബൂർ' 'അല്ലയോ കബർവാസികളേ, നിങ്ങൾക്ക് സമാധാനം' എന്ന് പറയണമെന്ന് . ഈ സന്ദേശം കബർ വാസികൾക്ക് കേൾപ്പിക്കപ്പെടുന്നില്ലെങ്കിൽ പിന്നെയെങ്ങനെയാണ് അവർ ഇത് കേൾക്കുക? ഇതിൽ നിന്നും മരിച്ചവരുടെ ആത്മാക്കൾ കബറിനും ചുറ്റും അലഞ്ഞു നടക്കുന്നു എന്ന് കരുതുന്നത് ശരിയല്ല. ചില വിനിമയോപാധികളിലൂടെ ഭൂമിയിൽ നിന്നുള്ള ആ സന്ദേശം അവർക്ക് എത്തിക്കപ്പെടുന്നു. ഈ വസ്തുത വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ്.

ഒരു കാര്യം കൂടി നാം ഇവിടെ പരിഗണിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ട് റസൂൽ തിരുമേനി(സ) രാവിലോ പകലിലോ വീട്ടിലോ മറ്റിടങ്ങളിലോ പോയി മരിചച്ചവരോട് സംസാരിക്കാൻ കഴിയുമെന്ന് പഠിപ്പിച്ചില്ല. സലാം ചൊല്ലുക എന്നതിൽ കവിഞ്ഞ് മറ്റൊരു പ്രവൃത്തിയും നടത്താൻ നമ്മോട് ഉപദേശിച്ചില്ല. ഇത് സൂചിപ്പിക്കുന്നത് ഒരാളുടെ കബറിടവും അയാളുടെ ആത്മാവും തമ്മിൽ അദൃശ്യമായ ഒരു ബന്ധമുണ്ട് എന്നാണ്, ഇതിന്നർത്ഥം, ആത്മാവ് അതിന്റെ പരലോകത്തുള്ള വാസസ്ഥലം വിട്ട് കബറിടത്തിൽ വന്ന് ആൾരൂപത്തിൽ സന്നിഹിതനാവുകയെന്നല്ല 'സാന്നിദ്ധ്യം' എന്നതിന്റെ ഉദ്ദേശ്യം മരിച്ചയാളുടെആത്മാവും കബറും തമ്മിൽ ഒരു പ്രത്യേകബന്ധം നിലനിൽക്കുന്നു എന്ന അർത്ഥത്തിൽ നാം മനസ്സിലാക്കേണ്ടതുണ്ട്. ആത്മാവുമായി നമുക്ക് തിരിച്ചു സംസാരിക്കാൻ പറ്റുമെന്ന അവകാശവാദം നമുക്കെങ്ങനെ അംഗീകരിക്കാൻ സാധ്യമാകും? ഇത് സാധ്യമാവുക ആത്മീയദർശനങ്ങളിലൂടെ മാത്രമാണ്. വളരെ ദീർഘകാലമായി വളരെയധികം മുസ്‌ലിം സൂഫിമാർക്ക് ഈ മാർഗ്ഗേണ ഇത്തരം ദർശനങ്ങൾ ഉണ്ടായിട്ടുണ്ട്. സൂഫികൾ എന്നാൽ ഇക്കാലത്ത് കാണപ്പെടുന്ന കഠിനചിത്തരായ മുല്ലാക്കളല്ല. ദൈവഭക്തിയിലും ദൈവാനുരാഗത്തിലും ജീവിതം മുഴുവൻ സമർപ്പിച്ച സച്ചരിതരായ ഭക്തന്മാരാണ് സൂഫികൾ. അവരുടെ ചില യഥാർത്ഥമായ വിവരങ്ങളിൽ നിന്ന് നമുക്ക് വായിക്കാൻ കഴിയുന്നത്, അവർ പരമസാത്വികരായിരുന്ന ശൈഖമാരുടെയോ, ഉസ്താദുമാരുടേയോ കബറിടത്തിന്നരികേ പ്രാർഥനക്കായി വരുന്ന അത്തരം സൂഫികൾ മരിച്ചവരോടായി യാതൊരഭ്യർത്ഥനയും നടത്തുന്നില്ല. കബറടക്കിയ ആ പുണ്യാത്മാക്കൾക്ക് വേ ണ്ടി പ്രാർത്ഥിക്കുക മാത്രം ചെയ്യുന്ന ആസന്ദർഭത്തിൽ അവർക്ക് ചില ആത്മീയ ദർശനം സാധ്യമാകുന്നു.

ആസന്ദർഭത്തിൽ അവർക്ക് മരിച്ച ആത്മാവ് പ്രത്യക്ഷമായി ഭവിക്കാം. അത് യഥാർത്ഥത്തിൽ തന്നെ ഗോചരീഭവിക്കുമാറ് സത്യസന്ധമായി അവർക്കനുഭവപ്പെടുകയും അവരോട് സംസാരിക്കാൻ സാധിക്കുകയും ചെയ്യുന്നു ഇക്കാലത്തെ 'സ്പിരിചലിസ്റ്റുകൾ' പറയുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഇത്. സ്പിരിചലിസ്റ്റുകൾ പറയുന്നത് നാം എവിടെയായിരുന്നാലും അവിടെ നിന്നുകൊണ്ട് നിർദേശിച്ചാൽ ആത്മാക്കൾക്ക് പ്രത്യക്ഷപ്പെടാനും നമ്മുടെ അടുത്ത് വരാനും സാധ്യമാകുമെന്നാണ്. മരിച്ചയാളുടെയോ അദ്ദേഹത്തിന്റെ കബറിടത്തിന്റേയോ സാമീപ്യം ഇതിന് ആവശ്യമില്ല എന്നാണ് സ്പിരിചലിസ്റ്റുകളുടെ വാദം. ഇതിന്ന് ദർശനപരമായ ആത്മീയാവസ്ഥ ആവശ്യമില്ല എന്ന് അവർ പറയുന്നു.

നിങ്ങൾക്ക് ചുറ്റുമുള്ള ആളുകളോട് സംസാരിക്കുന്ന അതേ സമയം തന്നെ ആത്മാക്കളോടും സംസാരിക്കാമെന്നും അവരിൽ നിന്നു സന്ദേശം സ്വീകരിക്കാമെന്നും ഈകാര്യത്തെ ഖുർആനോ ഹദീസുകളോ തിരുനബി(സ) യുടെ അനുഭവങ്ങളോ ഇസ്ലാമിലെ പുണ്യാത്മാക്കളുടെ അനുഭവങ്ങളോ പിന്തുണക്കുന്നില്ല.

ദർശനം എന്നത് ഒരു ആത്മീയാനുഭവമാണ്. അത് ഭൗതിക ലോകവുമായി ബന്ധമില്ലാത്ത കാര്യമാണ്. ദർശനാവസ്ഥയിൽ ഒരാൾക്ക് പരലോകത്തുള്ള കാര്യങ്ങൾ ഗോചരീഭവിക്കുന്നതാണ്. ഇതിനർത്ഥം ഒരാളുടെ ആത്മാവ് ഭൗതികവസ്തുക്കൾ സഞ്ചരിക്കുന്നത് പോലെ അവിടെ പോകുമെന്നാണോ? ദർശനത്തിൽ ഒരാൾക്ക് അയാൾ അന്ന് വരെ കണ്ടിട്ടില്ലാത്ത വസ്തുക്കളും സ്ഥലങ്ങളും ദർശിക്കാവുന്നതാണ്. എന്നാൽ ദർശനമനുഭവിക്കുന്ന ആ ദർശകൻ ഭൗതികമായി അവിടെ തന്നെ നിൽക്കുകയാണ്. നഗ്ന നേത്രങ്ങൾകൊണ്ടുള്ള ദർശനം പോലെയല്ല അത്. എപ്രകാരമെന്നാൽ തിരുനബി (സ) (മക്കയിൽവെച്ച്) ജെറുസലം സന്ദർശിക്കുന്നതായി കണ്ട ദർശനം (ഇസ്റാഅ്; മിഅ്റാജ്). ഈ ആത്മീയ ദർശനം ജനങ്ങൾക്ക് വിവരിച്ചുകൊണ്ടിരിക്കേ ഒരു ജൂതൻ ജറുസലേം നഗരം സന്ദർശിച്ചയാളായിരുന്നു. ഹദീസുകളിൽ പറയുന്നത് ഈ സന്ദർഭത്തിൽ കുറച്ചു നിമിഷത്തേക്ക് തിരുനബി (സ) ക്ക് ആ ചോദ്യത്തിന് ഉത്തരം പറയാൻ സാധ്യമായില്ല എന്നതാണ്. കാരണം അദ്ദേഹം ദർശനാവസ്ഥയിലായിരുന്നു ജെറുസലേം നഗരം കണ്ടത്. സാധാരണ മാംസചക്ഷുക്കൾ കൊണ്ട് നോക്കികാണുന്നത് പോലെ ഒരു നഗരത്തിന്റെ ഭൗതികാർത്ഥത്തിലുള്ള ദർശനമായിരുന്നില്ല. ഈ സന്ദർഭത്തിൽ തിരുമേനി (സ)ക്ക് മറ്റൊരു ദർശനം കാണിക്കപ്പെടുകയുണ്ടായി. അദ്ദേഹം പ്രസംഗ പീഠത്തിലായിരിക്കെ ജെറുസെലം നഗരത്തിന്റെ പൂർണ ചിത്രം ദർശനാവസ്ഥയിൽ വീണ്ടും കാണിക്കുകയുണ്ടായി. സോളമന്റെ ആരാധനാലയവും മറ്റും സ്ഥലങ്ങളും അതിൽ കാണിക്കപ്പെട്ടു. തിരുനബി(സ) അതെല്ലാം ദർശിച്ച് അതിന്റെ വിവരണങ്ങൾ ജനങ്ങൾക്ക് വിവരിച്ചുകൊടുത്തു. ജെറുസെലം നഗരം മുഴുവൻ അതിന്റെ ഭൗതിക കാര്യത്തിൽ നബി (സ) ക്ക് മുമ്പിൽ പ്രദർശിപ്പിക്കപ്പെടുക സാധ്യമല്ലായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ അവിടെയുള്ള ആളുകൾക്കെല്ലാം അത് കാണാൻ സാധിക്കുമായിരുന്നു. ഇവിടെ തിരുനബി(സ) ക്കല്ലാതെ മറ്റൊരു വ്യക്തിക്കും ആ ദർശനം കാണാൻ കഴിഞ്ഞിട്ടില്ലായിരുന്നു.

ഇസ്ലാമിക പാരമ്പര്യമനുസരിച്ച് ആത്മാക്കളുമായുള്ള സന്ദർശനവും കൂടികാഴ്ചയും പ്രഥമമായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് മൃതിയടഞ്ഞവരുടെ കബറിടങ്ങളിൽ വെച്ചാണ്. കാരണം മരിച്ചവരുടെ ആത്മാക്കൾക്ക് അവരുടെ കബറുമായി ഒരു പ്രത്യേക തരം ബന്ധമുണ്ട്. ആ ബന്ധം നമ്മുടെ ഗ്രാഹ്യശക്തിക്കതീതമാണ്. വാഗ്ദത്ത മസീഹ് ഇതിനോട് പൂർണമായും യോജിക്കുന്നു. അദ്ദേഹം പറയുകയുണ്ടായി. നിരീശ്വരവാദികളും അവിശ്വാസികളും എന്ത്തന്നെ പറഞ്ഞാലും ശരി ആത്മാവിന് അതിന്റെ മൃതശരീരം അടക്കിയ കബറിടവുമായി ഒരു ബന്ധമുണ്ട്. നിങ്ങൾ ഒരു സാത്വികനാണെങ്കിൽ നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന ആളാണെങ്കിൽ നിങ്ങളുടെ ആത്മാവിനെ സംസ്കരിക്കുകയും ആത്മീയ പരിശുദ്ധി വരുത്തിയതുമായ ഒരാളാണെങ്കിൽ നിങ്ങളുടെ ഹൃദയവും മനസ്സും നിർമ്മലമാണെങ്കിൽ നിങ്ങളുടെ ആത്മാവിനെ തേച്ചു മിനുക്കിയതാണെങ്കിൽ നിങ്ങൾക്കും അത്തരത്തിൽ മരിച്ച ആത്മാക്കളുമായി ആത്മ ദർശനപരമായ ബന്ധം സ്ഥാപിക്കാൻ കഴിയുന്നതാണ്. ഈ ആത്മരഹസ്യം നിങ്ങൾക്ക് അപ്പോൾ വെളിപ്പെടുന്നതുമാണ്. ചിലപ്പോൾ ദർശനാവസ്ഥയിലുള്ള ആത്മാവ് നിങ്ങളോട് അതെല്ലാം യാഥാർത്ഥ്യമാണെന്ന് പറയുന്നു. അതിന്ന് മുമ്പ് നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങളും അതിലടങ്ങിയിട്ടുണ്ടാവും. അതായത് മരിച്ചുപോയ ആളുകളുടെ ആത്മാവുമായി ബന്ധം സ്ഥാപിക്കുക എന്നതിന്റെ അടിസ്ഥാനമിതാണ്.

അവസാനമായി നിങ്ങളോട് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത് ഇതാണ്. ദൈവത്തിൽ നിന്നുള്ള ദൂതന്മാരെപ്പോലെ ജനങ്ങളെ ഉപദേശിക്കാനോ താക്കീത് ചെയ്യാനോ അല്ലാഹു ആത്മാക്കളെ ചുമതലപ്പെടുത്തിയിട്ടില്ല. വിശുദ്ധഖുർആനിലോ ഹദീസുകളിലോ വാഗ്ദത്ത മസീഹിന്റെ എഴുത്തുകളിലോ പൂർവകാലത്തെ ഏതെങ്കിലും പുണ്യാത്മാക്കളുടെ പുസ്തകങ്ങളിലോ ജനങ്ങൾ അനുസരിക്കപ്പെടണമെന്ന കല്പ നയോടെ ഏതെങ്കിലുമൊരു പരേതാത്മാവിന്റെ കല്പന അവർക്ക് ലഭിച്ചതായി സൂചനയില്ല. ദൈവത്തിൽ നിന്നുള്ള അറിവുകളുടെ വിനിമയ സംവിധാനത്തിൽ ആത്മാക്കൾ പ്രവേശിക്കുന്നില്ല. അവിടെ ദൈവവുമായി ബന്ധപ്പെടുന്നത് മലക്കുകളും മനുഷ്യരുമാണ്. ആത്മാക്കളെപ്പറ്റി ഇവിടെയൊന്നും തന്നെ പരാമർശമില്ല.

ആത്മാക്കൾ ജീവിച്ചിരിക്കുന്നവരുമായി സംസാരിക്കുന്നു എന്നതിനെ സ്സംബന്ധിച്ച് ഒരുകാര്യം കൂടി വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. ആത്മീയമായ ദർശനാവസ്ഥയിലല്ലാതെ ഇസ്ലാമിക പാരമ്പര്യങ്ങളിൽ എവിടെയും ആത്മാക്കളുമായുള്ള ഭാഷണം രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഞാൻ നേരത്തെ ഉദ്ധരിച്ച മരിച്ചുപോയ മക്കയിലെ ശത്രുവിനെ അഭിസംബോധന ചെയ്ത് തിരുനബി (സ) നടത്തിയ പരാമർശനത്തിന് മരിച്ചുപോയ ആത്മാവിൽ നിന്നു യാതൊരു മറുപടിയും ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും സൂഫികളുടെ പല പുണ്യാത്മാക്കളുടെയും ജീവിതാനുഭവങ്ങളിൽ അവർ മരിച്ച ആത്മാക്കളുമായി സംസാരിച്ചിരുന്നതായി ശക്തമായ തെളിവുകളുണ്ട്. എന്നാൽ അതൊന്നും തന്നെ ഭൗതികമായ ജഡിക ശരീരത്തോടുകൂടിയ പരേതാത്മാക്കളുമായല്ല. ഈ സംഭാഷണങ്ങളെല്ലാം നടന്നത് ദർശനത്തിലോ, കശ്ഫിലോ ആണ്. ദർശനത്തിൽ നാം

ദൈവം സംവിധാനം ചെയ്ത ഒരു വിനിമയ വ്യവസ്ഥയിലൂടെയാണ് അത് സാധ്യമാകുന്നത്. ജീവിച്ചിരിക്കുന്ന യാൾ എന്ത് സംസാരിക്കുന്നുവോ അത് ആത്മീയ ദർശനാവസ്ഥയിൽ മരിച്ച ആത്മാവിന് അറിയിക്കപ്പെടുന്നു. ഇത്തരം വിനിമയ വ്യവസ്ഥകളോടു സാമ്യത പുലർത്തുന്ന ഭൗതിക സംവിധാനങ്ങൾ നാം കാണുന്നുവല്ലോ.

അതായത്, രണ്ട് ടെലിവിഷൻ സ്ക്രീനുകളിലൂടെ രണ്ടുപേർക്ക് പരസ്പരം സംഭാഷണം നടത്താവുന്നതാണ്. അവരുടെ രണ്ടു പേരുടെയും ഭൗതികസാന്നിധ്യം ഒരേ സ്ഥലത്ത് നിൽക്കേണ്ട ആവശ്യമില്ല. അവർ പരസ്പരം കാണുന്നതും കേൾക്കുന്നതും മിഥ്യാ ചിത്രങ്ങളും ശബ്ദങ്ങളുമാണ്.

(1995 നവംബറിൽ അറബികളെ അഭിസംബോധന ചെയ്ത് നടത്തിയ ചോദ്യോത്തര സദസ്സിൽ നിന്ന്) ●

രിക്കുന്ന ഒരാളുടെ ശരീരത്തിൽ നിന്ന് ആത്മാവ് പോകുന്നത് ആരെങ്കിലും ഇന്നു വരെ കണ്ടിട്ടുണ്ടോ? ആത്മാവ് എന്നാൽ നമ്മുടെ ജഡിക ശരീരവുമായി ഏറ്റവുമധികം അടുത്തു നിൽക്കുന്ന ഒന്നാണ്. മനുഷ്യർ മരിക്കാൻ ആരംഭിക്കുമ്പോൾ ആ ആത്മാവ് അതിൽ നിന്ന് വേർപിരിയുന്നു. ആത്മാവ് നമുക്ക് പ്രത്യക്ഷത്തിൽ കാണാൻ പറ്റുന്ന വസ്തുവായിരുന്നെങ്കിൽ മരിക്കുന്ന ആസന്ദർഭത്തിലായിരുന്നു അത് വ്യക്തമായി നാം കാണേണ്ടിയിരുന്നത്. പക്ഷേ, ആരും തന്നെ ആത്മാവ് വേർപിരിയുന്നത് ഇന്നുവരെ കണ്ടിട്ടില്ല.

പുണ്യാത്മാക്കളായിട്ടുള്ള ആളുകൾ മരിച്ച ചില ആളുകളുമായി അവരുടെ കബറിടത്തിൽ വെച്ച് സംസാരിക്കുകണ്ടായെന്ന് സദുദ്ദേശ്യത്തോടുകൂടി പറഞ്ഞിട്ടുണ്ട്. അതെല്ലാം തീർച്ചയായും ദർശനമാണ്. ആ ദർശനം വളരെയേറെ സത്യസന്ധവുമാണ്.

കാണുന്നതെല്ലാം യഥാർത്ഥ വസ്തുക്കളോ അവസ്ഥയോ അല്ല. ഇതിന്നുള്ള തെളിവ് ദർശനമുണ്ടാവുമ്പോൾ ദർശനത്തിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തികൾ ആ സന്ദർഭത്തിൽ ആ രൂപം കൈക്കൊള്ളുകയോ ആ അവസ്ഥയിലാവുകയോ ചെയ്യുന്നില്ല എന്നാണ്. മരിച്ച ഒരാൾ സശരീരം പ്രത്യക്ഷപ്പെട്ട് സംഭാഷണം നടത്തുന്നു എന്ന് പറയുമ്പോൾ അത് വ്യക്തമായും ഒരു ദർശനമാണ്. ആത്മാവിന് സ്വയം തന്നെ ശരീരത്തിലേക്ക് വീണ്ടും പ്രവേശിക്കാൻ സാധ്യമല്ല. ശരീരമാകട്ടെ, ജീർണനത്തിന് വിധേയമായിട്ടുണ്ടാകും. അതുകൊണ്ട് ശരീരത്തോടുകൂടി ഒരു മരിച്ച മനുഷ്യനെ കണ്ടാൽ അതൊരിക്കലും യഥാർത്ഥ മനുഷ്യനല്ല അതൊരു ദർശനം മാത്രമാണ്.

അത്തരം ആത്മാക്കളെ നമ്മുടെ നഗ്നദൃഷ്ടികൊണ്ട് ഒരിക്കലും കാണാൻ സാധ്യമല്ല. മരിച്ചുകൊണ്ടി

---

*(20-ാം പേജിൽ നിന്ന് തുടർച്ച)*

ണ്. അതുകൊണ്ടാണ് പിന്നെയും ദൈവങ്ങളും, അവയ്ക്ക് പുതിയ പദവികളും, ദൈവത്തോട് ശുപാർശ ചെയ്യാൻ അധികാരപ്പെട്ട മധ്യസ്ഥരും ഒക്കെ ഉണ്ടാവുന്നത്.

ബഹുദൈവത്വത്തെ മൂന്നിൽ പരിമിതപ്പെടുത്താമെന്ന ക്രൈസ്തവതയുടെ ശുദ്ധമോഹത്തെയാണ് ഇത്തരം നിവേദകരും, അവരുടെ വിശ്വാസങ്ങളും ചോദ്യം ചെയ്യുന്നത്. ബഹുദൈവത്വത്തിന് പരിധിയില്ല. മുപ്പത്താറു കോടിയാണ് അതിന്റെ പരിധി. അതായത് എണ്ണിയാലും എണ്ണിയാലും തീരാത്തത്ര.

നിവേദകരോട് ഏറെ മനസ്സലിവുള്ള ആളായിരുന്നു ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ. പക്ഷേ, അദ്ദേഹം ഇന്നില്ല. പുതിയ പോപ്പിന്റെ മനസ്സറിയില്ല. നിവേദകരുടെ ആവശ്യം സഭ തള്ളിയ സ്ഥിതിക്ക് പുതിയ പോപ്പിന് അഥവാ അനുഭാവം ഉണ്ടായാൽ തന്നെ അതുകൊണ്ട് കാര്യമില്ല.

19ഉം 20ഉം നൂറ്റാണ്ടുകളിൽ രണ്ടു പുതിയ വിശ്വാസ പ്രമാണങ്ങൾ (Dogmas) മറിയമിന്റെ പേരിൽ സഭ പ്രഖ്യാപിക്കുക യുണ്ടായല്ലോ. അന്ന് പോപ്പിന്റെ അധികാരക്കസേരയിൽ ഉണ്ടായിരുന്ന രണ്ടുപേർക്കും ഒരു സ്ഥാനപ്പേരായിരുന്നു. പിയൂസ് ഒമ്പതാമനും പീയൂസ് പന്ത്രണ്ടാമനും ആണ് ആ രണ്ടു പോപ്പുമാർ. ഇതൊരു സൂചനയായി എടുത്ത് നിവേദകരും നാളെകളിലൂടെ പെരുകുന്ന അവരോട് ചായ്വുള്ളവരും പ്രതീക്ഷയോടെ കാലത്തോടൊപ്പം കാത്തിരിക്കട്ടെ. സഭാചരിത്രത്തിന്റെ ഗർഭഗൃഹത്തിൽ എത്ര സ്ഥാനപ്പേരുള്ള ഒരു പോപ്പിന്റെ പിറവിയുടെ പ്രവർത്തകർക്കായി.

ക്രൈസ്തവത സ്വാംശീകരിച്ചത് യേശുവിന്റെ അധ്യാപനങ്ങളല്ലെന്ന് തെളിയിക്കാൻ ഈ ഖുർആനിക വിവരണം പ്രയോജനപ്പെടും. പുനരുത്ഥാന നാളിൽ യേശു വിചാരണ ചെയ്യപ്പെടുന്ന വിവരണം. ക്രൈസ്തവതക്ക് ആ തെളിവ് ബാധകമല്ലെങ്കിലും.

"താങ്കളെയും, താങ്കളുടെ മാതാവിനേയും ഏകദൈവമായ എനിക്ക് പുറമെ രണ്ടു ദൈവങ്ങളായി ആരാധിക്കാൻ യേശുവേ താങ്കൾ താങ്കളുടെ ജനത്തെ ഉപദേശിച്ചിരുന്നുവോ? എന്റെ ഉള്ളിന്റെ ഉള്ളിൽ ഉള്ളതും, എന്റെ ഉള്ളിന്റെ ഉള്ളിൽ ഉണ്ടെന്ന് ഞാനറിയാത്തതും ആയ എല്ലാം അറിയുന്നവനായ ദൈവമേ ഞാൻ അങ്ങനെ ഉപദേശിച്ചിരുന്നെങ്കിൽ നീ അറിയാതിരിക്കുന്നതെങ്ങനെ? നീ അറിയാത്തതായും, നിന്നിൽ നിന്ന് മറഞ്ഞിരിക്കുന്നതായും വല്ലതും ഉണ്ടോ?"

**(അവലംബം: ന്യൂസ് വീക്ക് 25 ആഗസ്റ്റ് 1997)**

ലേഖനം

# യേശു കുരിശിൽ മരിച്ചിട്ടില്ല: ബൈബിളിലെ തെളിവുകൾ

മൗലവി മുഹമ്മദ് യൂസുഫ്, കരുളായി

**യേശു കുരിശിൽ ക്രൂശിതനായെങ്കിലും മരിച്ചിരുന്നില്ല, ബോധശൂന്യനാവുകയാ ണുണ്ടായത്. ഇതിന് ബൈബിളിൽ നിന്നു തന്നെ ധാരാളം തെളിവുകൾ ലഭ്യമാണ്.**

യേശുക്രിസ്തു (ഈസാനബി) ദൈവാനുഗ്രഹി കളിൽപ്പെട്ട ഒരു പുണ്യാത്മാവായിരുന്നുവെന്ന് ബൈ ബിളും ഖുർആനും ഒരുപോലെ പറയുന്നു. വിശുദ്ധ ഖുർആനിൽ *'ഞാൻ (ഈസാനബി) എവിടെയാണെങ്കിലും അവൻ എന്നെ അനുഗൃഹീതനാക്കിയിരിക്കുന്നു'* (19:32) എന്ന് കാണാം. അതുപോലെ ബൈബിളിലും ഇപ്രകാരം കാണാം. 'ഞാൻ ഏകനല്ല. പിതാവ് (ദൈവം) എന്റെ കൂടെ യുണ്ട്.' (യോഹ: 16:33)

എന്നാൽ ബൈബിൾ പഴയനിയമപ്രകാരം ശപിക്കപ്പെ ട്ടവർക്ക് വിധിക്കപ്പെട്ട കുരിശ് മരണത്തിന് അനുഗൃഹീത നായ യേശു വിധേയമായിട്ടില്ല എന്ന് ബൈബിളിന്റെ സൂക്ഷ്മ വായനയിൽ നിന്ന് നമുക്ക് ബോദ്ധ്യമാവും.

### 1. 'യോനായുടെ അടയാളം' – കുരിശുമരണത്തിന് എതിരായ തെളിവ്

യേശു പ്രേഷിത പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ യഹൂദികളിൽ ചിലർ അദ്ദേഹത്തോടു ഒരു അടയാളത്തിന് വേണ്ടി ചോദിച്ചു.

*....'ഗുരോ, നീ ഒരടയാളം ചെയ്തു കാണ്മാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അവൻ അവരോട്: ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു: യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന്നു അടയാളം ലഭി ക്കയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും.' (മ ത്തായി 12/33, 40).*

*ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തി രയുന്നു; യോനായുടെ അടയാളമല്ലാതെ അതിന്നു അട യാളം ലഭിക്കയില്ല.* (മത്തായി 16/4)

*ഈ തലമുറ ദോഷമുള്ള തലമുറയാകുന്നു; അത് അട യാളം അന്വേഷിക്കുന്നു. യോനായുടെ അടയാളമല്ലാതെ അതിന്നു ഒരു അടയാളവും കൊടുക്കയില്ല. യോനാ നീനവക്കാർക്ക് അടയാളമായത് പോലെ മനുഷ്യപുത്രൻ ഈ തലമുറക്കും ആകും.* (ലൂക്കോസ് 11/30, 31). യോനാ പ്രവാചകന്റെ സംഭവം എന്താണെന്ന് ബൈബിൾ പഴയ നിയമം വിവരിക്കുന്നത് ഇപ്രകാരമാണ്.

**ഏ.** "യോനാ മത്സ്യത്തിന്റെ വയറ്റിൽ വച്ച് തന്റെ ദൈവ മായ യഹോവയോട് പ്രാർത്ഥിച്ചു." (യോനാ പുസ്തകം 2:1)

**ബി.** എന്റെ ദൈവമായ യഹോവേ!, എന്റെ പ്രാണനെ കുഴി യിൽ നിന്നു കയറ്റിയിരിക്കുന്നു. (യോനാ പുസ്തകം 2:7)

**സി.** എന്നാൽ യഹോവ മത്സ്യത്തോട് കല്പിച്ചിട്ട് അത് യോനായെ കരയ്ക്ക് ഛർദ്ദിച്ചുകളഞ്ഞു (യോനാ പുസ്തകം 2:10)

**ഡി.** *എന്നാൽ നീനവക്കാർ ദൈവത്തിൽ വിശ്വസിച്ചു. (യോനാ പുസ്തകം 3:5).* ഒരു ലക്ഷത്തി ഇരുപതിനായിര ത്തിൽ ചില്വാനം ആയിരുന്നു യോനായിൽ വിശ്വസിച്ചവർ എന്ന് ബൈബിൾ പറയുന്നു. (യോനാ 4:11).

മുകളിൽ എഴുതിയ ബൈബിൾ വചനങ്ങളനുസരിച്ച് യോനായുടെ സംഭവം മറ്റൊരുരൂപത്തിൽ യേശുവിലും സംഭവിച്ചു. യോനാ കടലാനയുടെ വയറ്റിൽ ജീവനോടെ പ്രവേശിച്ചു, ജീവനോടെ ഇരുന്നു, ജീവനോടെ പുറത്ത് വന്നുകൊണ്ട് നീനവക്കാർക്ക് അടയാളമായത് പോലെയും

നീനവക്കാർ വിശ്വസിച്ചത് പോലെയും കുരിശ് സംഭവത്തിന് ശേഷം യേശു കല്ലറയിൽ ജീവനോടെ പ്രവേശിക്കുകയും ജീവനോടിരിക്കുകയും ജീവനോടെ പുറത്ത് വരുകയും ചെയ്യണം. അതായത് കുരിശ് സംഭവത്തിന് ശേഷം കല്ലറയിൽ പ്രവേശിക്കുമ്പോൾ യേശുവിന് ജീവനുണ്ടായിരിക്കണം. യേശു ക്രൂശിതനായെങ്കിലും ഈ അടയാളപ്രകാരം കുരിശിൽ മരിച്ച് ജീവൻ വെടിയാൻ പാടില്ല. അതായത് യേശു പറഞ്ഞ അടയാളം തന്നെ യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന് തെളിയിക്കുന്നു.

## 2. യേശു കിഴക്കൻ ദേശങ്ങളിലേക്ക്

കുരിശിൽ നിന്നും രക്ഷപ്പെട്ട യേശു അക്കാലത്ത് ഇന്ത്യവരെ നീണ്ടുകിടക്കുന്ന കിഴക്കൻ ദേശങ്ങളിൽ ചിതറിപ്പാർത്തു കഴിഞ്ഞിരുന്ന ഇസ്രായേലി ഗോത്രങ്ങളിലേക്ക് തന്റെ ദൈവികദൗത്യം പ്രചരിപ്പിക്കാൻ നടന്നുപോകുകയുണ്ടായി.

*'യിസ്രായേൽ ഗോത്രത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല.' (മത്തായി 15:24)*

*'കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്.' (ലൂക്കോസ് - 19:10). ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിയ്ക്ക് ഉണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും. ഒരാട്ടിൻ കൂട്ടവും ഒരു ഇടയനും ആകും.* (യോഹ: 10-16)

മേൽ വാക്യങ്ങളനുസരിച്ച് കുരിശിൽ നിന്നു രക്ഷപ്പെട്ട യേശു തന്റെ ആടുകളിൽ ബാക്കിയുള്ള പത്ത് ഗോത്രങ്ങളെ തെരഞ്ഞുകൊണ്ടു കിഴക്കൻ പ്രദേശങ്ങളിലേക്ക് സഞ്ചരിച്ചു. അവർക്കും അടയാളമാകേണ്ടതല്ലേ?

## 3. യേശുവിന്റെ പ്രാർത്ഥനയുടെ സ്വീകാര്യത

കുരിശുമരണം യേശു ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ആ ദുരന്തസംഭവത്തിൽ നിന്നും രക്ഷപ്പെടാൻ യേശു ഹൃദയം നൊന്തുപ്രാർത്ഥിച്ചു. ദൈവത്തിന്റെ വരിഷ്ഠദാസനായ യേശുവിന്റെ പ്രാർത്ഥന ദൈവം കേൾക്കാതിരിക്കുമോ? തീർച്ചയായും ദൈവം കേൾക്കും. യേശു ഇങ്ങനെ പ്രാർത്ഥിച്ചതായി ബൈബിൾ പറയുന്നു : *'യേശു അവരുമായി ഗെത്ത് ശെമന എന്ന തോട്ടത്തിൽ വന്നു.. ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി: എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; - പിന്നെ അവൻ അല്പം മുമ്പോട്ട് ചെന്നു കമഴ്ന്നു വീണു. പിതാവേ! കഴിയുമെങ്കിൽ ഈ പാനപാത്രം (കുരിശുമരണം) എന്നിൽ നിന്നു നീങ്ങിപ്പോകേണമേ!' (മത്തായി 26:36-39)*

*അവൻ ഭ്രമിപ്പാനും വ്യാകുലപ്പെടാനും തുടങ്ങി; എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു - പിന്നെ അല്പം മുമ്പോട്ട് ചെന്നു നിലത്ത് വീണു, കഴിയുമെങ്കിൽ ആ നാഴിക നീങ്ങിപ്പോകേണം എന്നു പ്രാർത്ഥിച്ചു. "അബ്ബാ, പിതാവേ, നിനക്കെല്ലാം കഴിയും, ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ!* (മാർക്കോസ് 14:34 -36). *'മുട്ടുകുത്തി പിതാവേ! നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ - എന്നു പ്രാർത്ഥിച്ചു.* അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതൻ അവന് പ്രത്യക്ഷനായി. *പിന്നെ അവൻ പ്രാണവേദനയിലായി. അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു. അവന്റെ വിയർപ്പ് നിലത്ത് വീഴുന്ന വലിയ ചോരത്തുള്ളി പോലെ ആയി (ലൂക്കോസ് 22:41-44)*

യേശുവിന്റെ എല്ലാ പ്രാർത്ഥനയും ദൈവം കേട്ടു സ്വീകരിക്കുന്നുവെന്ന് യോഹന്നാന്റെ താഴെ പറയുന്ന വചനം കൊണ്ട് വ്യക്തമാണ്.

*പിതാവേ! നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു (യോഹ: 11:41-42).*

മുകളിൽ എഴുതിയ മൂന്നു സുവിശേഷങ്ങളിലെ പ്രാർത്ഥനയും നാലാമത്തെ സുവിശേഷകനായ യോഹന്നാൻ "നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു." എന്ന വചനവും അനുസരിച്ച് പൗലോസ് അപ്പോസ്തലൻ ഇപ്രകാരം എഴുതുന്നു:

*"ക്രിസ്തു തന്റെ ഐഹിക ജീവകാലത്ത് തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിവുള്ളവനോട് ഉറച്ച നിലവിളിയോടും, കണ്ണുനീരോടും കൂടെ അപേക്ഷയും, അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു* (എബ്രാ, 5:7)

യോഹന്നാന്റെയും പൗലോസിന്റെയും മേൽ ഉദ്ധരണികളനുസരിച്ച് കുരിശ് മരണത്തിൽ നിന്നും രക്ഷപ്പെടാൻ യേശു നടത്തിയ പ്രാർത്ഥന ദൈവം സ്വീകരിച്ചു എന്ന് വ്യക്തമാണല്ലോ. പ്രാർത്ഥന ദൈവം സ്വീകരിക്കുമെന്നു യേശു മറ്റുള്ളവരോട് ഉപദേശിച്ചതും ഇപ്രകാരമാണ്. *"അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ. എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും" (മാർ: 11-24) യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന് തുറക്കും; മകൻ അപ്പം ചോദിച്ചാൽ അവന് കല്ല് കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ അവന് പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും."* (മത്തായി 7:7-11)

യേശുവിന്റെ മുകളിൽ പറഞ്ഞ വചനം സത്യമാണെങ്കിൽ യേശു അതീവ വേദനയോടെ പ്രാർത്ഥിച്ചത് ദൈവം സ്വീകരിച്ചില്ല എന്നു വിശ്വസിക്കാൻ പറ്റുമോ? ചുരുക്കത്തിൽ യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന് ബൈബിൾ പാഠങ്ങ

ളിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

## 4. യേശു കുരിശിൽ മരിച്ചില്ലെന്ന് സങ്കീർത്തനം

പഴയ നിയമത്തിലെ സങ്കീർത്തനത്തിലെ പ്രവചനപ്രകാരം യേശുവിന്റ അസ്ഥികൾ കുരിശിൽ വെച്ച് ഒടിച്ചില്ല. അതായത് യേശുവിന് മരണം വരുംവിധം കുരിശിൽ ശരീരപീഡനമേറ്റില്ല. സങ്കീർത്തനത്തിലെ പ്രവചനം ഇതാണ്.

*"നായ്ക്കൾ എന്നെ വളഞ്ഞു, ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു, അവർ എന്റെ കൈകളേയും കാലുകളേയും തുളച്ചു... "നിയ്യോ യഹോവേ! അകന്നിരിക്കരുതേ എന്റെ തുണയായിട്ടുള്ളോവേ എന്നെ സഹായിപ്പാൻ വേഗം വരേണമേ - അരിഷ്ടന്റെ അരിഷ്ടത അവൻ നിരസിച്ചില്ല. വെറുത്തതുമില്ല. എന്റെ മുഖം അവന് മറച്ചതുമല്ല. തന്നെ വിളിച്ചപ്പോൾ കേൾക്കയത്രെ ചെയ്തത് (സങ്കീർത്തനം 22: 16-24)*

*"നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു. അവയെല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു. അവന്റെ അസ്ഥികളെ എല്ലാം അവൻ സൂക്ഷിക്കുന്നു. അവയിൽ ഒന്നും ഒടിക്കപ്പെടുകയില്ല.* (സങ്കീർ. 34:19)

സങ്കീർത്തനം മേൽ വചനങ്ങൾ യേശുവിൽ പരിപൂർണ്ണമായി പുലർന്നു എന്നു യോഹന്നാൻ സമ്മതിച്ചെഴുതിയിരിക്കുന്നു.

## 5. രക്തവും വെള്ളവും തുളിച്ചു വന്നു

യേശു കുരിശിൽ വെച്ച് മരിച്ചില്ലാ എന്നതിന് മറ്റൊരു ബൈബിൾ തെളിവ്. വാസ്തവത്തിൽ യേശു ബോധശൂന്യനായി കുരിശിൽ ക്രൂശിതനിലയിൽ കിടക്കുകയാണുണ്ടായത്. കുരിശിൽ മരിക്കുകയോ രക്തചംക്രമണവ്യവസ്ഥ നിലക്കുകയോ ചെയ്തിട്ടില്ല. ബോധശൂന്യനായ യേശു മരിച്ചുവോ എന്ന് പടയാളികൾ കുന്തം കൊണ്ട് കുത്തി നോക്കിയപ്പോൾ രക്തവും വെള്ളവും തുളിച്ചുവെന്ന ബൈബിൾ പരാമർശം ഇതിലേക്ക് വിരൽ ചൂണ്ടുന്നു.

*'അവർ യേശുവിന്റെ അടുക്കൽ വന്നു, അവൻ മരിച്ചുപോയി എന്നു കാൺകയാൽ അവന്റെ കാൽ ഒടിച്ചില്ല. എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തം കൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു." (യോഹ. 19: 33-35)*

മരിച്ച ശരീരത്തിൽ രക്തം തുളിച്ചു വരുകയില്ലല്ലൊ. അതുകൊണ്ട് യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന് തെളിയുന്നു.

## 6. യേശു രക്ഷിക്കപ്പെടുമെന്ന ദൃഢ വിശ്വാസം

തന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നും താൻ കുരിശിൽ മരിക്കയില്ലെന്നും യേശു താനും പൂർണ്ണമായും വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് അവസാനം അദ്ദേഹം ഇപ്രകാരം വിലപിച്ചത്.

*"എൻ ദൈവമേ, എൻ ദൈവമേ, നീ എന്നെ കൈവിട്ടതെന്തേ!"? (മത്തായി 27-46).*

ദൈവം അദ്ദേഹത്തെ കൈവിട്ടു എങ്കിൽ താഴെ പറയുന്ന യേശുവിന്റെ പ്രവചനം പിഴച്ചുവോ?

*"നിങ്ങൾ ഒരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്ക് ചിതറിപ്പോകയും എന്നെ ഏകനായി വിടുകയും ചെയ്യുന്ന നാൾ വരുന്നു. വന്നുമിരിക്കുന്നു. പിതാവ് എന്നോട് കൂടെ ഉള്ളതുകൊണ്ട് ഞാൻ ഏകനല്ലതാനും." (യോഹന്നാൻ 16:32)*

എന്നാൽ ദുഷ്ടന്മാരുടേയും തന്റെ ശത്രുക്കളുടേയും പ്രാർത്ഥനകൾ ദൈവം സ്വീകരിക്കയില്ലെന്നു എല്ലാ തിരുവെഴുത്തുകളും പഠിപ്പിക്കുന്നു. ഉദാ: സങ്കീർത്തനം 18:6. 66:18-20. ജറെമിയ 29:13 ജോബ് 22:27

*"പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല. ഭക്തനായിരുന്നു അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥനകൾ കേൾക്കുന്നു എന്നും നാം അറിയുന്നു"* (യോഹ: 9:31)

യേശുവിന്റെ പ്രാർത്ഥന ദൈവം കേട്ട് സ്വീകരിച്ചതായി പൗലോസ് അപ്പോസ്തലൻ എബ്രായർക്കെഴുതിയ ലേഖനത്തിലും 5:7ൽ നാം വായിച്ചു. അപ്പോൾ തന്നെ രക്ഷിക്കാൻ യേശു ദൈവത്തോട് നടത്തിയ ദീനവിലാപങ്ങൾ വിഫലമാവുമോ? രക്ഷിക്കപ്പെടുമെന്ന യേശുവിന്റെ ദൃഢവിശ്വാസം സാക്ഷാൽകരിക്കപ്പെടേണ്ടതല്ലേ?

## 7. പിലാത്തോസിന്റെ ഭാര്യക്കുണ്ടായ സ്വപ്നം

ഫലസ്തീനിലെ ഗവർണരും യേശുവിന്റെ വിചാരണക്ക് നേതൃത്വം വഹിച്ച ന്യായാധിപനുമായ പിലാത്തോസിന്റെ ഭാര്യക്ക് ഉണ്ടായ ഒരു ദിവ്യസ്വപ്നത്തിൽ യേശുവിനെ രക്ഷിക്കാനുള്ള ആഹ്വാനമുണ്ടായിരുന്നു. അക്കാര്യം അവർ ഭർത്താവിനെ ഉടൻ അറിയിക്കുകയും ചെയ്തു. ഇത് യേശു കുരിശിൽ മരിച്ചില്ലെന്നതിന് മറ്റൊരു പ്രബലമായ രേഖയാണ്.

*"പിലോത്തോസ് ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാര്യ ആളയച്ചു നീ ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത് അവൻ നിമിത്തം ഞാൻ ഇന്ന് സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു എന്നു പറയിപ്പിച്ചു."* (മത്തായി 27:19)

ഈ സ്വപ്നം എപ്രകാരമെന്നാൽ ഹെരോദി രാജാവ് യേശുവിനെ ശൈശവത്തിൽ കൊല്ലാൻ ശ്രമിച്ചപ്പോൾ ഹെരോദാവിന്റെ ഉദ്ദേശത്തെപ്പറ്റി യോസേഫിന് ഒരു സ്വപ്നം വഴി ദൈവം മുന്നറിവ് നൽകുകയുണ്ടായി. അതനുസരിച്ച് യോസേഫ് ശിശുവിനേയും മാതാവിനേയും ഈജിപ്തിൽ കൊണ്ടുപോയി.

*"കർത്താവിന്റെ ദൂതൻ യോസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി നീ എഴുന്നേറ്റ് ശിശുവിനേയും അമ്മയേയും കൂട്ടികൊണ്ട് മിസ്റയിമിലേക്ക് ഓടിപ്പോയി ഞാൻ നിന്നോട് പറയുംവരെ അവിടെ പാർക്കുക ഹെരോദോവ് ശിശുവിനെ നശിപ്പിക്കേണ്ടതിന് അവനെ അന്വേഷിപ്പാൻ ഭാവിക്കുന്നു എന്നു പറഞ്ഞു"* (മത്തായി 2:13)

പിലാത്തോസ് *"യേശു നിരപരാധിയാണെന്നു വിശ്വ*

*സിക്കയും യഹൂദന്മാർ അദ്ദേഹത്തെ ഏല്പിച്ചത് അസൂയകൊണ്ടാണെന്നും അറിയുകയും ചെയ്തിരുന്നു." (മത്തായി 27:18)*

*"യേശുവിനെ വിടുന്നപക്ഷം തങ്ങൾ പിലാത്തോസിനെതിരായി കൈസറുടെ അടുക്കൽ ആക്ഷേപം ബോധിപ്പിക്കുന്നതാണെന്നു ഭീഷണിപ്പെടുത്തി" (യോഹ: 19:12)*

*"പിലാത്തോസ് അവനെ വിട്ടയപ്പാൻ ശ്രമിച്ചു, യഹൂദന്മാരോ: നീ ഇവനെ വിട്ടയച്ചാൽ കൈസറുടെ സ്നേഹിതൻ അല്ല, - കൈസറോട് മത്സരിക്കുന്നുവല്ലോ എന്നാർത്തുപറഞ്ഞു". (യോഹ: 18:12) വിധി നടപ്പിൽ വരുത്തുന്നതിന് നിയുക്തനായിരുന്ന ശതാധിപൻ യേശുവിനെ നീതിമാൻ എന്നു കരുതിയിരുന്നു.*

*"ഈ മനുഷ്യൻ വാസ്തവമായി നീതിമാനായിരുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി" (ലൂക്കോസ് 23:47)*

യേശുവുമായി പ്രത്യക്ഷത്തിൽ യാതൊരു ബന്ധവുമില്ലാതിരുന്ന അരിമത്ത്യയിലെ യോസേഫ് പിലാത്തോസിന്റെ അടുക്കൽ ചെന്നു വെറും മൂന്നു മണിക്കൂർ മാത്രം കുരിശിൽക്കിടന്ന യേശുവിന്റെ ശരീരം ചോദിച്ചപ്പോൾ ഒരു തർക്കവും പറയാതെ വിട്ടുകൊടുത്തു.

യേശുവിന് കുരിശ് പീഡനം വിധിച്ച പിലാത്തോസും യേശു നിരപരാധിയാണെന്ന് അറിയുന്നാളായിരുന്നു. ഈ സാഹചര്യത്തെളിവുകളും യേശു കുരിശിൽ മരിച്ചിട്ടില്ല എന്നതിന് തെളിവാണ്.

## 8. മൂറും അകിലും എന്തിന്?

കുരിശിൽ പീഡിതനായ ക്രിസ്തു കുരിശിൽ മരിച്ചിരുന്നില്ല എന്നതിന്ന് മറ്റൊരു അനിഷേധ്യമായ ഉറപ്പ് അദ്ദേഹത്തെ ശുശ്രൂഷിക്കാൻ ശിഷ്യന്മാർ മൂറും അകിലുമായി കല്ലറയിലെത്തിയതാണ്. ഈ ഔഷധക്കൂട്ട് ശരീരക്ഷതത്തിന് ചികിത്സിക്കാനുള്ളതാണ്. ഒരിക്കലും മൃതദേഹസംസ്കരണത്തിനുള്ളതല്ല. അതുപോലെ കല്ലറ നാലാൾക്ക് കയറി നിന്ന് ഒരു രോഗിയെ ശുശ്രൂഷിക്കാൻ തക്ക വിശാലമുള്ളതാണ്, മൃതദേഹം സംസ്കരിക്കാനുള്ളതായിരുന്നില്ല എന്നും ബൈബിളിൽ നിന്നു വ്യക്തമാകുന്നു.

*'അരിമത്ത്യക്കാരൻ യോസേഫും നിക്കോദമസും കൂടി തന്റെ തോട്ടത്തിൽ വെട്ടിയുണ്ടാക്കിയ കല്ലറയിൽ - അഞ്ച് പേർക്ക് പ്രവേശിക്കാവുന്ന - കല്ലറയിൽ ശരീരം കൊണ്ടുവെക്കുകയും നിക്കോദമമസ് - വൈദ്യൻ - നൂറു റാത്തൽ മൂറും അകിലും കൂട്ടു (മരുന്നു) കൊണ്ടുവന്നു പൂശി ശുശ്രൂഷിക്കയും ചെയ്തു.' (യോഹ 19:39)*

*യേശുവിന്റെ പുണ്യശരീരം വെച്ച കല്ലറ അരിമത്ത്യയിലെ യോസേഫിന്റെ തോട്ടത്തിൽ പുതുതായി വെട്ടിയുണ്ടാക്കിയ അറയായിരുന്നു. പത്രോസും മറ്റേ ശിഷ്യനും മൂന്നു സ്ത്രീകളും ഉള്ളിൽക്കടന്നതായ വലുതായ അറയായിരുന്നു. (മാർക്കോസ് 16:5)*

*ഇങ്ങനെ നിരവധി ബൈബിൾ തെളിവുകൾ യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്നതിലേക്ക് വ്യക്തമായ സൂചനകൾ നൽകുന്നു.*

## 9. ക്രിസ്തു കല്ലറയിലെ ചികിത്സക്ക് ശേഷം

ആഴ്ചയിലെ ഒന്നാം ദിവസം അദ്ദേഹം കല്ലറയിൽ നിന്നു വെളിക്കുവന്നു; തോട്ടക്കാരന്റെ വസ്ത്രം ധരിച്ചു വേഷപ്രച്ഛന്നനായി നിന്നു.

*"അവൻ തോട്ടക്കാരൻ എന്നു നിരൂപിച്ചിട്ട് അവൾ, (മഗ്ദലനക്കാരി മറിയ) യജമാനനേ!... യേശു അവളോട് മറിയയേ! എന്നു പറഞ്ഞു. അവൾ തിരിഞ്ഞു എബ്രായ ഭാഷയിൽ റബ്ബു നീ എന്നു പറഞ്ഞു. അതിന്നു ഗുരു എന്നർത്ഥം. യേശു അവളോട് എന്നെ തൊടരുത്. (യോഹന്നാൻ 20:1-17)*

*ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ നിങ്ങൾ തെരയുന്നത് എന്ത്? (ലൂക്കോസ് 24:5)*

*പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി (എബ്രായർ 5:8)*

*"അവൻ കഷ്ടം അനുഭവിച്ചശേഷം നാല്പത് നാളോളം അവർക്ക് പ്രത്യക്ഷനായി... താൻ ജീവിച്ചിരിക്കുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്ക് കാണിച്ചുകൊടുത്തു." (അപ്പോസ്തലപ്രവർത്തികൾ 1:2, 3)*

*യേശു അവളോട് എന്നെ തൊടരുത്. ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല." (യോഹ: 20/17) അവൻ നിങ്ങൾക്ക് മുമ്പേ ഗലീലക്ക് പോകുന്നു:* അവിടെ നിങ്ങൾ അവനെ കാണും. (മത്താ: ഉല്പ/7)

'എന്നാൽ യേശു അവരെ എതിരേറ്റു. നിങ്ങൾക്ക് വന്ദനം എന്നു പറഞ്ഞു. അവർ അടുത്തുചെന്നു അവന്റെ കാൽ പിടിച്ചു.... എന്റെ സഹോദരന്മാരോട് ഗലീലക്ക് പോകുവാൻ പറവിൻ; അവിടെ അവർ പിന്നെ കാണും എന്നു പറഞ്ഞു'. (മത്തായി 28/9, 10)

*'അന്നു തന്നെ അവരിൽ രണ്ടുപേർ യരൂശലമിൽ നിന്നു ഏഴുനാഴിക ദൂരമുള്ള എമ്മാവുസ് എന്ന ഗ്രാമത്തിലേക്ക് പോകയാൽ.... യേശു താനും അടുത്തു ചെന്നു അവരോട് ചേർന്നു നടന്നു. അവനെ അറിയാത്തവണ്ണം അവരുടെ കണ്ണു നിരോധിച്ചിരുന്നു.. ഇതു സംഭവിച്ചിട്ട് ഇന്നു മൂന്നാം നാൾ ആകുന്നു... സ്ത്രീകൾ അവന്റെ ശരീരം കാണാതെ... അവൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞു. ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു. അവൻ അവരോടു കൂടെ ഭക്ഷണത്തിനു ഇരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്ക് കൊടുത്തു. ഉടനെ അവരുടെ കണ്ണു തുറന്നു. അവർ അവനെ അറിഞ്ഞു. (ലൂക്കോസ് - 24:13-31)*

തന്നെ സംശയിച്ച ശിഷ്യന്മാരോട്... "ഇതു ഞാൻ തന്നെയാകുന്നു എന്നു എന്റെ കൈകളും കാലുകളും

*കാണുക, എന്നെ തൊട്ടുനോക്കുക, എനിക്കുള്ളത് പോലെ മാംസവും അസ്ഥികളും ഭൂതത്തിനില്ലല്ലൊ. (ഇങ്ങനെ പറഞ്ഞിട്ട് അവൻ കയ്യും കാലും അവരെ കാണിച്ചു).... അവരോടു തിന്നുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ? എന്നു ചോദിച്ചു. അവർ ഒരു ഖണ്ഡം വറുത്ത മീനും തേൻ കട്ടയും അവനും കൊടുത്തു; അത് അവൻ വാങ്ങി അവർ കാൺകെ തിന്നു." (ലൂക്കോ 24:41) "നിങ്ങൾക്ക് സമാധാനം എന്നു അവരോട് പറഞ്ഞു. ഇതു പറഞ്ഞിട്ട് അവൻ കയ്യും വിലാപ്പുറവും അവരെ കാണിച്ചു. കർത്താവിനെ കണ്ടിട്ടു ശിഷ്യന്മാർ സന്തോഷിച്ചു... ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞാറെ"*

ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്ന് തോമാസ് അവരോട് പറഞ്ഞു... എട്ടുദിവസം കഴിഞ്ഞിട്ട്.... പിന്നെ തോമാസിനോട് നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാണുക; നിന്റെ കൈനീട്ടി എന്റെ വിലാപ്പുറത്ത് ഇടുക; അവിശ്വാസി ആകാതെ വിശ്വാസി ആയിരിക്ക എന്നു പറഞ്ഞു. (യോഹന്നാൻ 20:19-27)

യേശു അവരോടു കുഞ്ഞുങ്ങളേ! കൂട്ടുവാൻ വല്ലതും ഉണ്ടോ? എന്നു ചോദിച്ചു. (യോഹ: 21:5)

ക്രിസ്തു കഷ്ടം അനുഭവിച്ചു (ലൂക്കോ: 24:46)

...അവ്വണ്ണം മനുഷ്യപുത്രനും അവരാൽ കഷ്ടപ്പെടുവാനുണ്ട് എന്നുത്തരം പറഞ്ഞു. (മത്താ: 17:12)

"ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു" (ലൂക്കോസ് 24:26)

മുകളിൽ എഴുതിയ സുവിശേഷ വചനങ്ങളിൽ യേശു കഷ്ടം അനുഭവിച്ചു എന്നും അവന്റെ ശരീരം (ശവമല്ല) നൂറു റാത്തൽ മുറുംഅകിലും - ചന്നിനായകവും നറുംപശയും തുണിയിൽ വിരിച്ചു പ്രസ്തുത തുണി കൊണ്ടു പൊതിഞ്ഞു ശുശ്രൂഷിച്ചുവെന്നും കുരിശുസംഭവത്തിന് ശേഷം ഏഴ് മൈൽ കൂട്ടുകാരോടൊപ്പം നടക്കുകയും ഭക്ഷണത്തിനിരിക്കുകയും തിരിച്ചു ശിഷ്യന്മാരുടെ അടുക്കൽ വന്നു. സംശയിച്ച ശിഷ്യന്മാരോട് എന്റെ കയ്യും കാലും നോക്കി അറിവിൻ; എന്നെ തൊട്ടു നോക്കുവിൻ. എനിക്ക് മാംസവും അസ്ഥിയും ഉണ്ടല്ലോ. അവൻ കയ്യും കാലും അവരെ കാണിച്ചു.

*അവർ അവന്റെ കാൽ പിടിച്ചു (മത്തായി 28/10) തോമാസിനോട് 'നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാണുക; നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്തിടുക, (ഞാൻ ജീവിച്ചിരിക്കുന്നു എന്ന കാര്യത്തിൽ) അവിശ്വാസിയാകാതെ വിശ്വാസി ആയിരിക്ക എന്നു പറഞ്ഞുകൊണ്ട് താൻ കുരിശിൽ മരിച്ചില്ലെന്നും പിന്നെയും തെബർയ്യാസ് കടപ്പുറത്ത് വെച്ചു കുഞ്ഞുങ്ങളേ! കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു. (വിശപ്പിനാൽ ആഹാരം ചോദിച്ചു) യേശു തന്നെ മീൻ ചുടുകയും അപ്പവും തയ്യാറാക്കി വന്നു പ്രാതൽ കഴിച്ചുകൊൾവിൻ എന്നു പറഞ്ഞു (യോഹ: 21, 9, 12) (യേശുവും ഭക്ഷിച്ചുകാണുമല്ലൊ). മറ്റൊരവസരത്തിൽ വിശന്നതായ യേശു "അവരോട് തിന്നുവാൻ വല്ലതും നിങ്ങളുടെ പക്കൽ ഉണ്ടോ എന്നു ചോദിച്ചു. അവർ ഒരു ഖണ്ഡം വറുത്ത മീനും (തേൻ കട്ടയും) അവന്നു കൊടുത്തു. അതു അവൻ വാങ്ങി അവർ കാൺകെ തിന്നു."* (ലൂക്കോസ് 24:41-43 ക്രൂശ് സംഭവത്തിന് ശേഷവും മൃൺ ശരീരിയായ യേശു പല പ്രാവശ്യം ആഹാരം കഴിക്കുകയും താൻ മരിച്ചിട്ടില്ല എന്നു ബോധ്യപ്പെടുത്തുകയും ചെയ്തു. കുരിശിൽ യേശു മരിച്ചിട്ടില്ല എന്നതിനു ഇനിയും നിരവധി തെളിവുകൾ ബൈബിളിൽ നിന്നും ഉദ്ധരിക്കാനാവും. എല്ലാറ്റിനുമുപരി കുരിശിൽ മരിച്ചൊരാൾ മൂന്ന് ദിവസത്തിനുശേഷം ഉയിർത്തെഴുന്നേൽക്കുക എന്നത് സാമാന്യ ബുദ്ധിക്കും പ്രകൃതി നിയമത്തിനുമെതിരാണ്. യേശു കുരിശിൽ വെച്ച് മരിച്ചു എന്ന മിഥ്യാ വിശ്വാസത്തിന്ന് നാം അടിമപ്പെടുകയാണെങ്കിൽ അത് യേശുവിനെ പീഡിപ്പിക്കുകയും ഒറ്റിക്കൊടുക്കുകയും ചെയ്ത ക്രൂരമായ യഹൂദികളുടെ വാദത്തിന് സാധൂകരണമാകും! 'കുരിശിൽ തൂങ്ങുന്നവർ ശപിക്കപ്പെട്ടവൻ' എന്ന് വരുത്തി ത്തീർക്കാനാണല്ലോ അവർ യേശുവിനെ ക്രൂശിച്ചത്. കുരിശിൽ മരിച്ചുവെങ്കിൽ യഹൂദികളുടെ വാദം ശരിയാണെന്ന് വരുന്നു. പക്ഷേ മഹാനായ യേശുവിനെ ദൈവം കുരിശുമരണത്തിൽ നിന്നും രക്ഷിക്കുകയാണുണ്ടായത്.

യഹൂദന്മാർ വീണ്ടും തന്നെ പിടിക്കുമോ എന്ന ആശങ്കയാൽ രഹസ്യമായി മാത്രം മലയിൽ വെച്ചും, ഗലീലായിൽ വെച്ചും, അവർ ഭക്ഷണത്തിനിരിക്കുമ്പോഴും, വാതിലടച്ചു യഹൂദന്മാരെ ഭയന്നിരിക്കുമ്പോഴും അവൻ മറ്റൊരു രൂപത്തിൽ (വേഷപ്രച്ഛന്നനായിട്ടും) അവർക്ക് പ്രത്യക്ഷനായിട്ട് താൻ ജീവനോടിരിക്കുന്നു (മാർക്കോസ് 16/11) എന്ന് അവരെ ബോധ്യപ്പെടുത്തിയതിനുശേഷം 40 ദിവസം കഴിഞ്ഞു ("അവൻ കഷ്ടം അനുഭവിച്ചശേഷം നാലപത് നാളോളം അവർക്ക് പ്രത്യക്ഷനായി... താൻ ജീവിച്ചിരിക്കുന്നു എന്നു അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്ക് കാണിച്ചുകൊടുത്തു (അപ്പോ. പ്രവൃത്തി 1: 2, 3) അതിന്റെ ശേഷം യേശു പിന്നെയും തിബെര്യാസ് കടൽക്കരയിൽ വെച്ച് ശിഷ്യന്മാർക്കപ്രത്യക്ഷനായി... പത്രോസിനോട് എന്റെ കുഞ്ഞാടുകളെ മേയ്ക്ക്, എന്റെ ആടുകളെ പാലിയ്ക്ക്, ശിഷ്യന്മാരിൽ ഒരുവനോട് (തോമാസിനോട്) എന്നെ അനുഗമിയ്ക്ക് എന്നു കല്പിച്ചു (യോനാ 21/1-18).

"യേശു അവിടെ നിന്നും ഗലീല വഴി യാത്രയായി കാരണം (കാണാതെ പോയ) യിസ്രായേൽ ഗോത്രത്തിൽ നിന്നും കാണാതെ പോയ ആടുകളിലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല." (മത്താ: 15/24)

*(ശേഷം 32-ാം പേജിൽ)*

ലേഖനം

(കഴിഞ്ഞലക്കത്തിൽ നിന്ന് തുടർച്ച)

# ഡോ: മുഫ്തി മുഹമ്മദ് സാദിഖ് (റ)

അത്താഉൽ മുജീബ് റാശിദ്

## ഇസ്‌ലാമിക സേവനം

ഇസ്‌ലാമിന് സേവനം ചെയ്യാനുള്ള ആഹ്വാനത്തിന് പ്രതികരണമായി ഏത് സമയത്തും എവിടെയും പോകാൻ സന്നദ്ധനായ പ്രഥമവ്യക്തിയായി അർപ്പണം ചെയ്ത ആളായിരുന്നു ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) അദ്ദേഹം താൻ ചെയ്ത പ്രതിജ്ഞ ജീവിതത്തിലുടനീളം പരമാവധി നിറവേറ്റി. ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുമെന്നു അദ്ദേഹം പ്രതിജ്ഞയെടുത്തത് വാഗ്ദത്ത മസീഹി(അ)ന്റെ തിരുകരങ്ങളിലായിരുന്നു. വാഗ്ദത്ത മസീഹി(അ)ന്റെ കാലത്ത് ലോകം മുഴുവൻ ഇസ്‌ലാം മതപ്രചാരണം നടത്താൻ വാഗ്ദത്ത മസീഹി (അ)ന്റെ വലംകൈയ്യായി പ്രവർത്തിക്കാനുള്ള അതുല്യമായ ബഹുമതി അദ്ദേഹത്തിനു ലഭിച്ചു. ഉർദു, അറബി, ഇംഗ്ലീഷ് ഭാഷകളിൽ അദ്ദേഹത്തിന് മികവുറ്റ അവഗാഹമുണ്ടായിരുന്നു. പിന്നീട് വാഗ്ദത്ത മസീഹി(അ)ന്റെ നിർദ്ദേശപ്രകാരം അദ്ദേഹം ഹിബ്രുഭാഷയും പഠിച്ചു. അറബിഭാഷ 'ഭാഷകളുടെ ജനനി' യാണെന്ന സിദ്ധാന്തം വാഗ്ദത്ത മസീഹ് (അ) മുന്നോട്ടുവെച്ചപ്പോൾ മുഫ്തി സാഹിബ് ഹിബ്രൂവിലെ പദങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുകയും അവയുടെ ഉൽപത്തി അറബിഭാഷയിലാണെന്ന് സ്ഥാപിക്കുകയും ചെയ്തു. വാഗ്ദത്ത മസീഹി(അ)ന്റെ ലിഖിതങ്ങളിൽ ഉൾപ്പെടുത്താൻ ഹിബ്രു ബൈബിളിലെ പരാമർശങ്ങളിൽ അദ്ദേഹം ശ്രദ്ധ ചെലുത്താറുണ്ടായിരുന്നു. ഇന്നും അവകൊണ്ട് വളരെ പ്രയോജനമുണ്ട്.

ഹദ്റത്ത് മുഫ്തി സാഹിബ് വിദഗ്ധമായും അത്യഭിനിവേശത്തോടെയും ചെയ്ത മറ്റൊരു സേവനം, മതപരമായ കാര്യങ്ങളെസ്സംബന്ധിച്ചുള്ള ഏത് പ്രസിദ്ധീകരണത്തെയും പ്രസ്ഥാനത്തെയും കുറിച്ച് വാഗ്ദത്ത മസീഹി (അ)ന് വിവരം നൽകുകയെന്നതായിരുന്നു. വാഗ്ദത്ത മസീഹി (അ)നു വേണ്ടി ഈ സേവനം ചെയ്യുവാൻ സാധിക്കുകയെന്നത് മഹത്തായ ബഹുമതിയായിരുന്നു.

വാഗ്ദത്ത മസീഹി(അ)നെക്കുറിച്ചും അദ്ദേഹത്തിന്റെ ദൌത്യത്തെക്കുറിച്ചും ലോകത്തോടു പ്രഖ്യാപിക്കാൻ അദ്ദേഹത്തിന് അതിയായ ആവേശമായിരുന്നു. ഇന്ത്യയെക്കൂടാതെ ബ്രിട്ടൻ, അമേരിക്ക, റഷ്യ, എന്നീ രാജ്യങ്ങളിലെ ജനങ്ങൾക്കും അദ്ദേഹം പതിവായി എഴുതാറുണ്ടായിരുന്നു. ഇങ്ങനെ മുഫ്തി സാഹിബ് മുഖേന ആയിരക്കണക്കിലാളുകൾ വാഗ്ദത്ത മസീഹി (അ)നെക്കുറിച്ച് ശ്രവിക്കുകയും നിരവധി പേർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം ലഭിക്കുകയും ചെയ്തു.

മറ്റുള്ളവരുമായി ആശയവിനിമയം നടത്താൻ വ്യക്തിപരമായി പരിശ്രമിക്കുന്നതിനുപുറമെ, എല്ലാ എഴുത്തുകളുടെയും സംക്ഷിപ്തം വാഗ്ദത്ത മസീഹി(അ)നുവേണ്ടി തയ്യാറാക്കുകയും മറുപടി അയക്കാനുള്ള കുറിപ്പുകൾ വാഗ്ദത്ത മസീഹി(അ)ൽ നിന്നു വാങ്ങുകയും ചെയ്യാറുണ്ടായിരുന്നു.

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബിന്റെ ചരമത്തിനു ശേഷം ഈ ഭാരിച്ച ജോലി മുഫ്തി സാഹിബ് തനിച്ച് കൈകാര്യം ചെയ്തു.

പ്രയോജനകരമായ ഒരെഴുത്തുകാരനായിരിക്കാനുള്ള സ്വതഃസിദ്ധമായ കഴിവ് ഹദ്റത്ത് മുഫ്തി സാഹിബിനുണ്ടായിരുന്നു. ഒരു വായനക്കാരന്, തന്നോടൊത്ത് മുഫ്തി സാഹിബ് ഉണ്ട് എന്ന തോന്നൽ ഉണ്ടാകുമായിരുന്നു. അദ്ദേഹത്തിന്റെ അനുദിനക്കുറിപ്പുകൾ സുരക്ഷിതമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. വാഗ്ദത്ത മസീഹി(അ)ന്റെ ജീവിതത്തെക്കുറിച്ചും കാലഘട്ടത്തെക്കുറിച്ചുമുള്ള നമ്മുടെ അറിവിന് മഹത്തായ സംഭാവനയാണ് അവ നല്കുന്നത്. അദ്ദേഹത്തിന്റെ ലിഖിതങ്ങൾ ഭാവിതലമുറകൾക്ക് കൂടി പ്രയോജനപ്പെടുന്ന അറിവിന്റെ സമ്പത്താണ്.

വാഗ്ദത്ത മസീഹി(അ)നെ സന്ദർശിക്കുന്ന ഇംഗ്ലീഷ് സംസാരിക്കുന്ന ഏതതിഥിയുടെയും ദ്വിഭാഷിയായി മുഫ്തി സാഹിബ് സേവനമനുഷ്ഠിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹി(അ)ന്റെ സന്തത സഹവാസത്തിൽ നിന്ന് നിരന്തരം പ്രയോജനമെടുക്കാൻ അല്ലാഹു മുഫ്തി സാഹിബിന് നൽകിയ അനുഗ്രഹമായിരുന്നു അത്. അതു വഴി അദ്ദേഹം വാഗ്ദത്ത മസീഹി(അ)ന് വളരെ പ്രിയങ്കരനുമായി.

## കൂടുതൽ ആഹ്ലാദകരമായ സ്മരണകൾ

ഹദ്റത്ത് മുഫ്തി സാഹിബിന്

വാഗ്ദത്ത മസീഹി(അ)നോടുണ്ടായിരുന്ന അഗാധസ്നേഹത്തിന്റേയും അർപ്പണബോധത്തിന്റേയും വളരെ വ്യക്തവും ശക്തവുമായ തെളിവാണ് അദ്ദേഹത്തിന്റെ ജീവചരിത്രം വായിക്കുന്നതുവഴി നമുക്കു ലഭ്യമാവുന്നത്. വാഗ്ദത്ത മസീഹ് (അ) അദ്ദേഹത്തോട് വളരെ സ്നേഹവും ദയയും കാണിച്ചു. ഹദ്റത്ത് മുഫ്തി സാഹിബിന്റെ ജീവചരിത്രത്തിൽ നിന്ന് ചില ഉദാഹരണങ്ങൾ എടുത്തു കാണിക്കാം.

ലാഹോറിലെ തന്റെ ജോലിയിൽ നിന്ന് ലീവെടുത്ത് ഹദ്റത്ത് മുഫ്തി സാഹിബ് ഖാദിയാനിൽ വന്നു. ഒരു ദിവസം വാഗ്ദത്ത മസീഹി(അ)നെക്കാണാൻ അദ്ദേഹം വിളിക്കപ്പെട്ടു. തന്റെ മുറിയിലെ ഒരു കുട്ട ചൂണ്ടിക്കാണിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) മുഫ്തി സാഹിബിനോടു പറഞ്ഞു: 'മുഫ്തി സാഹിബ്, ഞാൻ താങ്കൾക്ക് വേണ്ടി വാങ്ങി വെച്ചതാണീ മാങ്ങ. ഇഷ്ടമുള്ളത്ര തിന്നുകൊള്ളുക'. ഹദ്റത്ത് മുഫ്തി സാഹിബ് കുറച്ചു മാങ്ങ തിന്നു. വാഗ്ദത്ത മസീഹ് (അ) അത്ഭുതത്തോടെ പറഞ്ഞു: 'ഇത്ര കുറച്ചു മാങ്ങയാണല്ലോ. താങ്കൾ തിന്നത്'

ഒരവസരത്തിൽ വാഗ്ദത്ത മസീഹി(അ)ന്റെ കയ്യിൽ ഒരു ജഗ്ഗിൽ പാലുണ്ടായിരുന്നു. അതിൽ നിന്ന് പാൽ ഒരു വലിയ ഗ്ലാസ്സിലൊഴിച്ചുകൊണ്ട് മാതൃസ്നേഹത്തോടെ വാഗ്ദത്ത മസീഹ് (അ) മുഫ്തി സാഹിബിനോട് പറഞ്ഞു: 'ഇത് കുടിച്ചുകഴിഞ്ഞശേഷം കുറച്ചുകൂടി ഒഴിച്ചുതരാം.' കയ്യിലുള്ള പാൽ തന്നെ കുടിച്ചുതീർക്കാൻ മുഫ്തി സാഹിബിന് കഴിഞ്ഞില്ല. അപ്പോൾ സ്നേഹനിർഭരമായ പുഞ്ചിരിയോടെ ഹുസൂർ പറഞ്ഞു: 'താങ്കൾ വളരെ കുറച്ചു പാലാണല്ലോ കുടിച്ചത്'!

മറ്റൊരവസരത്തിൽ ലാഹോറിൽ നിന്ന് എത്തിയശേഷം ഹദ്റത്ത് മുഫ്തി സാഹിബ് മസ്ജിദ് മുബാറക്കിൽ ഇരിക്കുകയായിരുന്നു. അപ്പോൾ വാഗ്ദത്ത മസീഹ് (അ) ദയാപുരസ്സരം പറഞ്ഞു: 'കുറച്ചു നേരം കാത്തിരിക്കൂ. ഞാൻ താങ്കൾക്ക് കുറച്ച് ഭക്ഷണം കൊണ്ടുവരാം.' വാഗ്ദത്ത മസീഹ് (അ) ഭക്ഷണവുമായി ഏതെങ്കിലും പരിചാരകനെ അയക്കുമെന്നായിരുന്നു മുഫ്തി സാഹിബ് വിചാരിച്ചിരുന്നത്. പക്ഷേ, വാഗ്ദത്ത മസീഹ് (അ) താൻ തന്നെ ഭക്ഷണത്തളികയുമായി വരുന്നത് കണ്ട മുഫ്തി സാഹിബ് അത്ഭുതപ്പെട്ടു. വാഗ്ദത്ത മസീഹ് (അ) പറഞ്ഞു: 'താങ്കൾ കഴിക്കാൻ തുടങ്ങിക്കോളു, ഞാൻ വെള്ളം കൊണ്ടുവരാം.' മുഫ്തി സാഹിബിന് ഒന്നും പറയാൻ സാധിക്കാത്തവിധം അത് വല്ലാത്തൊരനുഭവമായിരുന്നു. അല്ലാഹുവിന്റെ പ്രിയങ്കരനായ മഹ്ദി (അ) യുടെ തിരുകരങ്ങൾ കൊണ്ട് തനിക്ക് കിട്ടിയ ഈ പരിചരണം കാരണം നിയന്ത്രിക്കാനാവാതെ അദ്ദേഹം ആനന്ദാശ്രുക്കൾ പൊഴിച്ചു.

മറ്റൊരു സംഭവം എനിക്കോർമ്മ വരുന്നു. തനിക്ക് വുളു ചെയ്യാൻ ആരെങ്കിലും കുറച്ചു വെള്ളവും കൊണ്ടുവരുന്നത് പ്രതീക്ഷിച്ച് മുഫ്തി സാഹിബ് മസ്ജിദു മുബാറക്കിന് സമീപമിരിക്കയായിരുന്നു. യാദൃശ്ചികമായി ആ സമയത്ത് വാഗ്ദത്ത മസീഹ് (അ) തന്റെ ഭവനത്തിൽ നിന്നു പുറത്തുവന്നു ചോദിച്ചു: 'താങ്കൾക്ക് വെള്ളം വേണോ?' ഹദ്റത്ത് മുഫ്തി സാഹിബ് അതെയെന്ന് മറുപടി പറഞ്ഞ ഉടനെത്തന്നെ വാഗ്ദത്ത മസീഹ് (അ) ജഗ്ഗെടുത്ത് വെള്ളം നിറച്ച് മുഫ്തി സാഹിബിന് നൽകി.

അധികമൊന്നും ഔപചാരികത്വമില്ലാത്തവിധം തന്റെ ശിഷ്യന്മാരോടുള്ള വാഗ്ദത്ത മസീഹിന്റെ സ്നേഹപ്രകടനത്തിന്റെ, എണ്ണമറ്റ സംഭവങ്ങൾ ഉണ്ട്. ഒരു ശൈത്യകാലത്ത് ഹദ്റത്ത് മുഫ്തി സാഹിബ് വാഗ്ദത്ത മസീഹി(അ)നെ കാണാൻ ഖാദിയാനിൽ വന്നു. തണുപ്പിനെ പ്രതിരോധിക്കാനുള്ള ഒന്നും അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നില്ല. ഇതറിഞ്ഞപ്പോൾ വാഗ്ദത്ത മസീഹ് (അ) രണ്ട് പുതപ്പുകൾ കൊടുത്തയച്ചു.

ഒന്ന് മഹ്മൂദിന്റേതും (ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ), മറ്റേത് വാഗ്ദത്ത മസീഹി (അ) ന്റേതുമായിരുന്നു. ഹദ്റത്ത് മുഫ്തി സാഹിബിന് ഏതെങ്കിലും ഒന്നോ ആവശ്യമെങ്കിൽ, രണ്ടെണ്ണവും കൂടിയോ എടുക്കാമായിരുന്നു. മുഫ്തി സാഹിബ് മഹ്മൂദിന്റെ പുതപ്പ് മാത്രം എടുത്തു. വാഗ്ദത്ത മസീഹി(അ)ന് തന്റെ ആത്മീയ പുത്രനായ ഹദ്റത്ത് മുഫ്തി സാഹിബിനോടുണ്ടായിരുന്ന സ്നേഹത്തിന്റെ ഒരുദാഹരണം മാത്രമാണിത്.

വാഗ്ദത്ത മസീഹി(അ)ന്റെ സഹവാസത്തിൽക്കഴിയാനുള്ള ഒരവസരവും ഹദ്റത്ത് മുഫ്തി സാഹിബ് നഷ്ടപ്പെടുത്തിയിട്ടില്ല. അദ്ദേഹത്തിന്റെ അർപ്പണബോധവും സ്നേഹവും അതിരറ്റതായിരുന്നു. ഇസ്ലാമിനോടുള്ള അദ്ദേഹത്തിന്റെ ഭക്തി വാഗ്ദത്ത മസീഹ്(അ) വിലമതിച്ചിരുന്നു. ഒരിക്കൽ മുൽത്താനിൽ നിന്ന് മടങ്ങി വരുമ്പോൾ വാഗ്ദത്ത മസീഹ്(അ) ലാഹോറിൽ ഇറങ്ങി. പക്ഷേ, തന്റെ രോഗശയ്യ വിട്ട് വാഗ്ദത്ത മസീഹി(അ)നെ സന്ദർശിക്കാൻ ഹദ്റത്ത് മുഫ്തി സാഹിബിന് കഴിഞ്ഞില്ല. രോഗവിവരമന്വേഷിക്കാൻ വാഗ്ദത്ത മസീഹ് (അ) മുഫ്തി സാഹിബിന്റെ വാസസ്ഥലം സന്ദർശിക്കുകയും അദ്ദേഹത്തിന്റെ രോഗം വേഗത്തിൽ ഭേദമാവാൻ പ്രാർത്ഥിക്കുകയും ചെയ്തു. പോരുമ്പോൾ വാഗ്ദത്ത മസീഹ് (അ) പറഞ്ഞു: 'താങ്കൾ രോഗാവസ്ഥയിലാണ്. രോഗാവസ്ഥയിലുള്ള ദുആകൾ അല്ലാഹു സ്വീകരിക്കും. നമ്മുടെ ദൗത്യത്തിന്റെ വിജയത്തിനുവേണ്ടിയും താങ്കൾ ദുആ ചെയ്യുക'

വാഗ്ദത്ത മസീഹി(അ)ന്റെ എല്ലാ ശിഷ്യന്മാരും അർപ്പണബോധത്തിലും ഇസ്ലാമിനുവേണ്ടി ത്യാഗം ചെയ്യുന്ന കാര്യത്തിലും വാഗ്ദത്ത മസീഹി(അ)നോടുള്ള അഗാധസ്നേഹത്തിലും ഉന്നതപദവിയലങ്കരിക്കുന്നു. യഥാർത്ഥ ഇസ്ലാമിന്റെ സേവനാർത്ഥം മാർഗ്ഗദർശനം ചെയ്യപ്പെടുകയും ആത്മാർത്ഥമായ ഹൃദയത്താൽ

നൽകിക്കൊണ്ട് പറഞ്ഞു: 'ദയവു ചെയ്തു ഈ കത്ത് ലാഹോറിലെത്തിക്കുക'. ഹദ്റത്ത് മുഫ്തി സാഹിബ് കത്തുവാങ്ങിയശേഷം കൂടുതലായി ഒന്നും ചോദിക്കാതെ ഉടനെ ലാഹോറിലേക്ക് പുറപ്പെടുകയുണ്ടായെന്ന് തൊട്ടടുത്ത് നിന്നിരുന്ന മറ്റൊരു ശിഷ്യൻ നിവേദനം ചെയ്യുന്നു. ●

(തുടരും)

**(The Review of Religions, February 2007)**

**വിവർത്തനം : കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

പ്രത്യേകമായി അനുഗ്രഹിക്കപ്പെടുകയും ചെയ്ത സൗഭാഗ്യശാലികളും മഹാഭക്തരുമായ ആളുകളിൽ ഒരാളായിരുന്നു ഹദ്റത്ത് മുഫ്തി സാഹിബ്.

വാഗ്ദത്ത മസീഹി(അ)ന് ഇരിക്കുവാൻ കസേര നൽകപ്പെട്ട നിയമക്കോടതിയിൽ വാഗ്ദത്ത മസീഹി(അ)ന്റെ സംഘത്തോടൊപ്പം ഒരിക്കൽ ഹദ്റത്ത് മുഫ്തിസാഹിബും സന്നിഹിതനായിരുന്നു. ദീർഘനേരം കോടതിമുറിയിൽ ഇരിക്കുന്നത് വാഗ്ദത്ത മസീഹി(അ)നെ ക്ഷീണിപ്പിക്കുമെന്ന് മനസ്സിലാക്കിയ ഹദ്റത്ത് മുഫ്തി സാഹിബ് തന്റെ കോട്ടും തലപ്പാവും മടക്കിച്ചുരുട്ടി വാഗ്ദത്ത മസീഹി(അ)ന്റെ കാലടികൾക്കു കീഴിൽ വെച്ചു.

വാഗ്ദത്ത മസീഹി(അ)ന്റെ ആജ്ഞകളോട് കണിശമായ പ്രതികരണവും അനുസരണവും പ്രകടിപ്പിക്കൽ ഹദ്റത്ത് മുഫ്തി സാഹിബിനെ സ്സംബന്ധിച്ചിടത്തോളം ആത്മീയപോഷണമായിരുന്നു. 1905ലെ ഭൂകമ്പ ദിനങ്ങളിൽ വാഗ്ദത്ത മസീഹ(അ) ബിഹിശ്തിമഖ്ബറക്കെടുത്തുള്ള തോട്ടത്തിലായിരുന്നു താമസിച്ചിരുന്നത്. വാഗ്ദത്ത മസീഹ്(അ) മുഫ്തി സാഹിബിന്റെ കയ്യിൽ ഒരു കത്ത്

*(29-ാം പേജിൽ നിന്ന് തുടർച്ച)*

കാണാതെ പോയതിനെ തിരഞ്ഞുപിടിക്കാനല്ലോ മനുഷ്യപുത്രൻ വന്നത്. ലൂക്കോസ് 19/10 ഈ തൊഴുത്തിൽ (യറൂശലേമിൽ അന്ന്) ഇല്ലാത്ത വേറെ ആടുകളും എനിക്കുണ്ട്. അവയേയും ഞാൻ വളർത്തേണ്ടതാകുന്നു. എന്റെ ശബ്ദം കേൾക്കും ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും (യോ: 10/16)

മുകളിൽ എഴുതിയ വചനങ്ങൾ സത്യമാണെങ്കിൽ, നൂറ്റാണ്ടുകൾക്ക് മുമ്പ് ബാബിലോൺ രാജാവായ 'നെബുഖദ് നേസർ' യറുശലേം ദേവാലയം നശിപ്പിച്ചുകൊണ്ട് യിസ്രായേലിലെ 12 ഗോത്രങ്ങളിൽ പത്തിനേയും അടിമകളാക്കുകയും നാടുകടത്തുകയും ചെയ്യപ്പെട്ട 'കാണാതെ പോയ ആടുകളെത്തത്തേടി ഗലീല വഴി, അഫ്ഗാനിസ്ഥാൻ, തിബത്ത് വഴി ഇൻഡ്യയിൽ വരുകയും കാശ്മീരിൽ താമസിച്ചിരുന്ന ഇസ്രായേൽ മക്കളെ തന്റെ സന്ദേശം (താൻ ദൈവദൂതനാണെന്നും ദൈവദാസനാണെന്നും) എത്തിച്ചുകൊണ്ട് പിന്നീട് 80ലധികം വർഷം അഥവാ 120 വയസ്സുവരെ ജീവിച്ചു വിജയശ്രീലാളിതനായി പ്രകൃതി സാധാരണമായി ചരമം പ്രാപിച്ചുകൊണ്ട് തന്റെ മൃതശരീരം ശ്രീനഗറിൽ ഖാൻയാർ തെരുവിൽ 'യൂസാസഫ്' അഥവാ ഖബർഈസാ' എന്നറിയപ്പെടുന്ന സ്ഥലത്ത് ഉപേക്ഷിച്ചുകൊണ്ട് യേശു സ്വർഗ്ഗസ്ഥനായ ദൈവത്തിലേക്ക് കരേറിപ്പോയി എന്ന് മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്യുകയേ നിവൃത്തിയുള്ളൂ.

അതല്ലാതെ കുരിശ് സംഭവത്തിന് ശേഷവും പലതവണ ആഹാരം കഴിക്കുകയും മാംസവും അസ്ഥിയുമുള്ള ജീവനുള്ള ശരീരമാണെന്നും ആണിപ്പഴുതുകളിൽ വിരലിട്ടുനോക്കാനും തന്റെ കയ്യും കാലും പിടിച്ചു നോക്കുവാനും പറഞ്ഞുകൊണ്ട് താൻ മൃൺശരീരിയാണെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് പോലെ സ്വർഗ്ഗത്തിൽ മൃൺശരീരത്തോടുകൂടി പോയി എന്നത് വാസ്തവ വിരുദ്ധമായ കാര്യമാണെന്നുമാണ് മനസ്സിലാവുന്നത്. മാംസരക്തങ്ങൾക്ക് സ്വർഗ്ഗത്തിൽ പോകാൻ സാധ്യമല്ല. "മാംസരക്തങ്ങൾക്ക് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴിയുകയില്ല സഹോദരങ്ങളെ" (1-കൊരിന്ത്യർ 15:50) ●

## ബാഹ്യനോട്ടത്തിൽ വിധിക്കരുത്

സഹ്ല (റ)ൽ നിന്നു നിവേദനം. ഒരിക്കൽ ഒരു സമ്പന്നൻ തിരുമേനി (സ)യുടെ സമീപത്തുകൂടെ പോയി. അന്നേരം അവിടന്ന് ചോദിച്ചു: 'ഈ മനുഷ്യനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്?' അവർ പറഞ്ഞു: അദ്ദേഹം ഒരു തറവാട്ടിൽ വിവാഹലോചന ശിപാർശ ചെയ്താൽ ആ ശിപാർശ സ്വീകരിക്കപ്പെടും; അദ്ദേഹം വല്ലതും സംസാരിച്ചാൽ അത് മറ്റുള്ളവരെല്ലാം ശ്രദ്ധിക്കും." പിന്നെ അല്പസമയം തിരുമേനി(സ) മൗനം പാലിച്ചു. അപ്പോൾ ഒരു മുസ്ലിം ദരിദ്രൻ അതിലൂടെ കടന്നുപോയി തിരുമേനി (സ) ചോദിച്ചു: "ഇദ്ദേഹത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്?" അവർ പറഞ്ഞു: "അദ്ദേഹം വിവാഹാലോചന നടത്തിയാൽ ആരും വിവാഹം കഴിച്ചുകൊടുക്കുകയില്ല; ശിപാർശ ചെയ്താൽ ആരും അത് സ്വീകരിക്കുകയില്ല. എന്തെങ്കിലും പറഞ്ഞാൽ ആരും അത് ശ്രദ്ധിക്കുകയില്ല." അന്നേരം തിരുമേനി(സ) അരുളി: 'ആദ്യം പോയ ആളെ പോലെയുള്ളവർ ഭൂമി നിറയെ ഉണ്ടെങ്കിലും അവരെക്കാളെല്ലാം ഉത്തമൻ ഈയാളാണ്'

***(ബുഖാരി)***

ലേഖനം

# സനാഉല്ല മുബാഹലക്ക് തയ്യാറായിട്ടില്ല: മുജാഹിദുകൾ ഒരു സത്യം കൂടി അംഗീകരിക്കുന്നു.

യാസർ അറഫാത്ത് ആർ.എം.

## ലജ്ജയില്ലാതെ മാറ്റിപ്പറയുന്ന ഏപ്പി മുജാഹിദുകൾ

സനാഉല്ലാ അമൃത്സറിയുമായി മുബാഹല നടത്തി ഹദ്റത്ത് അഹ്മദ് (അ) പരാജിതനായി (നഊദുബില്ലാഹ്) എന്ന് നിരന്തരം പ്രചരിപ്പിച്ചുവന്ന മുജാഹിദുകൾ ഇപ്പോൾ സനാഉല്ലായുമായി ഹദ്റത്ത് അഹ്മദ് (അ) മുബാഹല തന്നെ നടത്തിയിട്ടില്ല എന്ന് പറയുന്നു. മുജാഹിദുകൾ അഹ്മദിയ്യത്തിനെതിരെ എഴുതിവിട്ട ചവറുകളെല്ലാം വ്യാജമാണെന്ന് അവ സ്വയം സാക്ഷ്യം വഹിക്കുന്നു.

കേരളത്തിലെ ചില മുസ്‌ലിം പ്രദേശങ്ങളിലും ഗൾഫിൽ മലയാളികളുള്ള ചില സ്ഥലത്തും ഉണ്ടായിരുന്ന മുജാഹിദു പ്രസ്ഥാനം പലതായി പിളർന്നതിനുശേഷം അവരിലൊരു വിഭാഗമായ ഏപ്പി മുജാഹിദുകൾ ആരംഭിച്ച വാരികയാണ് 'വിചിന്തനം'. മറ്റാദർശം പുലർത്തുന്ന ഗ്രൂപ്പുകളെ എതിർത്തുകൊണ്ടിരിക്കുന്നത് സ്വന്തം നിലനില്പിന്റെ പ്രശ്നമാണെങ്കിലും അഹ്മദിയ്യാ ജമാഅത്തിന്റെ വിഷയം വരുമ്പോൾ 'ഇൻയഖൂലൂന ഇല്ലാ കദിബാ' അവർ കളവല്ലാതെ പറയുകയില്ല എന്നതാണ് 'വിചിന്തന' ത്തിന്റെ സ്വഭാവം. മുജാഹിദിലുണ്ടായ മുറിവിൽ നിന്നും രൂപം കൊണ്ടതിനാൽ അതിലെ പഴുപ്പിന്റെയും അഴുക്കിന്റെയും സകല ദുർഗന്ധവും 'വിചിന്തന'ത്തിലെ ചില വരികൾക്കുണ്ട്. 'നൂറാണ്ടിന്റെ പ്രായം, നൂറാണ്ടിന്റെ വ്യാജം' എന്നത് വിചിന്തനത്തിന്റെ പരസ്യവാചകമാക്കാവുന്നതാണ്. പിളർപ്പിനുശേഷം പല മുജാഹിദുകളും അഹ്മദിയ്യത്തിനെപ്പറ്റി പഠിക്കാൻ തുടങ്ങിയതിനാൽ, സ്വന്തം അണികളെ പിടിച്ചുനിർത്താനും 'വിചിന്തനം' അഹ്മദിയ്യത്തിനെതിരിൽ വ്യാജാരോപണങ്ങൾ അടിച്ചുവിട്ടുകൊണ്ടിരിക്കുന്നു. അഹ്മദീ വിരോധമെന്ന ഉണക്കപ്പുല്ല് വെച്ചു നീട്ടിയാൽ വിഘടിതരെന്നും, കാഫിറെന്നും മുശ്രിക്കെന്നും മുബ്തദിതുകളെന്നും പരസ്പരം വിളിക്കുന്ന ഗ്രൂപ്പുകളും സംഘടനകളും മാത്രമല്ല, സകല ഇസ് ലാം വിരുദ്ധ ജൂത-ക്രൈസ്തവ വിഭാഗങ്ങളും ഈ ഉണക്കപ്പുല്ലിനു പിറകെ ഒറ്റക്കെട്ടായി വരുമെന്നത് യാഥാർത്ഥ്യമാണ്. സുദീർഘമായ 82 വർഷമായി ഈ കൊച്ചുകേരളത്തിലെ 'സത്യദൂതൻ' മാസിക പലപ്പോഴായി ചർച്ച ചെയ്തു കഴിഞ്ഞ വിഷയങ്ങളാണ് ആറേഴ് വർഷം മുമ്പ് മുളച്ചുപൊന്തിയ 'വിചിന്തനം' മഹാകാര്യമായി പുതിയ അച്ചടിമഷി പുരട്ടി അവതരിപ്പിക്കുന്നത്! 'വിചിന്തനം' തുടർച്ചയായി ലക്കും ലഗാനുമില്ലാതെ എഴുതുന്ന ചവറുകൾക്കെല്ലാം വീണ്ടും വീണ്ടും മറുപടി പറയാൻ സത്യദൂതന്റെ വിലപ്പെട്ട പേജുകൾ ഉപയോഗിക്കുന്നത് പ്രയാസമുള്ള കാര്യമാണ്. അഹ്മദിയ്യാ സന്ദേശം എത്തിയിട്ടില്ലാത്ത പല സ്ഥലങ്ങളിലും വിഷയങ്ങൾ ചർച്ച ചെയ്യപ്പെടാനും ജനങ്ങൾ സത്യമന്വേഷിക്കാനും 'വിചിന്തനം'ത്തിലെ അഹ്മദിയ്യാ വിരുദ്ധ ലേഖനങ്ങൾ സഹായകരമാവുന്നു എന്നതാണ് അനുഭവം. അവരുടെ നൂറാം ക്ലാസ് വിമർശനങ്ങൾ ഞങ്ങളിൽ അസ്വസ്ഥതയുണ്ടാക്കാറില്ല. ആരോപണങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്തിന് മറുപടി ഇല്ലെന്നു പറഞ്ഞ് വിചിന്തനം സന്തോഷിക്കുന്നതു കാണുമ്പോൾ, ഇറച്ചിക്കോഴിക്ക് തീറ്റ കാണുമ്പോഴുള്ള സന്തോഷമാണ് ഓർമ്മ വരുന്നത്.

അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്, മൗലവി സനാഉല്ലാഹ് അമൃതസരി, ഹദ്റത്ത് അഹ്മദി(അ)ന്റെ മുബാഹലാ ആഹ്വാനം സ്വീകരിച്ചുവെന്നും അങ്ങനെ മുബാഹല നടന്നുവെന്നും അതിൻ ഫലമായി മിർസാ സാഹിബ് കോളറ

പിടിച്ചുമരിച്ചുവെന്നുമുള്ള പച്ചക്കള്ളം. (ലഅ്നത്തുല്ലാഹി അലൽ കാദി ബീൻ) 1908ൽ അഹ്മദ് (അ) വഫാത്തായതു മുതൽ അനേകം അഹ്മദീ വിരുദ്ധ സാഹിത്യങ്ങളിൽ ഈ ആരോപണം ആവർത്തിക്കുകയും, അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗത്തു നിന്നു യാഥാർത്ഥ്യം വിശദീകരിച്ചുകൊണ്ട് പലതവണ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ മുൻ ചീഫ് മുബല്ലിഗ് മർഹും മുഹമ്മദ് അബുൽവഫാ മൗലവി സാഹിബ് അമൃതസറിൽ ചെന്ന് സനാഉല്ലാ അമൃതസരിയുമായി ഈ വിഷയം നേരിട്ട് സംസാരിച്ചിട്ടുണ്ട്. തന്റെ മുബാഹല കൊണ്ടാണ് മിർസാ സാഹിബ് മരിച്ചതെന്ന് സനാഉല്ല അവകാശപ്പെട്ടപ്പോൾ, മുബാഹലയിൽ നിന്നൊഴിഞ്ഞുമാറാൻ സനാഉല്ല തന്നെ 'അഹ്ലെ ഹദീസ്' പത്രത്തിലെഴുതിയ ലേഖനങ്ങൾ മുഹമ്മദ് അബുൽ വഫാ സാഹിബ് കാണിക്കുകയും, മുബാഹല നടന്നുവെന്ന തന്റെ അവകാശവാദം പൊളിഞ്ഞെന്നറിഞ്ഞ സനാഉല്ലാ ദ്വേഷ്യപ്പെട്ടു സംസാരിക്കുകയുമാണുണ്ടായത്. ഇങ്ങനെ മുബാഹല നടന്നുവെന്നു സ്ഥാപിക്കുന്നതിൽ സാക്ഷാൽ സനാഉല്ല തന്നെ പരാജയം സമ്മതിച്ചിരിക്കെ പ്രവാചക നിഷേധത്തിൽ സനാഉല്ലായുടെ പിൻമുറക്കാരായവർ മുബാഹല നടന്നുവന്നു വാദിക്കുന്നത് എത്രത്തോളം പരിഹാസ്യമാണ്? 1988 സപ്തംബർ 25ന്റെ 'മാധ്യമ'ത്തിലും 2000 മെയ് 5ന്റെ ശബാബിലും മുബാഹലയെക്കുറിച്ചുള്ള ഈ വ്യാജാരോപണം എഴുതിയിട്ടുണ്ട്. മുജാഹിദു മുഖപത്രമായ ശബാബ് എഴുതി:

"പ്രബോധന പ്രവർത്തനത്തിൽ കാര്യമായി സനാഉല്ലയുടെ ശ്രദ്ധ പതിഞ്ഞത് ഖാദിയാനിസത്തെ എതിർക്കുന്നതിലായിരുന്നു. 1326ൽ ഖാദിയാനി അദ്ദേഹത്തെ വെല്ലുവിളിച്ചു. ആ വെല്ലുവിളിയെ അദ്ദേഹം സ്വീകരിച്ചു. അങ്ങനെ അവർ തമ്മിൽ ഒരു മുബാഹല നടന്നു. ആരാണ് കള്ളം പറയുന്നവനും അധർമ്മിയും എങ്കിൽ അവൻ ആദ്യം മരിക്കട്ടെ എന്നായിരുന്നു വിഷയം. കോളറയാലും പ്ലേഗുരോഗത്താലും അല്ലാഹു ഖാദിയാനിയെ പരീക്ഷിച്ചു. ഈ മുബാഹലക്കുശേഷം മിർസാഗുലാം ഖാദിയാനി അന്ത്യശ്വാസം വലിച്ചു. എന്നാൽ ശൈഖ് സനാഉല്ലാ അമൃതസരി ഇതിനുശേഷം 40 വർഷത്തോളം ജീവിച്ചു. അമൃതസരിയമായുള്ള മുബാഹലയിലൂടെ ഖാദിയാനി കള്ളപ്രവാചകനാണെന്ന് അല്ലാഹു ജനങ്ങൾക്ക് തെളിയിച്ചു കൊടുത്തു." (ശബാബ് 5-5-2000 പേജ് 6) (ലഅ്നത്തുല്ലാഹിഅലൽകാദിബീൻ)

ശബാബിന്റെ ഈ വ്യാജപ്രസ്താവനക്ക് ഉടൻ തന്നെ, അഥവാ 2000 മെയ് ലക്കം സത്യദൂതനിൽ "മുബാഹലയും കുറെ കുറുക്കന്മാരും" എന്ന പേരിൽ വിശദീകരിച്ചൊരു മറുപടി വന്നിരുന്നു. സത്യദൂതൻ എഴുതി: "സനാഉല്ലാഹ് അമൃതസരി ഹദ്റത്ത് വാഗ്ദത്ത മസീഹുമായി മുബാഹല നടത്തുകയോ അതിന്റെ ഫലമായി വാഗ്ദത്ത മസീഹ് മരണപ്പെടുകയോ ചെയ്തിട്ടില്ല എന്നതാണ് വാസ്തവം. മറിച്ച് സനാഉല്ലാ വഞ്ചകനും കള്ളവാദിയും കുഴപ്പക്കാരനും മുസൈലിമത്തുൻ കദ്ദാബിന് സമനും ആണെന്ന് അല്ലാഹു തെളിയിക്കുകയാണുണ്ടായത്. സത്യം തൊട്ടുതീണ്ടിയിട്ടില്ലാത്ത 'ശബാബി'ന്റെ പ്രസ്താവന ദൈവനിന്ദക്കുദാഹരണമായി വർത്തിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. പരലോകവിശ്വാസവും ദൈവസമക്ഷം കണക്ക് ബോധിപ്പിക്കണമെന്ന സത്യവും അവഗണിക്കുന്നവർക്കല്ലാതെ ഇങ്ങനെയൊരു അസത്യജല്പനം സാധ്യമാവുകയില്ലെന്നും ഇവിടെ വ്യക്തമാക്കിക്കൊള്ളട്ടെ...." (സത്യദൂതൻ മെയ് 2000, പേജ് 17) അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മേൽ അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങൾ വർഷിക്കുന്നതുകാണാൻ വേണ്ടി ദീർഘമായ 40 വർഷങ്ങൾ വാഗ്ദത്ത മസീഹിനുശേഷം സനാഉല്ല ജീവിച്ചിരുന്നതും ദുരന്തപൂർണ്ണമായ അവസാനകാലജീവിതവും സത്യദൂതൻ തുടർന്ന് സൂചിപ്പിക്കുന്നുണ്ട്. പ്രവാചകനിഷേധികൾക്കുള്ള മറുപടി രണ്ടാം ഭാഗം പേജ് 159 മുതൽ 182 വരെയുള്ള ഭാഗത്തും സനാഉല്ലയുടെ മുബാഹലയുമായി ബന്ധപ്പെട്ട ആരോപണങ്ങൾക്കു വ്യക്തമായ തെളിവുകളോടെ മറുപടി നല്കിയിട്ടുണ്ട്.

പിന്നെ കുറച്ചുകാലം മുജാഹിദുകൾക്കു തമ്മിലടിയുടെയും പ്രസ്ഥാനത്തെ വെട്ടിമുറിച്ചു ഭാഗം വെക്കുന്നതിന്റെയും തിരക്കുകൊണ്ടായിരിക്കണം, മുബാഹലയെപ്പറ്റിയുള്ള വ്യാജപ്രസ്താവന ആവർത്തിച്ചിരുന്നില്ല.

പിളർപ്പിനുശേഷം മുജാഹിദുകൾ അഹ്മദിയ്യത്തിനെപ്പറ്റി പഠിക്കുന്നതിനു തടയിടാൻ വേണ്ടി 2006 ജൂൺ 16ന്റെ 'വിചിന്തന'ത്തിൽ മുബാഹലയെപ്പറ്റിയുള്ള മേൽപറഞ്ഞ വ്യാജപ്രസ്താവന വള്ളിപുള്ളി വിടാതെ എടുത്തു ചേർക്കുകയുണ്ടായി. പഴയ ശബാബിലെ പ്രവാചകനിഷേധികൾ പിളർപ്പിനുശേഷം വിചിന്തനത്തിലേക്കു കൂടുമാറിയതായിട്ടു മനസ്സിലാവുന്നു. ആരോപണത്തിനു വ്യക്തമായ മറുപടി മുമ്പേ പറഞ്ഞിരിക്കെ, ആ മറുപടിയിൽ എന്തെങ്കിലും അബദ്ധങ്ങളുണ്ടെങ്കിൽ അതിനെപ്പറ്റി പ്രതികരിക്കുകയായിരുന്നു സത്യം കയ്യിലുള്ളവരെങ്കിൽ വിചിന്തനം ചെയ്യേണ്ടിയിരുന്നത്. അങ്ങനെയല്ലാത്തതുകൊണ്ടാണ് വീണ്ടും വ്യാജപ്രസ്താവനയുമായി രംഗത്തു വരേണ്ടി വന്നത്. ഉടൻ തന്നെ ഈ ലേഖകൻ ഏ.പി. ഗ്രൂപ്പ് നേതാവ് അബ്ദുൽ ഖാദിർ മൗലവിക്ക് ഈ വിഷയസംബന്ധമായി കത്തയച്ചിരുന്നു. സനാഉല്ലയുമായി മുബാഹല നടന്നുവെങ്കിൽ, നടന്ന തീയതിയും സ്ഥലവും അറിയിച്ചുതരാൻ പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇല്ലാത്ത തീയതിയും സ്ഥലവും തപ്പിയിട്ടു കിട്ടാത്തതിനാൽ യാതൊരു മറുപടിയും ലഭിച്ചില്ല. മറുപടി അയക്കാൻ കാർഡയച്ചുകൊടുത്തിട്ടും, ഫോൺ ചെയ്തിട്ടും മാന്യമായി പ്രതികരിക്കാൻ 'ബഹുമാനപ്പെട്ടവർ' തയ്യാറായില്ല. 'വിചിന്തനം' വെറും വ്യാജചിന്തകളുടെ വക്താക്കളാണെന്നു തെളിയിച്ചു

*(ശേഷം 39-ാം പേജിൽ)*

ലേഖനം

# സാഹിബ് സാദ ഹദ്റത്ത് മിർസാ വസിം അഹ്മദ് (തുടർച്ച)

## ഖലീഫത്തുൽ മസീഹ് V

യഥാർത്ഥത്തിൽ നമ്മെ സംരക്ഷിക്കുക എന്നതായിരുന്നില്ല അവരുടെ ഉദ്ദേശ്യം. സംശയദൃഷ്ടിയോടെയാണ് അവർ നമ്മളെ കണ്ടിരുന്നത്. ആ ഘട്ടത്തിലും ഹദ്റത്ത് സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബ് ഖാദിയാനിലെ എല്ലാ അഹ്മദികളേയും മസ്ജിദ് മുബാറക്കിൽ വിളിച്ചുചേർത്തു. വേദനാനിർഭരമായ വാക്കുകളിൽ ഒരു പ്രസംഗം ചെയ്തു. അവിടന്ന് പറഞ്ഞു:

"ഇത് നമ്മുടെ ശാശ്വതമായ കേന്ദ്രമാണ്. നമ്മൾ ഇതിനെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. (എങ്ങനെയെങ്കിലും ഒഴിഞ്ഞു കിട്ടിയാൽ ആ സ്ഥലം കൈയടക്കാമെന്നതായിരുന്നു അവരുടെ ഉദ്ദേശ്യം) ഇന്നത്തെ ഒരേയൊരു രാത്രിയാണ് നമ്മുടെ പക്കലുള്ളത്. നമ്മുടെ ദുആ മുഖേന അല്ലാഹുവിന്റെ അർശിനെ പിടിച്ചുകുലുക്കുക. സർക്കാർ നമ്മളെക്കുറിച്ച് ഈ തീരുമാനത്തിൽത്തന്നെ ഉറച്ചു നില്ക്കുകയാണെങ്കിൽ, ഓർമ്മിക്കുക, ഒരു കുട്ടി പോലും സ്വന്തം ഇഷ്ടത്താൽ ഖാദിയാന് വെളിയിൽ പോകുകയില്ല. നമുക്ക് നമ്മുടെ ജീവൻ ബലിയർപ്പിക്കേണ്ടി വന്നാലും പരിശുദ്ധമായ സ്ഥലങ്ങൾ നിലകൊള്ളുന്ന ഈ ഖാദിയാൻ വിട്ട് നാം പോകുകയില്ല. ഓർത്തുകൊള്ളുക. ഞാനും ഇവിടെനിന്ന് സ്വയം വെളിയിൽപ്പോകുകയില്ല. സർക്കാരുദ്യോഗസ്ഥന്മാർ എന്നെ വലിച്ചിഴച്ച് വെളിയിൽ കൊണ്ടുപോകുകയാണെങ്കിൽ കൊണ്ടുപോകട്ടെ. എന്നാൽ, ഞാൻ എന്റെ കാലിൽ നടന്നു പോകുകയില്ല. നിങ്ങളിലെ ഓരോ ദർവേശിന്റേയും നിങ്ങളുടെ മക്കളുടേയും നിലപാട് ഇതുതന്നെയായിരിക്കണം. എന്നെ കൊണ്ടുപോയിട്ട്, ഞങ്ങൾ നിങ്ങളുടെ മിയാസാഹിബിനെ കൂട്ടിക്കൊണ്ടുപോയി, അതുകൊണ്ട് നിങ്ങളും വരിക എന്ന് അവർ പറഞ്ഞേക്കാം. അവർ എന്നെ കൊണ്ടുപോകുന്നെങ്കിൽ കൊണ്ടുപോകട്ടെ. നിങ്ങൾ പോകുകയില്ല. ജമാഅത്തിലെ ഓരോ അംഗത്തിന്റേയും വായിൽ നിന്ന് പുറപ്പെടേണ്ട ശബ്ദം, ഞങ്ങൾ ഖാദിയാനെ ഉപേക്ഷിക്കുകയില്ല എന്നതായിരിക്കണം. നിവേദകൻ പറയുന്നു, ആ രാത്രി ഖാദിയാനിലെ ഓരോ കുട്ടിയുടേയും അവസ്ഥ ഇതായിരുന്നു. ഓരോ വ്യക്തിയും അല്ലാഹുവിന്റെ മേൽ കമിഴ്ന്നുവീഴുന്ന പ്രതീതി. മസ്ജിദ് മുബാറക്കിന്റെ ഓരോ മുക്കിലും മൂലയിലും മസ്ജിദ് അഖ്സായുടെ ഓരോ കോണിലും ബിഹിശ്തി മഖ്ബറയുടെ ഓരോ സ്ഥലത്തും ദുആ നടന്നുകൊണ്ടിരുന്നു. ഓരോ വീടിന്റേയും ഭിത്തികൾ, ദർവേശുകളുടെ ഉള്ളിൽ നിന്ന് പുറത്തുവന്ന കഠിനവിലാപത്തിനും നിലവിളിക്കും സാക്ഷിയാണ്. അത് ദൈവികസന്നിധിയിൽ മുട്ടിവിളിക്കാൻ തുടങ്ങി. അവരുടെ സുജൂദിന്റെ സ്ഥലം നനവാർന്നതായി. അവരുടെ നെറ്റിത്തടം ദൈവികസവിധത്തിൽ കുനിഞ്ഞുതന്നെ കിടന്നു. നൂറുക്കണക്കിന് കരങ്ങൾ ദൈവികസവിധത്തിലേക്ക് ഉയർന്നു. ആ രാത്രിയും പകലും ഞങ്ങൾ ഇങ്ങനെയാണ് കഴിച്ചുകൂട്ടിയത്. അവസാനം അല്ലാഹു അവരുടെ ദുആ സ്വീകരിച്ചു. അടുത്തദിവസം സർക്കാരുദ്യോഗസ്ഥരെ കാണാനും വിവരങ്ങളെല്ലാം വ്യക്തമാക്കാനും വേണ്ടി ഒരു സംഘം ആളുകൾ പോയി. സൈനികോദ്യോഗസ്ഥന്മാർ നേരിട്ട് ഖാദിയാനിൽ വന്നു. മഖാമാത്തെ മുഖദ്ദസ അവർ കണ്ടു. അഹ്മദിയ്യാ മുഹല്ലയും അവർ നേരിൽ കണ്ടു. പിന്നീട് ഡി.സി. സാഹിബ് തുടങ്ങിയവരുടെ ശിപാർശയാൽ തീരുമാനം സർക്കാർ പിൻവലിച്ചു.

ഹദ്റത്ത് മിയാസാഹിബിന്റെ പ്രാർത്ഥനയെക്കുറിച്ച് അവിടെ താമസിച്ചുവന്ന നമ്മുടെ ഒരു മുബല്ലിഗ് സാഹിബ് പറയുന്നു. "എനിക്ക് കുറച്ചുനാൾ ദാറുൽ മസീഹിൽ താമസിക്കാൻ അവസരം കിട്ടി. മിയാ വസിം അഹ്മദ് സാഹിബ്, രാത്രിയിൽ ബയ്ത്തുദ്ദുആയിലും, ഹദ്റത്ത് മസീഹ് മൗഊദ് (അ) ദുആ ചെയ്തിരുന്ന മറ്റു സ്ഥലങ്ങളിലും ദുആയിൽ മുഴുകിയിരിക്കുന്നത് ഞാൻ മിക്കപ്പോഴും കണ്ടിട്ടുണ്ട്."

1977-ൽ ഞാൻ പറഞ്ഞതുപോലെ, ഹദ്റത്ത് മൗലവി അബ്ദുർ റഹ്മാൻ സാഹിബ് ജട്ടിന്റെ വഫാത്തിനെ ത്തുടർന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) മിയാ സാഹിബിനെ അമീറെമഖാമിയും നാസിർ അഅ്ലാ യും ആയിട്ട് നിശ്ചയിച്ചു. ഇതിന്റെയടിസ്ഥാനത്തിലും അവിടന്ന് സംഘടനാപരമായ സേവ

നങ്ങളും അനുഷ്ഠിച്ചു പോന്നു.

1982-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) വഫാത്തായപ്പോഴും അദ്ദേഹത്തിന് റബ്വയിൽ പോകാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ മൂത്ത രണ്ട് പെൺകുട്ടികളുടെ വിവാഹം കഴിഞ്ഞിരുന്നു. ചെറിയ പെൺകുട്ടിയും മകനും മാത്രമേ അന്ന് അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്നുള്ളൂ. മകൾ അമത്തുർറഊഫ് പറയുന്നു: അബ്ബായ്ക്ക് ഖിലാഫത്തിനോട് അതിരറ്റ സ്നേഹമായിരുന്നു. ഹുസൂറിന്റെ ദേഹവിയോഗത്തിന്റെ അടുത്ത ദിവസം തന്നെ, ഒരു കത്തുമായി ഉമ്മയുടേയും എന്റേയും അടുത്തുവന്ന്, ഇത് വായിച്ച് ഒപ്പിടാൻ പറഞ്ഞു. (ഭാര്യയോടും മകളോടും പറഞ്ഞു ഒപ്പിടാൻ). അതിൽ ഖലീഫത്തുൽ മസീഹ് റാബിഇന് ബയ്അത്ത് ചെയ്യുന്നതിനെസ്സംബന്ധിച്ചാണ് എഴുതിയിരുന്നത്. ഖലീഫയുടെ പേരൊന്നും അതിൽ ചേർത്തിരുന്നില്ല. അത് താൻ ഉടനെ അയക്കാൻ പോകുകയാണെന്നും അബ്ബാ പറഞ്ഞു. മകൾ പറയുന്നു: ഞാൻ, ചോദിച്ചു. അബ്ബാ! ഇപ്പോൾ ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നടന്നിട്ടില്ലല്ലോ. ആരാണ് ഖലീഫയാകുകയെന്നും നമുക്കറിയില്ലല്ലോ? ഹദ്റത്ത് മിയാ സാഹിബ് ഉടനെ പറഞ്ഞു: "ഞാൻ ഖലീഫയുടെ മുഖം കണ്ടുകൊണ്ട് ബയ്അത്ത് ചെയ്യുന്നില്ല. ഞാൻ, ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഖിലാഫത്തിനാണ് ബയ്അത്ത് ചെയ്യുന്നത്. ആരെ അല്ലാഹു ഖലീഫയാക്കിയാലും, ഞാൻ ബയ്അത്ത് ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ഈ കത്ത് ഞാനെഴുതി. ഞാനത് അയക്കാൻ പോകുകയാണ്; ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നടക്കുന്നതോടുകൂടി എന്റെ കത്ത് അവിടെ എത്തണം."

ഇതായിരുന്നു ഖിലാഫത്തിനോടുള്ള സ്നേഹവും പ്രേമവും, അതിന്റെ തിരിച്ചറിവും. എല്ലാവർക്കും ഈ നില കൈവരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഹദ്റത്ത് മിയാ സാഹിബിന്നെതിരിൽ എതിരാളികൾ കള്ളക്കേസും കൊടുത്തിരുന്നു. സ്വന്തമാളുകളും മിയാസാഹിബിനെ ബുദ്ധിമുട്ടിക്കുകയുണ്ടായി. പക്ഷേ, വളരെ ക്ഷമയോടും ധൈര്യത്തോടുംകൂടി അവിടന്ന് ഓരോന്നും സഹിച്ചു. എന്നല്ല, കേൾക്കാൻ കഴിഞ്ഞത് ആ എതിരാളികളിൽ പലരും അനുശോചനം അറിയിക്കാൻ ഖാദിയാനിൽ എത്തിയിരുന്നുവെന്നാണ്.

ശതവാർഷിക ജൂബിലി കൊണ്ടാടിയ അവസരത്തിൽ, ഇന്ത്യ മുഴുവനും അവിടന്ന് പര്യടനം നടത്തി. ജമാഅത്തുകളെ ഓർഗനൈസ് ചെയ്തു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖാദിയാൻ സന്ദർശിച്ച സന്ദർഭത്തിൽ, എല്ലാ ഉത്തരവാദിത്തങ്ങളും ഏറ്റെടുത്തു നടത്തി. 2005-ൽ ഞാൻ ഖാദിയാൻ സന്ദർശിച്ചപ്പോൾ മിയാസാഹിബിന് നല്ല സുഖമില്ലായിരുന്നു. വളരെ ക്ഷീണമുണ്ടായിരുന്നു. കഠിനമായ ഇൻഫക്ഷനുണ്ടായിരുന്നു. ആദ്യയോഗത്തിൽ ആധ്യക്ഷം വഹിക്കേണ്ടത് അദ്ദേഹമായിരുന്നു. നല്ല പനിയുണ്ടായിരുന്ന സന്ദർഭമായിരുന്നു അത്. പക്ഷേ, ഞാൻ സമ്മതം കൊടുത്തത് കൊണ്ടു മാത്രമാണ് യോഗത്തിന് എത്തിയത്. സന്ദർഭവശാൽ ഞാൻ വീട്ടിൽ വന്ന് എം.ടി.എ. ഓൺ ചെയ്തു നോക്കിയപ്പോൾ, അദ്ദേഹം അധ്യക്ഷനായിരിക്കുന്നതാണ് കണ്ടത്. 'അങ്ങയ്ക്ക് സുഖമില്ല, അധ്യക്ഷസ്ഥാനത്തുനിന്ന് വിരമിച്ച് ഉടനെ വരികയെന്ന്' ഞാൻ പറഞ്ഞയച്ചു. 'എനിക്ക് സുഖമില്ല എനിക്ക് പനിയാണ്. ഇരിക്കാൻ കഴിയില്ല.' എന്നൊന്നും അദ്ദേഹം പറഞ്ഞില്ല. അങ്ങേയറ്റം ക്ഷീണിതനായിരുന്നുവെങ്കിലും 'ഞാൻ സമ്മതം കൊടുത്തുകഴിഞ്ഞു' എന്ന ഒറ്റക്കാരണത്താലാണ് ബുദ്ധിമുട്ടി അവിടെപ്പോയി അധ്യക്ഷസ്ഥാനത്തിരുന്നത്. എന്റെ സന്ദേശം കിട്ടിയുടനെ എഴുന്നേറ്റു പോരികയും ചെയ്തു.

അങ്ങേയറ്റം കൂറുപുലർത്തിക്കൊണ്ട്, തന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന ആളായിരുന്നു മിയാ സാഹിബ്. ഞാൻ താമസിച്ച വീട്ടിൽ ചെറിയ ചെറിയ ജോലികൾ തീരാനുണ്ടായിരുന്നു. സ്വയം മേസ്തിരിമാരെ കൊണ്ടുവന്ന് സ്വന്തം നോട്ടത്തിൽ ജോലി ചെയ്യിച്ചിരുന്നു. വാസ്തവത്തിൽ അപ്പോഴും നല്ല ക്ഷീണമുണ്ടായിരുന്നു മിയാ സാഹിബിന്.

'അല്ലാഹുവിൽ സർവ്വവും സമർപ്പിക്കുക' അതായത് തവക്കുൽ ചെയ്യുക എന്ന ഗുണം വലിയ തോതിൽ അദ്ദേഹത്തിലുണ്ടായിരുന്നു. അല്ലാഹുവിനോട് സ്നേഹബന്ധം പുലർത്തിയിരുന്നു. നബി(സ) തിരുമേനിയോടും ഹദ്റത്ത് മസീഹ് മൗഊദി(അ)നോടും അത്യധികമായ പ്രേമമുണ്ടായിരുന്നു. അതേ പ്രേമമാണ് പിന്നീട് ഖിലാഫത്തുമായും ഉണ്ടായിരുന്നത്. ഖിലാഫത്തിനോടുള്ള അനുസരണം ഒരുപാടായിരുന്നു.

ജനങ്ങളോട് കണക്കറ്റ സ്നേഹമായിരുന്നു. സേവനത്തിന്റെ വികാരം തുടിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി (റ)ന്റെ സ്വഹാബിമാരെ അതിരറ്റ് ആദരിച്ചിരുന്നു. ദർവേശുമാരോട് വലിയ സ്നേഹമായിരുന്നു, എന്നല്ല, ഒരിക്കൽ ദർവേശുമാരെക്കുറിച്ച ആരോ വേണ്ടാത്തത് പറഞ്ഞപ്പോൾ, അവിടന്ന് വെറുപ്പ് പ്രകടിപ്പിക്കുകയുണ്ടായി. വാസ്തവത്തിൽ, അദ്ദേഹത്തിന്റെ സ്വഭാവം എപ്പോഴെങ്കിലും വെറുപ്പ് പ്രകടിപ്പിക്കുമെന്ന് തോന്നുന്നതായിരുന്നില്ല. പക്ഷേ, ദർവേശുമാരുടെ അഭിമാനം ഓർത്തപ്പോൾ, ആ വാക്കുകൾ അദ്ദേഹത്തിന് സഹിക്കാൻ കഴിഞ്ഞില്ല.

അതിഥിസൽക്കാരം എടുത്തുപറയേണ്ട പ്രത്യേകതയായിരുന്നു. രാത്രി നേരത്തെ ആരെങ്കിലും കാണാൻ വന്നാൽ സന്തോഷത്തോടെ എതിരേല്ക്കുമായിരുന്നു. ബീഗം സാഹിബ പറയുന്നു: പെരുന്നാൾ ദിനങ്ങളിൽ വിധവകളെക്കാണാനും അവർക്ക് സമ്മാനം നല്കാനും എന്നെ പറഞ്ഞുവിടുമായിരുന്നു. ഏതെങ്കിലും പുരുഷനോ സ്ത്രീക്കോ സുഖമില്ലാതായാൽ അവരെ സന്ദർശിക്കാൻ പോകുമായിരുന്നു. രോഗം കൂടുതലാണെന്ന് കണ്ടാൽ അവരെ അമൃതസർ ആശുപത്രിയിൽ കൊണ്ടുപോകാൻ ഏർപ്പാട് ചെയ്യുമായിരുന്നു. ദർവേശുമാരെ കുട്ടി

കളെപ്പോലെയാണ് പരിപാലിച്ചിരുന്നത്.

ബീഗം സാഹിബ പറയുന്നു: "ഞങ്ങൾ മൂന്നുമാസം വെളിയിൽ താമസിച്ചശേഷം ഖാദിയാനിലെത്തിയ ദിവസം ഏതോ അതിഥി വന്നിരുന്നു. അതിഥി വന്നിട്ടുണ്ട്, എന്തെങ്കിലും കഴിക്കാൻ കൊടുത്തുവിടുക എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ പറഞ്ഞു, നമ്മൾ ഇപ്പോൾ വന്നതല്ലേയുള്ളൂ. വീട്ടിലെന്തെങ്കിലും ഉണ്ടോ എന്നറിയില്ല. എന്താണ് കൊടുത്തുവിടേണ്ടത്? ഇത്തരം മറുപടിയില്ല പറയേണ്ടതെന്ന് എന്നോട് അദ്ദേഹം പറഞ്ഞു. തിരഞ്ഞുനോക്കുക എന്തെങ്കിലും കിട്ടും എന്നും അറിയിച്ചു. അങ്ങനെ ബിസ്ക്കറ്റിന്റെ ഒരു പായ്ക്കറ്റ് കിട്ടി. അത് ഞാൻ കൊടുത്തയച്ചു."

ചെറിയ ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിക്കുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ആദ്യകാലത്തെ അവസ്ഥയെക്കുറിച്ച് ഞാൻ പറഞ്ഞു. പിന്നീട് അന്യരുമായിട്ടുള്ള ബന്ധം വളരെ വിശാലമായി. എല്ലാവരും പരിചയക്കാരായിരുന്നു. ഞാൻ 2005-ൽ ഖാദിയാനിൽ പോയപ്പോൾ, ഗുരുദാസ്പൂരിലും ഞങ്ങൾ പോയിരുന്നു. അവിടെ താമസിക്കുന്ന ചില മുതിർന്ന ആളുകളും, മിയാസാഹിബ് കാരണം എന്നെ അവരുടെ വീട്ടിലേക്ക് ക്ഷണിച്ചു. സിക്കുകാരിൽ നിന്നും ഹിന്ദുക്കളിൽ നിന്നും ആരു കണ്ടുമുട്ടിയാലും, മിയാസാഹിബിനെക്കുറിച്ച് പറയുമായിരുന്നു. അവിടത്തെ സൽസ്വഭാവം നല്ലവണ്ണം അറിയുന്നവരായിരുന്നു അവർ.

വഫാത്തിന്റെ ഈ അവസരത്തിലും വിദ്യാസമ്പന്നരായ ഒരുപാട് സിക്കുകാരും ഹിന്ദുക്കളും വന്നിരുന്നു. പാർലമെന്റംഗങ്ങളും, വ്യവസായികളും വക്കീൽമാരും, ദരിദ്രരും, പഞ്ചാബ് അസംബ്ലിയിലെ സ്പീക്ക റും എത്തിയിരുന്നു. വീഡിയോയിലൂടെ ഞാൻ അവരുടെ പ്രതികരണം കേൾക്കുകയായിരുന്നു. എല്ലാവരും അദ്ദേഹത്തെ അങ്ങേയറ്റം സ്തുതിക്കുകയാണ്. മതത്തിന്നതീതമായിക്കൊണ്ട് ഞങ്ങളുമായി ബന്ധംവയ്ക്കുകയും മനുഷ്യത്വപരമായ ബന്ധം ശക്തിപ്പെടുത്തണമെന്ന പാഠം ഞങ്ങളെ പഠിപ്പിക്കുകയും ചെയ്ത വ്യക്തിയാണ് ഹദ്റത്ത് മിയാസാഹിബ് എന്ന് അവർ പറഞ്ഞു. എല്ലാവർക്കും മിയാസാഹിബിനെ അറിയാമായിരുന്നു.

ചെറിയ ചെറിയ ഒരുപാട് സംഭവങ്ങളുണ്ട്. അനുശോചനക്കത്തുകളിൽ എഴുതിയിരിക്കുന്ന അതെല്ലാം പറഞ്ഞാൽ വളരെ ദീർഘമായിപ്പോകും.

ഹദ്റത്ത് മിയാസാഹിബിന്റെ ഒരു പ്രത്യേകത, വളരെ നല്ല നിലയിൽ ആലോചിച്ചും ചിന്തിച്ചും സംസാരിച്ചിരുന്നു എന്നതാണ്. ജമാഅത്തിന്റെ പാരമ്പര്യത്തിൽ നിന്ന് അകന്ന് എന്തെങ്കിലും കാര്യം ഉണ്ടാകാതിരിക്കാനും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റേയും നബി(സ) തിരുമേനിയുടേയും സ്ഥാനത്തെ ബാധിക്കുന്ന ഒന്നും വന്നുപോകാതിരിക്കാനും പൊങ്ങച്ചത്തിന്റെ നാറ്റം ഉണ്ടാകാവുന്നതും ദർവേശീപരമായ വിനയത്തിന് ക്ഷതം പറ്റുന്നതുമായ കാര്യം സംസാരത്തിനിടെ ഉണ്ടാകാതിരിക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹം അകറ്റിക്കളയുന്നതാണ്.

ഒരിക്കൽ കാനഡയിൽവെച്ച് അവിടത്തെ സാന്നിധ്യത്തിൽ ഒരാൾ ദർവേശുമാരുടെ ത്യാഗങ്ങളെയും ഖാദിയാൻ സംരക്ഷണത്തേയും അനുമോദിച്ചുകൊണ്ട് മിയാസാഹിബിനെ പുകഴ്ത്തിപ്പറഞ്ഞു. അത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു. 'നോക്കൂ, വാസ്തവമെന്താണെന്നുവെച്ചാൽ ദർവേശുകളായ ഞങ്ങളല്ല ഖാദിയാനെ കാത്തുസൂക്ഷിച്ചത്. ഖാദിയാനിലെ പവിത്രസ്ഥലങ്ങളും അവിടെ ചെയ്യപ്പെടുന്ന ദുആകളുമാണ് ഖാദിയാനേയും അവിടുത്തെ വാസികളേയും കാത്തുസൂക്ഷിച്ചത്.' ഇതാണ് ഒരു മുഅ്മിന്റെ ചിന്താഗതിയും തിരിച്ചറിവും . എന്തൊന്നുണ്ടാകുന്നുവോ അത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ഉണ്ടാകുന്നത്. അതിനായി അല്ലാഹു നമുക്ക് ദുആ ചെയ്യാൻ അവസരങ്ങൾ നല്കി. തന്റെ പ്രിയപ്പെട്ട മസീഹിന്റെ പരിശുദ്ധ സ്ഥലത്തെ എല്ലാ ഉപദ്രവങ്ങളിൽ നിന്നും തന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം രക്ഷിച്ചു. നമ്മുടെ ദുആകൾ സ്വീകരിച്ചുകൊണ്ട് ഖാദിയാനിലെ പവിത്രമായ സ്ഥലങ്ങളോടൊപ്പം നമ്മേയും കാത്തുസൂക്ഷിച്ചു.

ഒരാൾ അനുശോചനക്കുറിപ്പിൽ എഴുതിയ ഒരു വാക്യം എനിക്ക് വളരെ നല്ലതായി തോന്നി. ഹദ്റത്ത് മിയാസാഹിബ് 'മുജാഹിദാന ശാൻസെ ദർവേശാന സിന്ദഗി ഗുസാരി', മിയാസാഹിബ് വീരയോദ്ധാവിന്റെ മഹിമാവിലാസത്തോടെ സർവസംഗപരിത്യാഗിയുടെ ജീവിതം നയിച്ചു. വാസ്തവവും ഇതുതന്നെയാണ്.

ധനത്യാഗത്തിനുള്ള ആഹ്വാനം ഉണ്ടാകുമ്പോൾ അത്യുത്സാഹത്തോടെ അതിൽ പങ്കെടുത്തിരുന്നു. ഖലീഫയിൽ നിന്നുണ്ടാകുന്ന ഓരോ ആഹ്വാനത്തിലും ആദ്യം സ്വയം പങ്കെടുക്കുകയും പിന്നീട് ജമാഅത്തിനെ ഉപദേശിക്കുകയുമാണ് ചെയ്തിരുന്നത്. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ എനിക്ക് എഴുതിയിരുന്നു: 'ഞാൻ ഖിലാഫത്ത് ജൂബിലിക്കായി ഒരു ലക്ഷം രൂപ വാഗ്ദാനം ചെയ്തിരുന്നു. അത് എന്റെ ഓർമ്മയിൽ ഉണ്ടായിരുന്നില്ല. അൽഹംദലില്ലാഹ്. എനിക്കിപ്പോൾ തക്കസമയത്ത് അതോർമ്മ വന്നു. ഞാനിന്ന് അതടച്ചുതീർക്കുകുയം ചെയ്തു.' അങ്ങേയറ്റം ക്ഷമ ചോദിച്ചുകൊണ്ടുള്ള ഒരു കത്തായിരുന്നു അത്. വഫാത്താകുന്നതിന് കുറച്ച് ദിവസം മുമ്പേ ഈ കണക്കും ശരിയാക്കിക്കൊണ്ടാണ് പോയത്. വസിയ്യത്തിന്റെ കണക്കും അപ്പപ്പോൾ ശരിയാക്കിവെച്ചിരുന്നു. തന്റെ ജീവിതത്തിൽ തന്നെ ഭൂസ്വത്തുക്കളുടെ കണക്കും ശരിയാക്കിക്കഴിഞ്ഞിരുന്നു. 1/9-ലാണ് വസിയ്യത്ത് ചെയ്തിരുന്നത്.

ഖിലാഫത്തിൽ നിന്ന് എന്തെങ്കിലും കല്പനയുണ്ടാകുകയോ, നിർദ്ദേശം ലഭിക്കുകയോ ചെയ്താൽ ഉടനെ അതുപോലെത്തന്നെ അത് നടപ്പിൽ വരുത്തിയിരുന്നു. എന്തെങ്കിലും കാര്യം മനസ്സിലായില്ലെങ്കിൽ അതിന്റെ വിശദീകരണവും തേടി ചിലർ നടക്കുന്നതുപോലെ അല്ലെങ്കിൽ സ്വന്തം

ഇഷ്ടത്തിന് അത് വ്യാഖ്യാനിച്ച് നടപ്പിൽ വരുത്തുന്നതുപോലെയായിരുന്നില്ല. ഖലീഫയുടെ ഉദ്ദേശ്യം എന്താണെന്ന് ക്ഷണത്തിൽ മനസ്സിലാക്കിയിരുന്നു.

രോഗബാധിതനായിട്ടും ഖലീഫയിൽ നിന്ന് എന്തെങ്കിലും നിർദ്ദേശമുണ്ടായാൽ ഉടനെത്തന്നെ അത് നിർവഹിക്കുമായിരുന്നു. ഒന്നരവർഷം മുമ്പേയുണ്ടായ ഭൂകമ്പത്തിൽ ഖാദിയാനിലെ മസ്ജിദ് അഖ്സായ്ക്കും കേടുപറ്റിയിരുന്നു. പള്ളിയുടെ അറ്റകുറ്റ പണിക്കായി ഇവിടെനിന്ന് എഞ്ചിനിയർ പോയിരുന്നു. അവിടുത്തെ മണ്ണ് പരിശോധിക്കാൻ നിലം കുഴിച്ചുനോക്കണമായിരുന്നു. മിയാ സാഹിബിന്റെ അസാന്നിധ്യത്തിലും ആ ജോലി നടക്കാവുന്നതേയുള്ളൂ. പക്ഷേ, ആ സ്ഥലത്തെത്തുകയും തന്റെ മേൽനോട്ടത്തിൽ അതെല്ലാം നടത്തുകയും ചെയ്തു. 'ഞാനിവിടെ ഉണ്ടായിരുന്നുവെന്ന് ഖലീഫത്തുൽ മസീഹിനോട് പറയണം' എന്ന് ചിരിച്ചുകൊണ്ട് എഞ്ചിനിയറോട് പറഞ്ഞു. അത് രോഗമുണ്ടായിട്ടും ഞാനിവിടെ വന്നു എന്ന് പ്രകടിപ്പിക്കാനായിരുന്നില്ല. ഔദാര്യമെന്ന നിലയിലുമല്ല അത് പറഞ്ഞത്. മറിച്ച്, ഖലീഫത്തുൽ മസീഹിന്റെ പ്രാർത്ഥന തന്നോടൊപ്പമുണ്ടാകുമല്ലോ എന്ന് കരുതിയാണ് അങ്ങനെ പറഞ്ഞത്.

കുറച്ചു മാസം മുമ്പേ രോഗബാധിതനായിട്ടും കാശ്മീരിൽ പര്യടനം നടത്തുകയുണ്ടായി. ഓരോയിടത്തും ഖിലാഫത്തുമായി ബന്ധം വയ്ക്കേണ്ടതിനെക്കുറിച്ച് ജനങ്ങളെ ഉപദേശിച്ചു.

ആളുകൾ ദുആയ്ക്കുവേണ്ടി മിയാ സാഹിബിന് കത്തെഴുതാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരിലാണ് അതെഴുതിയിരുന്നത്. എന്നാൽ, ഏതെങ്കിലും കത്ത് ഖലീഫത്തുൽ മസീഹിന്റെ അടുക്കൽ എത്തേണ്ടതാണെന്ന് കണ്ടാൽ അത് ഇവിടേക്ക് അയക്കുമായിരുന്നു. ഖലീഫയുടെ ദുആ അവർക്ക് കിട്ടുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തിരുന്നത്.

രോഗം കൂടിയപ്പോൾ ജോലി വേണ്ടുംവിധം ചെയ്യാൻ കഴിയാത്ത കാരണത്താൽ മറ്റാരെയെങ്കിലും നിശ്ചയിക്കാൻ വേണ്ടി എനിക്ക് എഴുതിയിരുന്നു. 'ആരേയും ഏല്പിക്കേണ്ട ആവശ്യമില്ല. ഏതെങ്കിലും ജോലികൾക്ക് ആരുടെയെങ്കിലും ആവശ്യം വേണ്ടിവന്നാൽ അവരെക്കൊണ്ട് അത് ചെയ്യിക്കുക. നാസിർ അഅ്ലാ അങ്ങ് തന്നെയായിരിക്കും' എന്ന് ഞാൻ മറുപടി അയച്ചു. അതിനുശേഷം സ്വയം ബുദ്ധിമുട്ടിക്കൊണ്ട് ആ ജോലികൾ ചെയ്തുകൊണ്ടിരുന്നുവെന്നാണ് എനിക്ക് മനസ്സിലാകുന്നത്.

മിയാ സാഹിബ് വഫാത്തായതിനുശേഷം ഒരു കാര്യത്തെസ്സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ റിപ്പോർട്ട് എനിക്ക് കിട്ടി. അതിൽ മിയാസാഹിബിന്റെ ഒപ്പുണ്ടായിരുന്നു. ഏപ്രിൽ 25-ാം തിയ്യതിയാണ് ഒപ്പിട്ടിരുന്നത്. അതായത് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ദിവസം. കഠിന്നമായ ഇൻഫെക്ഷൻ ഉണ്ടായിട്ടും, പനി 104, 105 ഡിഗ്രി വരെയെത്തിയിട്ടും ആ റിപ്പോർട്ട് മുഴുവൻ പരിശോധിക്കുകയും അതിൽ ഒപ്പിടുകയും ചെയ്തു.

അല്ലാഹുതആല ഹദ്റത്ത് മുസ്ലിഹ് മൗഊദി(റ)ന്റെ ഈ മകന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അവിടന്ന് തന്റെ ദർവേശിന്റെ പ്രതിജ്ഞ നിറവേറ്റി. അത് നല്ലവണ്ണം നിറവേറ്റി. സ്വാഭാവികമായും അദ്ദേഹത്തിന്റെ മരണമുണ്ടായപ്പോൾ എനിക്ക് വളരെയധികം ആശങ്കയുണ്ടായി. നല്ലവണ്ണം പ്രവർത്തിച്ചിരുന്ന ഒരു പുണ്യാത്മാവ് നമ്മളിൽ നിന്ന് വേർപ്പെട്ടിരിക്കുകയാണ്. അദ്ദേഹം എന്റെ മാതുലൻ മാത്രമായിരുന്നില്ല. എന്റെ വലംകൈയായിരുന്നു. അല്ലാഹു അദ്ദേഹത്തെ എനിക്കായി 'സുൽത്വാനെ നസ്വീർ' ആക്കിയിരുന്നു. എന്തായാലും എനിക്ക് ആശങ്കയുണ്ടായി. പക്ഷേ, അല്ലാഹുവിന്റെ പെരുമാറ്റവും ഹദ്റത്ത് മസീഹ് മൗഊദി (അ)നോട് അവൻ ചെയ്ത വാഗ്ദാനവും കാണുമ്പോൾ മനസ്സിന് സമാധാനമുണ്ടാകുന്നു. അല്ലാഹു എപ്പോഴും എന്ന പോലെ ഈ വിടവും നികത്തുന്നതാണ്. ആദ്യത്തേക്കാൾ കൂടുതൽ ത്യാഗം ചെയ്യുന്നവരായ 'സുൽത്വാനെ നസ്വീർ' മാരെ നല്കുന്നതാണ്. ഇൻശാ അല്ലാഹ്. അവൻ നല്കിക്കൊണ്ടിരിക്കുകയും ചെയ്യും.

അല്ലാഹു ദർവേശുമാരുടെ മക്കൾക്ക്, ഖാദിയാനിൽ വസിക്കുന്ന ഓരോരുത്തർക്കും ആ ത്യാഗിവര്യന്മാരായ ദർവേശുമാരുടെ സ്മരണകൾ ജീവനോടെ നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ. ഇപ്പോൾ വളരെ കുറച്ചു ദർവേശുമാർ മാത്രമേയുള്ളൂ. അവരെ ആദരിക്കുവാൻ ഇവർക്ക് ഭാഗ്യം നല്കുമാറാകട്ടെ. ദിയാരെ മസീഹിൽ വസിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട പദവി എന്താണെന്ന് മനസ്സിലാക്കാൻ ഖാദിയാനിൽ വസിക്കുന്ന ഓരോ അഹ്മദിക്കും തൗഫീഖ് ലഭിക്കുമാറാകട്ടെ. പുണ്യാത്മാക്കൾ വേർപെടുമ്പോൾ പുതിയ തലമുറയുടെ ഉത്തരവാദിത്തം കൂടുന്നു. ജീവിക്കുന്ന ജനതയുടെ പുതുതലമുറ ആ ഉത്തരവാദിത്തം നിവേറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു. ഖാദിയാനിൽ വസിക്കുന്ന എല്ലാ വഖ്ഫെ സിന്ദഗിയും ഉദ്യോഗസ്ഥരും ആദ്യത്തേക്കാൾ കൂടുതൽ സ്നേഹത്തോടും സന്തോഷത്തോടും സാഹോദര്യത്തോടും കൂടി വസിക്കുമെന്നും അവരുടെ നന്മയിലും തഖ്‌വയിലും അഭിവൃദ്ധിയുണ്ടാകുമെന്നും ഖാദിയാനിൽ വസിക്കുന്ന ഓരോ അഹ്മദിയും ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ ആത്മീയമക്കളായ കാരണത്താൽ അവരുടെ കടമ നിറവേറ്റുമെന്നും ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ഈ പുണ്യാത്മാവ്, കാലത്തിന്റെ ഇമാം സുജൂദ് ചെയ്തിരുന്ന സ്ഥലങ്ങളിൽ പോയി സുജൂദ് ചെയ്യുകയും ദുആ ചെയ്തിരുന്നിടങ്ങളിൽ പോയി ദുആ ചെയ്യുകയും ചെയ്തിരുന്നു. അതുപോലെ പുതിയ തലമുറയും ആ സ്ഥലങ്ങളിൽ പോവുകയും ദുആയിൽ മുഴുകയും ചെയ്യുക. അങ്ങനെ അവരും അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാൻ ശ്രമിക്കുമെന്ന് ഞാൻ കരുതുകയാണ്. നന്മയിലും തഖ്‌വയിലും ചരിക്കുന്നവരും തന്റെ കടമകൾ നിറവേറ്റുന്നവരുമായവർ ഖാദിയാനിൽ കുറയുന്നു എന്നുള്ള തോന്നലിൽ നിന്ന് എന്നെ നിങ്ങൾ സ്വതന്ത്രനാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്നു എന്ന സന്തോഷകരമായ വാർത്ത കേൾക്കാൻ അല്ലാഹു ഇടവരുത്തുമാറാകട്ടെ. ആമീൻ.

ലോകത്തുള്ള മറ്റ് ജമാഅത്തുകൾക്കും ഖാദിയാനോട് കടമകളുണ്ട്. ഈ നാട്ടിൽ വസിക്കുന്നവർക്കുവേണ്ടി ഓരോ അഹ്മദിയും പ്രാർത്ഥിക്കുക. അല്ലാഹു എപ്പോഴും മസീഹിന്റെ നാടിനോട് കൂറു പുലർത്തുന്നവരെ സൃഷ്ടിക്കുമാറാകട്ടെ. ഹദ്റത്ത് മിയാ സാഹിബിന്റെ ബീഗം സാഹിബയ്ക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഈ വിഷമം സഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ബീഗം സാഹിബായും വലിയ അനുഗൃഹീത വ്യക്തിയാണ്. ജമാഅത്തിലെ സ്ത്രീകളെ സംഘടിപ്പിക്കുന്നതിനും അവരെ ഓർഗനൈസ് ചെയ്യുന്തിനും ഒരുപാട് പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും അത് ചെയ്തുവരുന്നു. അല്ലാഹു സമാധാനപരമായ ജീവിതം നല്കി അനുഗ്രഹിക്കുമാറാകട്ടെ. മിയാ സാഹിബിന്റെ മക്കൾക്കും തങ്ങളുടെ ആദരണീയനായ പിതാവിന്റെ കാല്പ്പാടുകളിലൂടെ ചരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആരുമിപ്പോൾ ഖാദിയാനിലില്ല. പെൺകുട്ടികൾ വിവാഹിതരായി പാകിസ്താനിലേക്ക് പോയി. അവർക്ക് പാകിസ്താൻ പൗരത്വമാണുള്ളത്. മകൻ അമേരിക്കയിലാണ്. പക്ഷേ, എവിടെയായിരുന്നാലും അവർ തങ്ങളുടെ മഹാനായ പിതാവിന്റെ കാല്പാടുകളിലൂടെ ചരിക്കുന്നവരായിത്തീരട്ടെ. അവർ തങ്ങളുടെ പിതാവ് ചെയ്ത ത്യാഗം വരിക്കാൻ ശ്രമിക്കേണ്ടതാണ്.

രണ്ടാം ഖുത്ബയിൽ പറഞ്ഞു:- ജാതിമതഭേദമന്യെ ഒരുപാടാളുകൾ അനുശോചനമറിയിക്കാൻ അവിടെ വരുന്നതായി എനിക്ക് അറിയാൻ കഴിഞ്ഞു. ജമാഅത്തിന്റെ പ്രവർത്തകർ എനിക്കുവേണ്ടി അവരെല്ലാവരോടും നന്ദി പറയുക. അല്ലാഹു അവർക്കെല്ലാം നല്ല പ്രതിഫലം നൽകുമാറാകട്ടെ. ●

---

*(34-ാം പേജിൽ നിന്ന് തുടർച്ച)*

കൊണ്ട് 2006 ഡിസംബർ 8ന്റെ ലക്കത്തിൽ വീണ്ടും പഴയ മുബാഹല ആരോപണം ഒരക്ഷരം പോലും മാറ്റാതെ പുനഃപ്രസിദ്ധീകരിച്ചു! പല തവണ മറുപടി നൽകപ്പെട്ട വ്യാജാരോപണം പുനഃപ്രസിദ്ധീകരിക്കുക വഴി, കടുത്ത ആശയദാരിദ്ര്യം തങ്ങളനുഭവിക്കുന്നുവെന്നു തെളിയിച്ച വിചിന്തനം, പക്ഷേ, അഹ്മദികളുടെ മേൽ ആശയദാരിദ്ര്യം ആരോപിക്കാൻ യാതൊരു മടിയും കാണിച്ചിട്ടില്ല. (വിചിന്തനം 2006 മെയ് 11) അല്ലാഹുവിനെ തെല്ലും ഭയമില്ലാതെ ആവർത്തിക്കുന്ന ഈ പച്ചക്കള്ളത്തിന് 2007 ജനുവരിയിൽ സത്യദൂതൻ ഒരിക്കൽകൂടി മറുപടി എഴുതി. അഞ്ചുമാസങ്ങൾക്കു ശേഷം 'ഉണ്ടനായർക്കൊരുൾവിളി' എന്നപോലെ സത്യദൂതൻ ജനുവരിലക്കത്തിലെ ലേഖനത്തെ പരാമർശിച്ചുകൊണ്ട്, അബദ്ധജടിലവും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമായ ഒരു ലേഖനം, 2007 ജൂൺ 1ന് വിചിന്തനത്തിൽ വന്നു. സത്യത്തോടുള്ള അതികഠിനമായ വെറുപ്പ് വാക്കുകളായി പുറത്തുവന്നപ്പോൾ, അതിന്റെ കൂടെത്തന്നെ വലിയൊരു യാഥാർത്ഥ്യവും വെളിച്ചത്തുവരികയുണ്ടായി. അഥവാ, സനാഉല്ലാ മുബാഹലക്ക് തയ്യാറായിട്ടില്ലെന്ന് 99 വർഷമായി അഹ്മദികൾ പറഞ്ഞുകൊണ്ടിരിക്കുന്ന സത്യം ആദ്യമായി വിചിന്തനം അംഗീകരിച്ചിരിക്കുന്നു! (അൽഹംദുലില്ലാഹ്)

വിചിന്തനം എഴുതുന്നു "മുബാഹലാ വെല്ലുവിളി അവഗണിക്കുക എന്ന സമീപനമാണ് മുസ്‌ലിം പണ്ഡിതന്മാർ സ്വീകരിച്ചത്. സനാഉല്ലാഹ് സാഹിബും അതേ സമീപനമാണ് പിന്തുടർന്നത്.'' (2007 ജൂൺ -1, പേജ്,6)

വീണ്ടുമെഴുതുന്നു: "മൗലാനാ സനാഉല്ലാഹ് സാഹിബ് ഗുലാം അഹ്മദ് ഖാദിയാനിയെ മുബാഹല നടത്തി തോല്പിച്ചു എന്നത് ചരിത്രമല്ലെന്നാണ് അഹ്മദിയ്യാക്കൾ വാദിക്കുന്നതെങ്കിൽ, ഗുലാം അഹ്മദിന്റെ മുബാഹലിയെ വെല്ലുവിളി സ്വീകരിക്കപ്പെടാതിരുന്നതും അദ്ദേഹത്തിന്റെ പരാജയം തന്നെയാണ് എന്നു നമുക്കു മനസ്സിലാക്കേണ്ടി വരുന്നു. (അതേ ലക്കം പേജ് 8) വിചിന്തനം വിളിച്ചുപറഞ്ഞുനടന്ന നൂറ്റാണ്ടിന്റെ വ്യാജം, അഹ്മദിയ്യാ ഖിലാഫത്ത് ജൂബിലിക്ക് ഒരു വർഷം മുമ്പേ തിരുത്തിയെന്നത് മഹത്തായ ഒരു ദൃഷ്ടാന്തമാണ്. വിചിന്തനത്തിന്റെ മുറിവിൽ കുത്തിനോവിക്കാതെ ഒന്നുരണ്ടു ചോദ്യങ്ങൾ മാത്രം;

* 2006 ജൂൺ 16നും 2006 ഡിസംബർ 8നും വിചിന്തനം എഴുതിയതുപോലെ സനാഉല്ല മുബാഹല നടത്തി എങ്കിൽ, അതിന്റെ തീയതിയും സമയവും പ്രസിദ്ധീകരിക്കുമോ?

* 2007 ജൂൺ 1ന്റെ വിചിന്തനത്തിൽ എഴുതിയപോലെ, സനാഉല്ല മുബാഹല നടത്തിയില്ല എങ്കിൽ മുമ്പേ എഴുതിയ കള്ളങ്ങൾ ഏറ്റുപറഞ്ഞ് മാപ്പു പറയുകയും തിരുത്തുകയും ചെയ്യുമോ? ഗൾഫിലും കേരളത്തിലും അഹ്മദിയ്യത്തിന്നെതിരെ വ്യാജം പ്രചരിപ്പിക്കുന്നവരെ വിചിന്തനം നിയന്ത്രിക്കുമോ? അല്ലാഹു സത്യം സത്യമായി മനസ്സിലാക്കാനുള്ള തൗഫീഖ് നൽകട്ടെ. ആമിൻ. ●

## കുടുംബബന്ധം

ജുബൈർ (റ)യിൽ നിന്നു നിവേദനം: തിരുമേനി (സ) ഇങ്ങനെ അരുളുന്നത് ഞാൻ കേട്ടു. "കുടുംബബന്ധം മുറിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല."

***(ബുഖാരി)***

കുറിപ്പുകൾ

മുസാഫിർ

# ലജ്ജാകരം ഈ ഭിന്നത!

ആറു പതിറ്റാണ്ടുകളായി സ്വന്തം ജന്മനാട്ടിൽ നിന്നും പുറത്താക്കപ്പെട്ട് അഭയാർത്ഥികളായി കഴിയുന്ന ഫലസ്തീനികൾ സ്വയം ഭിന്നിച്ച്, യുദ്ധം പ്രഖ്യാപിച്ച രണ്ട് രാഷ്ട്രങ്ങളെപ്പോലെ പരസ്പരം ഉന്മൂലനത്തിന് ആയുധം സംഭരിക്കുന്ന കാഴ്ച മുസ്‌ലിം ലോകത്തിന് വന്നു ഭവിച്ച ദൈന്യതയും ഹീനത്വവും വെളിപ്പെടുത്തുന്നു. 2007 ജനുവരിയിലെ തിരഞ്ഞെടുപ്പിനുശേഷം ഫലസ്തീനിൽ അധികാരത്തിൽ വന്ന ഹമാസ്, ഫതഹ് എന്നീ കക്ഷികളുടെ ഭരണക്രമമാണ് ഇപ്പോൾ ഭിന്നിച്ച് തെരുവ് യുദ്ധത്തിലേർപ്പെട്ടിരിക്കുന്നത്. ലജ്ജാകരവും വേദനാജനകവുമാണ് ഈ കാഴ്ച. ദൈവത്തിന്റെ ശാപം പതിച്ച സന്ദർഭത്തിൽ യഹൂദ ചരിത്രത്തിൽ ഇങ്ങനെയൊരു ദുരവസ്ഥ നമുക്ക് കാണാൻ സാധിക്കും. സുലൈമാൻ നബി(അ)യുടെ അഥവാ സോളൻ ചക്രവർത്തിയുടെ കാലത്തിനുശേഷം ശപ്തരായി തീർന്ന യഹൂദജനത പരസ്പരം പോരടിക്കുന്ന രണ്ട് രാഷ്ട്രങ്ങളായി തീർന്നു. യഹൂദ്യ, ഇസ്രയേൽ എന്നിവയായിരുന്നു പുരാതനമായ ആ രണ്ടു രാജ്യങ്ങൾ. അന്യോന്യം യുദ്ധം ചെയ്തും ഒറ്റിക്കൊടുത്തും ജീവിച്ച അവർ അവസാനം ശക്തരായ സാമ്രാട്ടുകൾക്ക് അടിമപ്പെട്ടുപോയി. അതായത് ഭിന്നതയും നേതൃത്വമില്ലായ്മയും അവരെ നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ക്രൂരമായ അടിമത്ത്വത്തിൽ അകപ്പെടുത്തി. ഖുർആനിലും ബൈബിളിലും പരാമർശിക്കപ്പെട്ട ഈ സംഭവം അതേ ചരിത്രഭൂമിയിൽ വെച്ച് മുസ്‌ലിംകളിൽ ആവർത്തിക്കുകയാണ്! നേതൃരാഹിത്യവും സ്വയംഭിന്നതയും മൂലം ഇസ്രായേലിന്റെയും അമേരിക്കയുടേയും അടിമച്ചങ്ങല മുസ്‌ലിം സമൂഹഗാത്രത്തിൽ ദിനേന വലിഞ്ഞു മുറുകുന്നതിന്റെ ദീനരോദനങ്ങളാണ് വാർത്താമാധ്യമങ്ങളിലൂടെ നാം കേൾക്കുകയും കാണുകയും ചെയ്യുന്നത്. ഭീകരമായ ദുരിതങ്ങൾ വലയം ചെയ്യപ്പെട്ടു കിടക്കുമ്പോൾ ദൈവത്തിലേക്ക് തിരിയുന്നതിന് പകരം ഉഗ്രവീര്യത്തോടെ പരസ്പരം ഭിന്നിച്ച് പോരടിക്കുന്ന, മുസ്‌ലിം ലോകത്തിന്റെയാകമാനം പ്രതീകമാണ് ഫലസ്തീനിലെ ഹമാസും ഫതഹും. പുറംലോകത്തിന്റെ ഇടപെടലിനേക്കാൾ സ്വന്തം ആന്തരദൗർബല്യങ്ങളും സത്യപാതയിൽ നിന്നുള്ള വ്യതിയാനങ്ങളുമാണ് ഈ ദുരിതങ്ങൾക്ക് കാരണമെന്ന് മുസ്‌ലിം ഉലമാക്കന്മാരും സാധാരണക്കാരും തിരിച്ചറിയാത്തതാണ് കഷ്ടം. മഹല്ലു മുതൽ ആഗോളതലം വരെ പല രൂപങ്ങളിലും ഭാവത്തിലും നാമിത് കാണുന്നു. ഉദാഹരണത്തിന് സുന്നി പിളർപ്പിന് ശേഷം കേരളത്തിലുണ്ടായ മുജാഹിദ് ഭിന്നത നോക്കൂ. കോടതികളിലും തെരുവിലും പള്ളികളിലുമായി ആ പോരാട്ടം കേരളത്തിൽ തുടരുന്നു. ഫലസ്തീനിലെ ഹമാസിനെയും ഫതഹിനേയും പോലെ തോക്കും റോക്കറ്റ് മിസൈലുകളുമുപയോഗിക്കുന്നില്ല എന്നേയുള്ളൂ. മുജാഹിദ് പിളർപ്പിന് പിന്നിൽ അമേരിക്കയും യഹൂദരുമാണോ? അതല്ല അവരുടെ ആന്തരദൗർബല്യമോ?

നമുക്ക് ഫലസ്തീനിലേക്ക് തന്നെ തിരിച്ചുവരാം. ഒരു ജന്മഗേഹത്തിനു വേണ്ടിയുള്ള സുദീർഘമായ പോരാട്ടത്തിൽ ഏർപ്പെട്ടിരുന്ന യശ്ശഃശരീരനായ യാസിർ അറഫാത്തിന്റെ ഫതഹ് പാർട്ടിയായിരുന്നു ഫലസ്തീനിൽ ഭരണം കൈയ്യാളിയിരുന്നത്. അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുകയായിരുന്ന ഫതഹ് പാർട്ടി ഇസ്രയേലുമായുള്ള അവിഹിതബന്ധത്തിന്റെ പേരിൽ വ്യാപകമായ ആരോപണങ്ങൾക്ക് കുറിമാനമായിരുന്നു. ഈ സാഹചര്യത്തിലാണ് തീവ്രനിലപാടുകാരായ ഹമാസിന്റെ രംഗപ്രവേശം. 2007 ജനുവരിയിലെ ഫലസ്തീൻ പാർലമെന്റ് തിരഞ്ഞെടുപ്പിൽ 132 സീറ്റുകളിൽ 76ലും പുതുക്കക്കാരായ ഹമാസ് വിജയം കൊയ്തു. തിരഞ്ഞെടുപ്പിൽ പരസ്പരം മത്സരിച്ച ഹമാസും ഫതഹും അവസാനം നിരവധി കൂടിയാലോചനകളിലൂടെ മക്കയിൽ വെച്ച് ഒരു ധാരണയിലെത്തി ദേശീയ ഭരണകൂടം രൂപീകരിക്കുകയാണുണ്ടായത്. ഫതഹ് നേതാവ് മഹ്മൂദ് അബ്ബാസ് പ്രസിഡണ്ടായ ഫലസ്തീൻ ഭരണകൂടത്തിൽ പ്രധാനമന്ത്രിയായ ഹമാസ് നേതാവ് ഇസ്മായിൽ ഹനിയ്യ അവരോധിതനായി. ആ ഭരണകൂടമാണ്

അധിനിവേശ ശക്തിയായ ഇസ്രയേലിന്റെ ഭീകരസാന്നിദ്ധ്യം അടുത്തുണ്ടായിരിക്കെ രണ്ട് കേന്ദ്രങ്ങളിലായി ധ്രുവീകരിക്കപ്പെട്ട് പരസ്പരം ചാവാനും കൊല്ലാനും പടയൊരുക്കം നടത്തുന്നത്. ഇതിനകം തന്നെ ഹമാസിന്റെയും ഫതഹിന്റേയും നൂറുകണക്കിന് പോരാളികൾ ഈ പര്സപര ജിഹാദിൽ ശഹീദാകുകയുണ്ടായി. ഇസ്രായേലിന്റെ പടിഞ്ഞാറുഭാഗത്ത് ഈജിപ്തിനോടടുത്ത് കിടക്കുന്ന ഗസ്സയിലാണ് ഹമാസ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഫതഹ് ആകട്ടെ ഇസ്രായേലിന്റെ കിഴക്ക് ജോർദ്ദാന് അഭിമുഖമായി നിൽക്കുന്ന വെസ്റ്റ് ബാങ്കിലും. ഇരുസ്ഥലങ്ങളിലുമുള്ള എതിരാളികളെ ഹമാസും ഫതഹും തിരഞ്ഞുപിടിച്ച് വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ഈ രണ്ട് സ്ഥലങ്ങളും ഇസ്രായേൽ 1967 ലെ യുദ്ധത്തിൽ ഈജിപ്തിൽ നിന്നും ജോർദ്ദാനിൽ നിന്നും പിടിച്ചെടുത്തതാണ്. ഈ അധിനിവേശ ഭൂമികളിലാണ് ഫലസ്തീൻ അഭയാർത്ഥികളെ ഇസ്രയേൽ പാർപ്പിച്ചിരിക്കുന്നത്. അഭയാർത്ഥി ക്യാമ്പ് എന്ന് വിളിക്കുന്നതിനേക്കാൾ ദശലക്ഷക്കണക്കിന് ഫലസ്തീനികൾ വസിക്കുന്ന ഇസ്രയേൽ മേൽനോട്ടത്തിലുള്ള ഒരു തുറന്ന ജയിൽ എന്ന് ഇതിനെ വിളിക്കുന്നതാണ് ശരി.

ഇസ്രായേലിനെ യാതൊരുനിലക്കും അംഗീകരിക്കാത്ത ഹമാസ് ഫലസ്തീൻ ഭരണക്കൂടത്തിൽ പങ്കാളിയായത് മുതൽ അതിനെ തകർക്കാൻ തക്കം പാർത്തുനിൽക്കുന്ന ഇസ്രയേലിന് ഇത് ഒരു സുവർണാവസരം സമ്മാനിച്ചിരിക്കുകയാണ്. ഫതഹ് നേതാവും ഫലസ്തീൻ പ്രസിഡണ്ടുമായ മഹ്മൂദ് അബ്ബാസ് ഇസ്രായേലുമായി നടത്തിയ ഗൂഢാലോചനയാണ് ഹമാസ് ഭരണകൂടത്തെ അട്ടിമറിച്ചതെന്ന് ആരോപണമുണ്ട്. ഫതഹ് നേതാക്കന്മാർക്ക് ഇസ്രയേലും അമേരിക്കയുമായുള്ള ബന്ധം കുപ്രസിദ്ധമാണ്. ജൂൺ 14നാണ് മഹ്മൂദ് അബ്ബാസ് ഹമാസ് പ്രധാനമന്ത്രി ഇസ്മായീൽ ഹനീയ്യയെ പുറത്താക്കി പകരം വേൾഡ് ബാങ്ക് ഉദ്യോഗസ്ഥനും ധനകാര്യവിദഗ്ധനുമായ സലാം ഫയ്യാദിനെ നിയമിക്കുകയും അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും ചെയ്തത്. മഹ്മൂദിന് ഹമാസിനെ തകർക്കാനുള്ള സർവ്വവിധ സന്നാഹങ്ങളും ഇസ്രായേലും അമേരിക്കയും വാഗ്ദാനം നൽകിയിട്ടുണ്ട്.

മഹ്മൂദ് അബ്ബാസിന്റെ പുതിയ ഭരണകൂടത്തെ ഹമാസ് തള്ളിക്കളയുകയും തങ്ങളാണ് യഥാർത്ഥ ഭരണാധികാരികൾ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഹമാസ് ഭരണകൂടത്തെ പിരിച്ചുവിട്ടതിനുശേഷം അമേരിക്കയും യൂറോപ്യൻ യൂണിയനും ഫലസ്തീനുമേൽ ഏർപ്പെടുത്തിയ ഉപരോധം പിൻവലിക്കുകയുണ്ടായി. ഹമാസ് ഭരണം നിലവിൽ വന്നതിൽ പിന്നെ ഇസ്രയേലായിരുന്നു ഫലസ്തീനികളിൽ നിന്ന് നിർബ്ബന്ധപൂർവ്വം നികുതി പിരിച്ചിരുന്നത്. ദശലക്ഷക്കണക്കിന് ഡോളർ പിരിച്ച നികുതി ഭരണകൂടത്തിന് നൽകാതെ ഇസ്രയേൽ തന്നെ കൈവശം വെച്ചു. ആ പണം ഹമാസിനെ പിരിച്ചുവിട്ടതിനുശേഷം മഹ്മൂദ് അബ്ബാസിന് നൽകുമെന്ന് ഇസ്രയേൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഗസ്സയിലെ ഹമാസ് നിയന്ത്രണത്തിലുള്ള ഭരണകൂടത്തെ മഹ്മൂദ് അബ്ബാസിനെ ഉപയോഗിച്ച് നിശ്ശേഷം തകർക്കാനാണ് ഇസ്രയേൽ പരിപാടി. ഗസ്സയിലേക്കുള്ള വൈദ്യുതിയും വെള്ളവും പരിമിതമായ തോതിൽ നൽകി ബാക്കിയെല്ലാറ്റിനും ഇസ്രായേൽ ഉപരോധമേർപ്പെടുത്തിയിരിക്കുകയാണ്. രണ്ട് വർഷം മുമ്പ് ഗസ്സയിൽ നിന്നും പിൻവാങ്ങിയ ഇസ്രയേൽ സേനക്ക് പ്രതികാരം ചെയ്യാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്. പുതിയ സ്ഥിതിഗതികൾ സ്വതന്ത്രഫലസ്തീൻ എന്ന ആശയത്തെ ത്തന്നെ അപ്രസക്തമാക്കിയിരിക്കുന്നു എന്നാണ് ഇസ്രായേൽ പ്രചാരണം നടത്തുന്നത്. ഈ സംഭവവികാസങ്ങൾ വാഷിംഗ്ടണിൽ വെച്ച് അമേരിക്കൻ പ്രസിഡണ്ട് ബുഷുമായി ഇസ്രയേൽ പ്രധാനമന്ത്രി യെഹൂദ് ഓൾ മാർട്ട് ചർച്ച ചെയ്ത് ചില പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ചർച്ചകൾക്ക് ഓൾമർട്ടിനെ പ്രേരിപ്പിക്കണമെന്ന് മഹ്മൂദ് അബ്ബാസ്സും പ്രസിഡണ്ട് ബുഷിനോട് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുമുണ്ട്.

ജീവിക്കാൻ സ്വന്തമായ ദേശമില്ലാതെ ഗതിയറ്റ ഫലസ്തീൻ ജനതക്ക് നേരെ ലോകമനസ്സാക്ഷി സഹതാപങ്ങളും സാന്ത്വനങ്ങളും ചൊരിഞ്ഞുകൊണ്ട് ഐതിഹാസികമായ അവരുടെ ജന്മഗേഹത്തിനുവേണ്ടിയുള്ള അവകാശസമരങ്ങളെ പിന്തുണച്ചിട്ടുണ്ട്. അഭയാർത്ഥികളായ ആ മുസ്‌ലിം ജനക്കൂട്ടമാണ് ഛിദ്രതയുടെ സ്ഫോടത്തിൽപ്പെട്ട് സ്വയം ചിന്നഭിന്നമായിപ്പോവുന്നത്. ‘ഫലസ്തീൻ രാഷ്ട്രം’ ഭന്നിപ്പിന്റെ രോഷാഗ്നിയിൽ ഹോമിക്കപ്പെട്ട ഒരു വ്യർത്ഥ സ്വപ്നമായിത്തീരുകയാണ്. മഹാദുഃഖങ്ങളുടെ വിലാപങ്ങളും കഠിനവേദനകളുടെ ദീനരോദനങ്ങളും മാത്രം സ്മരണകളായി അവശേഷിപ്പിച്ച്, ചരിത്രത്തിൽ നിന്നും വിസ്മൃതമായിപ്പോവുന്ന മുസ്‌ലിംകളുടെ ഒരു ശോക സങ്കല്പമാണോ ഫലസ്തീൻ? ദൈവത്തിനല്ലാതെ ഫലസ്തീനികളെ രക്ഷിക്കാൻ മറ്റൊരു രക്ഷകനുമില്ല. മുസ്‌ലിംകളെ ഗ്രസിച്ച ഭിന്നതയിൽ നിന്നും, നേതൃരാഹിത്യത്തിൽ നിന്നും രക്ഷപ്പെടാൻ ദൈവിക പരിഹാരമല്ലാതെ മറ്റൊന്നുമില്ല എന്ന് മുസ്‌ലിം ലോകം അറിയുക. ജൂതരോടും അമേരിക്കയോടും പാശ്ചാത്യരോടുമുള്ള ഭീതിയും ദുർബലരായ വികാരജീവികളുടെ നേർത്ത ജിഹാദ് വിളികളുമല്ലാതെ മറ്റെന്തെങ്കിലും പരിപാടികൾ ലോകമുസ്‌ലിംകൾക്കുണ്ടോ? റസൂൽ തിരുമേനി (സ)യാൽ പ്രവചിതമായ ഒരു കാലഘട്ടത്തിന്റെ ശക്തിമത്തായ ദൃഷ്ടാന്തങ്ങളാണ് ഇതെല്ലാം. അവിടന്ന് വാഗ്ദാനം ചെയ്ത ഒരു മഹാത്മാവ് മുഖേനയുള്ള ആത്മീയ പുനരുജ്ജീവനത്തിലൂടെ മാത്രമേ മുസ്‌ലിം സമുദായത്തിന്ന് ഇനി അഭിമാനാർഹമായ ഒരു കാലത്തിലേക്ക് എത്തിച്ചേരാൻ സാധിക്കൂ. അത് വേഗത്തിൽ വന്നു ഭവിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ●

## വാർത്തകൾ

## തഹ്‌രീക്ക് ജദീദ് അറിയിപ്പ്

മുസ്‌ലിഹ് മൗഊദ് ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി(റ) നാൽ സ്ഥാപിതമായ തഹ്‌രീക്ക് ജദീദ് വിഹിതം അധികരിപ്പിക്കാനും കുടിശ്ശിക അടച്ചുതീർക്കാനും അഭ്യർത്ഥിക്കുന്നു.

**വക്കീലുൽ ആലാ, തഹ്‌രീക് ജദീദ്, ഖാദിയാൻ**

# തർബിയത്ത് വാരം ആചരിച്ചു

എറണാകുളം: അനുഗൃഹീതമായ അഹ്മദിയ്യാ ഖിലാഫത്തിന്റെ അടുത്ത വർഷം വരാനിരിക്കുന്ന ശതവാർഷികത്തോടനുബന്ധിച്ച് തർബിയത്തീപരമായ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരളയുടെ ആഭിമുഖ്യത്തിൽ 2007 ജൂൺ 17-ാം തീയതി മുതൽ 24-ാം തീയതി വരെ ജമാഅത്തുകളിൽ തർബിയത്ത് വാരം ആചരിച്ചു. കരുനാഗപ്പള്ളി മസ്ജിദിൽ തുടക്കം കുറിച്ച തർബിയത്ത് വാരത്തിന്റെ സമാപനസമ്മേളനം എറണാകുളം മസ്ജിദ് ഉമറിൽ വെച്ച നടന്നു. മേഖലാഅമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ തർബിയത്ത് സെക്രട്ടറി മൗലവി നൂറുദ്ദീൻ സാഹിബ് (ഖാദിയാൻ) ഉദ്ബോധനപ്രഭാഷണം നടത്തി. ജീവിതം വഖ്ഫ് ചെയ്തവർ മുബല്ലിഗുമാരായിത്തീരാൻ കൂടുതൽ പരിശ്രമിക്കണമെന്ന ഖലീഫാ തിരുമനസ്സിന്റെ നിർദ്ദേശം മൗലവി സാഹിബ് ഓർമ്മപ്പെടുത്തി. ബദൽ ജീവിത പഠനകേന്ദ്രം ഡയറക്ടർ ശ്രീ. വർഗ്ഗീസ് പോൾ വ്യക്തിത്വ വികസനത്തെക്കുറിച്ചും മൗലവി ശംസുദ്ദീൻ സാഹിബ് ദൈവദത്തമായ കഴിവുകൾ ഉപയോഗിക്കേണ്ടവിധത്തെക്കുറിച്ചും ക്ലാസെടുത്തു. ഖലീഫാ തിരുമനസ്സിന്റെ ഖുത്വുബയെ അടിസ്ഥാനമാക്കി മൗലവി നാസിർ അഹ്മദ് സാഹിബ് നയിച്ച ചർച്ചാവേദിയിൽ മൗലവി അൻസാർ മഹ്ദി സാഹിബ്, മൗലവി നജീബ് ഖാൻ സാഹിബ്, കൊച്ചി ജമാഅത്ത് പ്രസിഡന്റ് ജോസഫ് സാദിഖ് സാഹിബ്, ഷാഹുൽ ഹമീദ് സാഹിബ് ഏ.എസ്. നൗഷാദ് സാഹിബ്, സി. നാസിറുദ്ദീൻ സാഹിബ്, ഖലിം സാഹിബ് എന്നിവർ പങ്കെടുത്തു.

**- ബി.എ. മുഹമ്മദ് നജീബ്**



എറണാകുളം മസ്ജിദ് ഉമറിൽ സംഘടിപ്പിച്ച തർബിയത്ത് വാരയോഗത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ തർബിയത്ത് സെക്രട്ടറി മൗലവി നൂറുദ്ദീൻ സാഹിബ് പ്രഭാഷണം നടത്തുന്നു. സൗത്ത് കേരള ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ്, മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ്, മൗലവി ശംസുദ്ദീൻ സാഹിബ് എന്നിവർ സമീപം.

## തിരോഭവിക്കുന്ന പണ്ഡിതന്മാരും അവശേഷിക്കുന്ന മൂഢന്മാരും

ഇബ്നു ഉമറി(റ)ൽ നിന്നു നിവേദനം: തിരുമേനി (സ) ഇങ്ങിനെ അരുളി: മനുഷ്യർക്ക് ജ്ഞാനം നൽകിയ ശേഷം ഒറ്റയടിക്ക് അവരിൽ നിന്ന് ആ ജ്ഞാനം അവർ പിടിച്ചെടുക്കുകയില്ല. പണ്ഡിതന്മാരെ മരണപ്പെടുത്തുക വഴിക്കാണ് വിദ്യയെ മനുഷ്യനിൽ നിന്നും അവൻ പിടിച്ചെടുക്കുക. അവസാനം കുറെ മൂഢന്മാർ അവശേഷിക്കും. അവരോട് മനുഷ്യർ മതവിധികൾ ആവശ്യപ്പെടും. അപ്പോൾ സ്വന്തം അഭിപ്രായമനുസരിച്ച് അവർ വിധി കല്പിക്കും. അങ്ങനെ അവർ സ്വയം വഴി പിഴക്കുകയും മറ്റുള്ളവരെ വഴി പിഴപ്പിക്കുകയും ചെയ്യും

***നബിവചനം (ബുഖാരി)***